# സത്യദൂതൻ

2014 ഡിസംബർ | ലക്കം 12

വില ₹ 20




## പ്രാപഞ്ചിക സത്യങ്ങൾ തേടുന്ന ഫ്രാൻസിസ് മാർപാപ്പ

## യേശുവിന്റെ അജ്ഞാത ജീവിതം


Ahmadiyya Mosque,Ghana


Central Ahmadiyya Mosque Tamale, Ghana




The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ


2014 ഡിസംബർ
ഹി.ശ.1394 – ഫത്ഹ്
1436 – സഫർ – റ. അവ്വൽ
പുസ്തകം 86 ലക്കം 12
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്വ്ബ
**ഉന്നത നിലവാരം കരസ്ഥമാക്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)


അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 നവമ്പർ 14 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം


**11**
**പ്രവാചകന്മാരും പടയാളികളും**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)


അധികാര ശക്തിയും ആയുധപ്രയോഗവും കൊണ്ട് ഇസ്‌ലാമിനെവിജയിപ്പിക്കാമെന്ന മൗലാനാ മൗദൂദിയുടെ സിദ്ധാന്തം വിശുദ്ധ ഖുർആന്റെയും മുഹമ്മദ് നബി(സ) യുടെയും അദ്ധ്യാപനങ്ങൾക്ക് കടക വിരുദ്ധമാണ്. മൗലാനാ മൗദൂദിയുടെ വിചിത്രമായ സന്മാർഗവാദത്തിനും തീവ്രമായ ഭീകരവാദത്തിനും കാരണം അദ്ദേഹത്തിന്റെ പ്രത്യേകമായ മാനസിക നിലയാണ്.


**16**
**അറബ്‌ലോകം: രണ്ടാം ആത്മീയ വിപ്ലവത്തിന് അരങ്ങൊരുങ്ങുന്നു**
മുഹമ്മദ് ശരീഫ് ഔദ


**20**
**മുഹമ്മദ് നബി(സ)യെക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങൾ**
ബി.ബി. അഹ്മദ് കബീർ

**23**
**ഇമാമുമാർ യുവാക്കളെ വഴിതെറ്റിക്കുന്നു**
മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു..)

**25**
**യേശുവിന്റെ അജ്ഞാത ജീവിതം**
എൻ. ഇ. ഹഖ്

**29**
**വിവാഹ മോചനനിയമങ്ങൾ: ഇസ്‌ലാമികവും ആധുനികവും**
ഡോ. കൗസർ ഇടപ്പകത്ത്

**31**
**ഖിലാഫത്ത് പ്രസ്ഥാനവും കോഴിക്കോട്ടെ മുസ്‌ലിംകളും**
പരപ്പിൽ മുഹമ്മദ് കോയ

**37**
**പ്രാപഞ്ചിക സത്യങ്ങൾ തേടുന്ന ഫ്രാൻസിസ് മാർപാപ്പ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

അല്ലാഹുവിന്റെ പ്രവാചകനായ ഈസബ്നു മറിയമിനെ തങ്ങൾ കൊന്നിരിക്കുന്നുവെന്ന് അവർ (യഹൂദികൾ) വാദിക്കുന്നകാരണ ത്താലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). എന്നാൽ വാസ്തവമിതാണ്. അവർക്ക് അദ്ദേഹത്തെ വധിക്കാനോ ക്രൂശിച്ചു കൊലപ്പെടുത്താനോ സാധിച്ചിരുന്നില്ല. എന്നാൽ അവർക്ക് അദ്ദേഹം (കുരിശിൽ മരിച്ച ആളെ പോലെ) സദൃശീകരിക്കപ്പെടുകയാണുണ്ടായത്. വെറും ഊഹാ പോഹത്തെ പിന്തുടരുന്നതല്ലാതെ ഇത് സംബന്ധിച്ച് ശരിയായ അറിവ് അവർക്കില്ല. അവർക്കദ്ദേഹത്തെ കൊലപ്പെടുത്തുവാൻ സാധിച്ചിട്ടില്ലെന്ന് ഉറപ്പാണ്. എന്നാൽ അല്ലാഹു അദ്ദേഹത്തെ തന്നിലേക്കുയർത്തുകയാ ണുണ്ടായത്. (4:158,159)





## നബിവചനം

(അല്ലയോ മുസ്ലിംകളെ) നിങ്ങൾക്ക് നിങ്ങളിൽ നിന്നുള്ള ഇമാമായി ഈസബ്നു മറിയം നിങ്ങളിൽ ഇറങ്ങുമ്പോൾ നിങ്ങളുടെ സ്ഥിതി എന്തായിരിക്കും?

## വാഗ്ദത്ത മസീഹിന്റെ വചനം

വാഗ്ദത്ത മസീഹിന്റെ ആകാശത്ത്നിന്നുള്ള ഇറക്കം വെറുമൊരു വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്ന് ആരും ഇറങ്ങി വരുന്നതല്ലെന്ന് നല്ല വണ്ണം ധരിച്ചു കൊൾവിൻ! ഇന്നു ജീവിച്ചിരിക്കുന്ന എന്റെ എതിരാളികളെല്ലാം മരിച്ചൊടുങ്ങും. എന്നാൽ അവർക്ക് ആകാശത്ത് നിന്ന് ഈസബ്നു മറിയം ഇറങ്ങി വരുന്നതായി കാണാൻ സാധിക്കുന്നതല്ല. അതിന് ശേഷം അവരുടെ സന്താനങ്ങളും മറിയമിന്റെ പുത്രൻ ഈസാ(അ) ഇറങ്ങുന്നത് കാണാതെ മരണമടയും. പിന്നെ ആ സന്തതികളുടെ സന്താനങ്ങളും ഈസാ നബിയെ കാണാതെ നിരാശരായി മരണമടയുന്നതാണ്. അപ്പോൾ അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഉളവാകും. കാരണം അന്നു കുരിശിന്റെ മേധാവിത്വ കാലം കഴിഞ്ഞു പോകുകയും ലോകം ഒരു നവീന ഘട്ടത്തിൽ പ്രവേശി ക്കുകയും ചെയ്തിട്ടുണ്ടാവും. എന്നാലും മറിയമിന്റെ മകൻ ഈസാ അതുവരെയും ഇറങ്ങി വന്നിരിക്കുകയില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തു തുടങ്ങും.

***(തദ്കിറത്തു ശഹാദതൈൻ)***



# എതിർക്കുന്നവരുടെ സ്ഥിതിയെന്താണ്?

ആത്മീയാസ്തിത്വത്തിലും അതിന്റെ ഭാവങ്ങളിലും ഐക്യ രൂപമുണ്ടെങ്കിലും മനുഷ്യ സമൂഹത്തിന്റെ പ്രാഥമികാവസ്ഥയും ആധുനിക കാലത്തെ അവസ്ഥയും തമ്മിൽ വളരെയധികം അന്തരമുണ്ട്. പ്രാചീന മനുഷ്യന്റെയും ആധുനിക മനുഷ്യന്റെയും പ്രശ്നങ്ങൾ വിഭിന്നങ്ങളാണ്. മനുഷ്യ സമൂഹത്തിന്റെ വിവിധങ്ങളായ വികാസഘട്ടങ്ങളിലും അവസ്ഥകളിലും ദേശീയവും പ്രാദേശികവുമായ ഭിന്ന വർണങ്ങളും വൈവിധ്യങ്ങളും സ്വാംശീകരിച്ചു കൊണ്ട് ദൈവം അതാത് ജനതകളിൽ നിന്ന് അവന്റെ ദൂതന്മാരിലൂടെ മാർഗ ദർശനങ്ങൾ നൽകികൊണ്ടിരുന്നു. ഖുർആൻ പറയുന്നു: ***'ഓരോ സമുദായത്തിലും നാം ഒരോ ദൂതനെ നിയോഗിച്ചിട്ടുണ്ട്.'(16:37)***

മനുഷ്യസമൂഹത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ ഇങ്ങനെ പ്രവാചകന്മാർ വന്നുകൊണ്ടിരുന്നു. തുടക്കത്തിൽ തന്നെ പരിപൂർണമായ ഒരു ഗ്രന്ഥം നൽകേണ്ട ആവശ്യമില്ല. വാഗ്ദത്ത മസീഹ് (അ) ഇത് സംബന്ധിച്ച് പറയുന്നു:

*'യുക്തി പൂർവം ചിന്തിക്കുമ്പോൾ, സൃഷ്ടിയുടെ പ്രഥമ ഘട്ടത്തിൽ അവതരിച്ച ഗ്രന്ഥം ഒരു സമ്പൂർണ ഗ്രന്ഥമായിരിക്കില്ല. കുട്ടികൾക്ക് അക്ഷരമാല പഠിപ്പിച്ചു കൊടുക്കുന്ന ഒരു അദ്ധ്യാപകനെ പോലെ യായിരിക്കും അത്. അത്തരത്തിൽ പ്രാഥമികമായ അദ്ധ്യാപനം നടത്താൻ വലിയ കഴിവുകൾ ആവശ്യമില്ല എന്ന കാര്യം വ്യക്തമാണ്. മനുഷ്യന്റെ അനുഭവങ്ങൾ അധികരിക്കുകയും അവൻ നിരവധി പ്രമാദങ്ങളിൽ പതിക്കുകയും ചെയ്യുമ്പോൾ, പ്രത്യേകിച്ച് പിഴവുകളുടെ അന്ധകാരം വ്യാപകമാവുകയും മനുഷ്യാത്മാവ് ധൈഷണികവും പ്രായോഗികവുമായ നിരവധി തെറ്റുകളിൽ ആമഗ്നനാവുകയും ചെയ്യുമ്പോൾ വിശദമായ അദ്ധ്യാപനങ്ങൾ ആവശ്യമായിവരും. അത്തരം ഒരു സന്ദർഭത്തിൽ സമുന്നതവും സമ്പൂർണവുമായ ഒരു അദ്ധ്യാപനത്തിന്റെ ആവശ്യമുണ്ടാവുകയും വിശുദ്ധ ഖുർആൻ സമാഗതമാവുകയു ചെയ്തു.*

*ആരംഭഘട്ടത്തിൽ മനുഷ്യാത്മാവ് വളരെ ലളിതമായിരുന്നതിനാൽ അന്ധകാരമോ മാർഗ ഭ്രംശമോ പുരണ്ടിരുന്നില്ല. ഈ ഘട്ടത്തിൽ ഉന്നതമായ അദ്ധ്യാപനങ്ങളുടെ ആവശ്യമുണ്ടായിരുന്നില്ല. എന്നാൽ അതി തീവ്രമായി വഴിപിഴപ്പിക്കപ്പെട്ട നാളുകളിൽ അബദ്ധ സിദ്ധാന്തങ്ങൾ ഉറച്ചു പോകുകയും പിഴച്ച ശീലങ്ങൾ സ്വാഭാവമായി തീരുകയും ചെയ്ത ഒരു ജനതയുടെ സംസ്ക്കരണത്തിന് വേണ്ടി അത്യുന്നതമായ അദ്ധ്യാപനങ്ങൾ ആ ഗ്രന്ഥത്തിൽ ആവശ്യമായിവന്നു.' (ചശ്മെ മഅ്രിഫ, റുഹാനി ഖസായിൻ, വാ. 23, പേ 70)*

മനുഷ്യന്റെ മൗലിക പ്രധാനമായ ആത്മീയവും ധാർമികവുമായ പ്രശ്നങ്ങൾക്കുള്ള സമ്പൂർണ പരിഹാരമായിട്ടാണ് ന്യായപ്രമാണ ഗ്രന്ഥമായ വിശുദ്ധ ഖുർആൻ അവതരിച്ചത്. പക്ഷേ അവന്റെ സാമൂഹിക പരിസരം ആകെ മാറിയിരിക്കുന്നു. ആധുനിക മനുഷ്യൻ അവന്റെ ഭൗതിക വികാസത്തിന്റെ നാഴിക കല്ലുകൾ അതി ശീഘ്രം താണ്ടുകയാണ്. കഴിഞ്ഞ നുറ്റാണ്ട് അതിന്റെ സാക്ഷ്യപത്രമാണ്. മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളുമായി സംവദിക്കുകയും അതിന്റെ അഭിരുചികളെ ശമിപ്പിക്കുകയും ചെയ്യുന്ന മനുഷ്യൻ നിർമിച്ച ഈ ഭൗതിക സാമൂഹ്യ ലോകം പ്രശ്ന സങ്കീർണമാണ്. ആശയക്കുഴപ്പമുണ്ടാക്കുന്ന ഈ അവസ്ഥയിൽ മനുഷ്യന്റെ ധാർമികവും ആത്മീയവുമായ ആവശ്യങ്ങൾ പൂർത്തീകരിച്ച് അവന് മാർഗദർശനം നൽകാനും ദൈവിക വചനങ്ങളുടെ പുനർവ്യാഖ്യാനങ്ങളും നവീകരണവും വാജീകരണവും ആവശ്യമാണ്. വെളിപാടുകൾ വരുന്ന അതേ മാർഗത്തിലും അതേ ആധികാരികതയിലും ഒരു ദിവ്യാത്മാവിനെ നിയോഗിച്ചു കൊണ്ട് ദൈവം തന്നെയാണ് ആ കൃത്യം നിർവഹിക്കുക. അല്ലാതെ കക്ഷിത്വത്തിന്റെ പ്രതിനിധികളായ പണ്ഡിതന്മാരിലൂടെയല്ല. വിശുദ്ധ ഖുർആൻ പറയുന്ന ഒരു സനാതന തത്ത്വം നോക്കൂ:

***'ആദം സന്തതികളേ, എന്റെ ആയത്തുകൾ നിങ്ങൾക്ക് വിവരിച്ചു തരുന്ന നിങ്ങളിൽ നിന്നുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ ആര് സൂക്ഷ്മത കൈകൊള്ളുകയും സ്വയം നന്നാക്കുകയും ചെയ്യുന്നുവോ അവർക്ക് യാതൊരു ഭയവുമുണ്ടായിരിക്കുകയില്ല.അവർ വ്യസനിക്കുകയുമില്ല.'(7:36)***

മുസ്ലിം ലോകം പ്രതീക്ഷാപൂർവം കാത്തിരിക്കുന്ന മസീഹും മഹ്ദിയുമായ മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) യാണ് പ്രശ്നസങ്കീർണമായ ലോകത്തിന്റെ പ്രശ്ന പരിഹാര പുരുഷൻ. അദ്ദേഹം ആഗതനായി ഒരു നുറ്റാണ്ടു കഴിഞ്ഞിരിക്കുന്നു. ഈസാ മസീഹി(അ)നെ നിഷേധിച്ച യഹൂദരുടെ ചരിത്രം മറ്റാരേക്കാളും മുസ്ലിംകൾക്കറിയാം. ഭരണാധികാരം പ്രതീക്ഷിച്ച് രാജകീയ പ്രൗഢിയിൽ ആഗതനാകുമെന്ന് കരുതി നിറം പിടിപ്പിച്ച ഭാവനകളുമായി കാത്തിരുന്ന യഹൂദരുടെ മുമ്പിൽ നിസ്സ്വനായ ഫക്കീറിനെ പോലെ വന്നുനിന്ന ഈസാ മസീഹിനെ അവർ നിഷ്ക്കരുണം നിഷേധിക്കുകയും ക്രൂശിക്കുവാൻ ധൃഷ്ടരാകുകയും ചെയ്തു. ഈ ചരിത്രപാഠം മുസ്ലിം ഭൂരിപക്ഷം മറന്നു പോയോ? മഞ്ഞുകട്ടയിൽ ഇഴഞ്ഞു പോയെങ്കിലും എന്റെ മഹ്ദിക്ക് ബൈഅത്ത് ചെയ്യണമെന്ന് പറഞ്ഞ റസൂൽ തിരുമേനി(സ)യുടെ ഉപദേശം സ്വീകരിക്കുന്നതിന് പകരം അവർ ചെയ്തു കൊണ്ടിരിക്കുന്നതെന്താണ്?!!. റസൂൽ(സ) തിരുമേനിയുടെ പ്രവചന പ്രകാരം അല്ലാഹു അയച്ച ആ മഹാത്മാവിനെ യഹൂദർ ചെയ്തത് പോലെ മുസ്ലിം ഭൂരിപക്ഷം നിരാകരിക്കുകയും. ആ മഹാത്മാവിൽ വിശ്വസിച്ചവരെ ദ്രോഹിക്കുകയും ചെയുകയാണ്. എന്നിട്ട് മസീഹ് വരുമെന്ന പ്രതീക്ഷയിൽ ആകാശം നോക്കിയിരിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ ആഗോളതലത്തിൽ മുസ്ലിംകൾക്ക് അഭിവൃദ്ധിയാണോ അധോഗതിയാണോ ഉണ്ടായിട്ടുള്ളത്?!! ബുദ്ധിമാന്മാരും ദൈവഭയമുള്ളവരുമായ മുസ്ലിംകൾ ചിന്തിക്കട്ടെ.!!

അരക്ഷിതരായ മുസ്ലിം ലോകം ഇന്ന് കലാപ സാന്ദ്രമാണ്. പാശ്ചാത്യ കോയ്മക്ക് കീഴിൽ അടിമകളായി കഴിയുന്ന മുസ്ലിംകൾ ഭീകരവാദികളും തീവ്രവാദികളുമാണെന്ന് മുദ്രകുത്തപ്പെട്ടിരിക്കുന്നു. നാൾക്കുനാൾ ഈ സ്ഥിതി ഭയാനകമായി വരുന്നു. മുസ്ലിംകളുടെ ആത്മീയവും ഭൗതികവുമായ പുരോഗതിക്കും ഇസ്ലാമിന്റെ ആഗോള വിജയത്തിനും അല്ലാഹു അയച്ച മഹാത്മാവിനെയും അദ്ദേഹം സ്ഥാപിച്ച ഖിലാഫത്ത് വ്യവസ്ഥയേയും എതിർക്കുന്നവരുടെ ഗതി എന്തുകൊണ്ട് ഇങ്ങിനെയായി ?!! അതിനുള്ള ഉത്തരമാണ് ഒരു ചരിത്ര പാഠം എന്ന നിലക്ക് വിശുദ്ധ ഖുർആൻ നൽകുന്നത്.

***'പക്ഷേ അവർ (പ്രവാചകന്മാരെ) നിഷേധിച്ചു. അപ്പോൾ അവർ പ്രവർത്തിച്ചു കൊണ്ടിരിരുന്നതിന്റെ ഫലമായി നാം അവരെ പിടിച്ചു ശിക്ഷിച്ചു'( 7: 97)***



ഹദ്റത്ത് അഹ്മദ് (അ)

# ഭക്തരായിരിക്കുക; ബാക്കി ദൈവം നോക്കികൊള്ളും

കടുപ്പമുള്ളതും പരുപരുത്തതുമായ കാര്യം കേൾക്കേണ്ട അവസരം ആർക്കെങ്കിലുമുണ്ടായാൽ അവർ അവിടെ നിന്നും മാറിക്കളയട്ടെ. ഞാൻ ദൃഢതയോടും യാഥാർഥ്യ ബോധത്തോടും കൂടി പറയുന്നു. നമ്മെ സഹായിക്കാൻ ദൈവിക സന്നിധിയിൽ പ്രത്യേകം തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുന്നതായി ഞാൻ കാണുന്നു. നമ്മുടെ ഭാഗത്ത് നിന്ന് എല്ലാ രീതിയിലും ജനങ്ങളുടെ മേൽ ഹുജ്ജത്ത് അഥവാ ന്യായ പൂർത്തിയുണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അവന്റെ മുൻകാല സുന്നത്ത് അഥവാ നടപടിക്രമം അനുസരിച്ച് ന്യായപൂർത്തി യായതിന് ശേഷം താൻ ചെയ്യാനുള്ള കൃത്യം അല്ലാഹു ഇപ്പോൾ ചെയ്യാനുദ്ദേശിച്ചിരിക്കുന്നു. നമ്മുടെ ജമാഅത്തിൽപെട്ടവർ സഭ്യമല്ലാത്ത സംസാരങ്ങളിൽ നിന്നും നിരർഥകമായ വിവാദങ്ങളിൽ നിന്നും പിന്മാറാത്തതുകൊണ്ട് ദൈവിക കൃത്യങ്ങളിൽ താമസവും തടസ്സവും ഉണ്ടാകുമോ എന്നു ഞാൻ ഭയപ്പെടുന്നു. കാരണം തന്റെ ഔദാര്യവും അനുഗ്രഹവും കണക്കറ്റ രീതിയിൽ ഉണ്ടാകുന്നവരിലും തന്റെ അടയാളങ്ങൾ കാണിച്ചു കഴിഞ്ഞിട്ടുള്ളവരിലുമാണ് എപ്പോഴും അവന്റെ നീരസം ഉണ്ടാകുന്നത്. അത്തരക്കാരോട് കോപിക്കു കയും അവർക്കെതിരെ നിൽക്കുകയും അവരെ നിന്ദിക്കുകയും ചെയ്യുന്നവരിലേക്ക് അവനൊരിക്കലും ശ്രദ്ധപതിപ്പിക്കാറില്ല. കാരണം അത്തരം ആളുകൾക്കെതിരിൽ അവന്റെ അന്തിമ വിധി നടപ്പിൽ വരേണ്ടതുണ്ട്. ഇതാണ് അല്ലാഹുവിന്റെ രീതി. എന്തെന്നാൽ ഒരു ഭാഗത്ത് നബി (സ) തിരുമേനിയോട് പറയുന്നു: ***'അതിനാൽ നിശ്ചയ ദാർഢ്യമുള്ള ദൂതന്മാർ സഹനം കൈക്കൊണ്ടത് പോലെ സഹനം കൈകൊള്ളുക.' (47:36)*** വീണ്ടും ഖുർആൻ പറയുന്നു: ***'നീ ആ മത്സ്യക്കാരനെ പോലെ യാകരുത്.' (68: 49) 'നിനക്ക് കഴിവുണ്ടെങ്കിൽ ഭൂമിക്കടിലേക്കൊരു തുരങ്കം അന്വേഷിച്ചു കൊള്ളട്ടെ' (6:36)*** ന്യായപൂർത്തിയുമായി ബന്ധപ്പെട്ട ഈ നീരസത്തിന് കാരണം, നബി (സ) വിശ്വാസികൾക്കെതിരായി എത്രയും പെട്ടെന്ന് തീരുമാനമുണ്ടാകണമെന്ന് ആഗ്രഹിച്ചതാണ്. എന്നാൽ അല്ലാഹു തന്റെ ഗുണവിശേഷങ്ങളുടേയും നടപടി ക്രമങ്ങളുടെയും അടിസ്ഥാനത്തിൽ വലിയ ക്ഷമയോടും സൗമ്യതയോടും പ്രവർത്തിക്കുന്നു. പക്ഷേ അവസാനം നബി (സ) തിരുമേനിയുടെ ശത്രുക്കളെ ഞെക്കിയും ഞെരുക്കിയും അവരുടെ പേരും പാടുമവശേഷിക്കാത്ത വിധം അല്ലാഹു നശിപ്പിച്ചു കളഞ്ഞു. നമ്മുടെ ചിലയാളുകൾ ജമാഅത്തിനെ സംബന്ധിച്ച് ശകാര വാക്കുകളും കളവ് കെട്ടിച്ചമച്ച് പറയലും ചീത്തപറച്ചിലും കേട്ട് അസ്വസ്ഥ ചിത്തരാകാനും എടുത്തു പാടാനും സാധ്യതയുണ്ട്. എന്നാൽ നബി(സ) തിരുമേനി യോട് അല്ലാഹുവിന്റെ പെരുമാറ്റം അവരെപ്പോഴും മുന്നിൽ കാണണം. അതുകൊണ്ട് ഞാൻ വീണ്ടും പിന്നെയും പിന്നെയും താക്കീതോടുകൂടി കൽപ്പിക്കുന്നു. മാത്സര്യത്തിന്റെയും വിവാദത്തിന്റെയും സദസ്സുകളിൽ നിന്നും വെല്ലു വിളികളിൽ നിന്നും കൂട്ടം ചേർന്നു നടത്തുന്ന ആഘോഷ പരിപാടികളിൽ നിന്നും മാറിനിൽക്കുക. എന്തുകൊണ്ടെന്നാൽ ഏതൊരു പ്രവർത്തിയാണോ നിങ്ങൾ ചെയ്യാനാഗ്രഹിക്കുന്നത് അതായത് ശത്രുക്കളുടെ മേൽ ഹുജ്ജത്ത് പൂർത്തിയാക്കുക എന്നത്, അല്ലാഹു താൻ തന്നെ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നു. നിങ്ങൾ ഇപ്പോൾ ചെയ്യേണ്ടത് പ്രാർഥനകളിലും പാപപ്പൊറുതി തേടുന്നതിലും അല്ലാഹുവിനെ ആരാധിക്കുന്നതിലും മനശ്ശുദ്ധീകരണം വരുത്തുന്നതിലും മുഴുകുകയാണ്. അങ്ങനെ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്ന ഔദാര്യങ്ങൾക്കും കടാക്ഷത്തിനും സ്വയം അർഹരായി തീരുക. അല്ലാഹു എന്നോട് വലിയ വലിയ വാഗ്ദാനങ്ങൾ ചെയ്തിട്ടുണ്ട്. പ്രവചനങ്ങളുമുണ്ട്. അതു പൂർത്തിയാകുമെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. എന്നാൽ നിങ്ങൾ ആവശ്യമില്ലാതെ തമ്മിൽ അഹങ്കരിക്കരുത്. എല്ലാത്തരം അസൂയ, കുശുമ്പ്, പക, പരദൂഷണം, അഹങ്കാരം പൊങ്ങച്ചം, ദുഷ്ക്കർമത്തിന്റെ രഹസ്യവും പരസ്യവുമായ വഴികൾ, അലസത, അശ്രദ്ധ തുടങ്ങിയവയിൽ നിന്നെല്ലാം രക്ഷപ്പെടുക. നല്ലവണ്ണം ഓർത്തുകൊള്ളുക ശുഭപര്യവസാനം എപ്പോഴും ഭക്തജനങ്ങൾക്കുള്ളതാണ് അതുകൊണ്ട് മുത്തഖിയാകുന്നതിനെക്കുറിച്ച് ചിന്തിച്ചു കൊള്ളുക. ***(അൽഹക്കം 1902 മെയ് 31)***



# ഉന്നത നിലവാരം കരസ്ഥമാക്കുക

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 നവമ്പർ 14 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽനിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**ഇ**ന്നും ഞാൻ ഖലീഫത്തുൽ മസീഹ് ഥാനി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിച്ചിട്ടുള്ള സംഭവങ്ങളാണ് പറയുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിതത്തിന്റെ വിവിധ വശങ്ങളിലേക്ക് വെളിച്ചം വീശുന്നതാണത്. ഇപ്രകാരംതന്നെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ജീവിതത്തിലെ ചില വശങ്ങളും ഇതിൽ സുവ്യക്തമാകുന്നുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: “ഞാൻ ജ്ഞാനപരമായ നിലയിൽ പറയുകയാണ്, ഞാൻ ഹദ്റത്ത് സാഹിബിനെ അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എന്റെ പിതാവായതുകൊണ്ടല്ല വിശ്വസിച്ചിട്ടുള്ളത്. എനിക്ക് പതിനൊന്ന് വയസ്സിനോടടുത്ത പ്രായമായിരുന്നുഅന്ന്. അന്ന് ഞാൻ, എന്റെ അന്വേഷണത്തിൽ അദ്ദേഹം നഊദുബില്ലാഹ് കള്ളനാണെന്ന് തെളിഞ്ഞാൽ വീട്ടിൽ നിന്നിറങ്ങിപ്പോകുന്നതാണെന്ന ഉറച്ച തീരുമാനം എടുക്കുകയുണ്ടായി. എന്നാൽ, എനിക്ക് അദ്ദേഹം സത്യാവാനാണെന്ന് മനസ്സിലായി. എന്റെ ഈമാൻ വർധിച്ചുകൊണ്ടുപോകുകയും ചെയ്തു. ആ മഹാത്മാവ് വഫാത്തായപ്പോൾ എന്റെ ഉറച്ച വിശ്വാസം പിന്നേയും വർധിച്ചു. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു: ‘ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ നേരിട്ട് ബയ്അത്ത് ചെയ്തപ്പോൾ എന്റെ ബോധത്തിന്റെ നദിയുടെ ഉള്ളിൽ 10-ാം വയസ്സിൽ എനിക്ക് വിവരിക്കാൻ സാധിക്കാത്തവിധം ചലനങ്ങളുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞങ്ങളുടെ കുട്ടിക്കാലം മുതലേ ദുആകളെക്കുറിച്ച് പറയുകയും പ്രോത്സാഹനം തരികയും ആത്മവിശ്വാസം നല്കുകയും ചെയ്യുമായിരുന്നു. ഒരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ‘താൻ നിയോഗിച്ച മസീഹ് മൗഊദിനോട് അല്ലാഹു പറഞ്ഞു: **‘ഉജീബു കുല്ല ദുആയിക്ക ഇല്ലാ ഫീ ശുറക്കായിക്ക**. ബന്ധുക്കളെ സംബന്ധിച്ചൊഴികെയുള്ള നിന്റെ എല്ലാ ദുആകളും ഞാൻ സ്വീകരിക്കുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു:‘ഹെൻറി മാർട്ടിൻ ക്ലാർക്ക് കൊടുത്ത കേസ്സിന്റെ അവസരത്തിൽ, 9 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന എന്നോടു ദുആ ചെയ്യാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുമായിരുന്നു. വീട്ടുകാരോടും പരിചാരികമാരോടും ദുആ ചെയ്യാൻ പറഞ്ഞിരുന്നു. എല്ലാ ദുആകളും സ്വീകരിക്കുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള വ്യക്തി മറ്റുള്ളവരെക്കൊണ്ടും ദുആ ചെയ്യിക്കുന്നത് നിർബന്ധമായി മനസ്സിലാക്കുമ്പോൾ ബാക്കിയുള്ളവർ

ഇക്കാര്യത്തിലേക്ക് എത്രമാത്രം ശ്രദ്ധിക്കേണ്ടതാണ്. **'ഉജീബു കുല്ല ദുആയിക്ക ഇല്ലാ ഫീ ശുറക്കായിക്ക** എന്ന ഇൽഹാമീ ദുആയെ സംബന്ധിച്ച് ചിലർക്ക് അറിവുണ്ടാകുകയില്ല.

ഒരു കേസിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ദുആ ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ ചില അടുത്ത ബന്ധുക്കൾ കൊടുത്ത കേസ് നേരിടുകയായിരുന്ന ആ ഘട്ടത്തിൽ അദ്ദേഹം തന്റെ കുടുംബക്കാരോടു പറഞ്ഞു:'അനാവശ്യമായി കേസ് പറഞ്ഞ് പണം ചെലവഴിക്കണ്ട. കേസിൽ പരാജയപ്പെടുതന്നെ ചെയ്യും.' എന്തായാലും ലോയർകോർട്ടിൽ കേസിന്റെ വിധി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹോദരന് അനുകൂലമായിട്ടുണ്ടായി. പിന്നീട് എതിരാളികൾ അപ്പീൽ കൊടുത്തു. ചീഫ് കോർട്ടിലും എതിരാളികൾ പരാജയപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, ഇവർക്കെങ്ങനെയാണ് കേസിൽ വിജയിക്കാൻ കഴിയുക? കാരണം അല്ലാഹു വ്യക്തമായ നിലയിലാണ് പറഞ്ഞത് നിന്റെ എല്ലാ ദുആകളും സ്വീകരിക്കുമെന്ന്.

വളരെ പ്രസിദ്ധമായൊരു കേസായിരുന്നു ഭിത്തിക്കേസ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ കുടുംബത്തിലെ എതിരാളികൾ മസ്ജിദിലേക്കുള്ള വഴി ഭിത്തികെട്ടി അടച്ചു. വഴി തടഞ്ഞു. ചില അഹ്മദികൾ കോപാകുലരായി. അവർ ഭിത്തി പൊളിക്കാൻ ഉദ്ദേശിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, 'നമ്മുടെ ജോലി ക്ഷമിക്കുക എന്നതാണ്. നിയമങ്ങൾ പാലിക്കുക എന്നതാണ്.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ഭിത്തിപൊളിച്ച് നീക്കുന്നതായും ആളുകൾ ഓരോ ഇഷ്ടികയുമെടുത്ത് വലിച്ചെറിയുന്നതായും ഞാൻ സ്വപ്നം കണ്ടു. അതിനു മുമ്പേ കുറച്ചു മഴ പെയ്യുന്നതായും തോന്നുന്നുണ്ട്. അതേ അവസ്ഥയിൽ(സ്വപ്നത്തിൽ)ഞാൻ ഇങ്ങനേയും കണ്ടു, മസ്ജിദിന്റെ ഭാഗത്തുനിന്ന് ഹദ്റത്ത് ഖലീഫ ഔവ്വൽ(റ) നടന്നു വരികയാണ്. അദ്ദേഹം പറഞ്ഞു: കേസിന്റെ വിധി വരികയും ഭിത്തി പൊളിച്ചു നീക്കുകയും ചെയ്തപ്പോൾ സ്വപ്നത്തിൽ കണ്ടതുപോലെതന്നെ പുലർന്നു.' ഈ സ്വപ്നത്തെ കുറിച്ച് ഞാൻ ആദ്യമേ ഖലീഫ ഔവ്വലിനോടു പറഞ്ഞിരുന്നു. അതുകൊണ്ട് എന്നെ കണ്ടുടനെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഔവ്വൽ പറഞ്ഞു: മിയാ നോക്ക്! ഇന്ന് നിന്റെ സ്വപ്നം പുലർന്നിരിക്കുന്നു.

കുട്ടികളെ ഓമനിക്കുന്നതിനെ സംബന്ധിച്ച് ഒരിടത്ത് തന്റെ ഒരു സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: എനിക്ക് എന്റെ കുട്ടിക്കാലത്തെ കാര്യങ്ങൾ ഓർമയുണ്ട്. ഞങ്ങളുടെ ഉമ്മ ചിലപ്പോൾ വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ടു പറയുമായിരുന്നു, അവന്റെ തല വളരെ ചെറുതാണെന്ന്. അതായത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ. എനിക്കോർമയുണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, അത് സാരമില്ല. നമുക്ക് വേണ്ടുന്ന യഥാർഥ കാര്യം നമ്മൾ അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകൾ അറിയുകയും അതിൽ ചിന്തിക്കുകയും അതിന്റെ സത്ത ഗ്രഹിക്കുകയും വിശുദ്ധ ഖുർആൻ മനസ്സിലാക്കുകയുംചെയ്യുക എന്നതാണ്. ഇതുതന്നെയാണ് യാഥാർഥ്യം. ഇതുമുഖേന ബുദ്ധി തെളിമയാർന്നതായിത്തീരുന്നു.

സർക്കാറിനോടുള്ള കൂറിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഞാൻ കുട്ടിയായിരുന്നപ്പോൾ-അപ്പോൾ ബോധം വെച്ചു തുടങ്ങിയതേ ഉണ്ടായിരുന്നുള്ളു-ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാവിൽനിന്ന് സർക്കാറിനോടു കൂറുപുലർത്തണമെന്ന കല്പന ഞാൻ കേട്ടു. ആ കല്പന ഞാൻ എത്രത്തോളം പാലിച്ചുവെന്നാൽ ഇംഗ്ലീഷുകാർ നട്ട ചെടിയാണെന്ന് ആക്ഷേപം ഉന്നയിക്കുന്ന എന്റെ ഉറ്റസുഹൃത്തുക്കളോടുപോലും ഇക്കാര്യത്തിൽ ഭിന്നിക്കേണ്ടി വന്നു. കാരണം അവർ നമുക്ക് സ്വാതന്ത്ര്യം നല്കിയതുകൊണ്ട് ആ സർക്കാർ കാരുണ്യമാണെന്ന് പറഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരെ സ്തുതിക്കുകയാണ് ചെയ്തത്.

തൂലികകൊണ്ടുള്ള ജിഹാദിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: നബിമാരുടെ ഹൃദയങ്ങൾ നന്ദികൾകൊണ്ട് നിറഞ്ഞതായിരിക്കും. അതിനിസാരമായ കാര്യങ്ങൾപോലും അവർ വലിയ ഉപകാരമായിട്ടാണ് മനസ്സിലാക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ രാവും പകലും അച്ചടിച്ചുകൊണ്ടിരുന്ന കാലത്ത് ആ മഹാത്മാവിന് പല രാത്രികളിലും ഉറക്കമിളയ്ക്കേണ്ടി വന്നിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഞാൻ അദ്ദേഹം ജോലിചെയ്യുന്നത് കണ്ടുകൊണ്ട് പലപ്പോഴും ഉറങ്ങിയിട്ടുണ്ട്. ഇടയ്ക്ക് ഉണരുമ്പോഴും അവിടന്ന് ജോലിയിൽ വ്യാപൃതനായിരിക്കും; നേരം വെളുക്കുംവരെ!'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കൾ ആ മഹാത്മാവിനെ ആദരിക്കുകയും ആ മഹാത്മാവിന്റെ സ്ഥാനത്തെ എത്രമാത്രം ശ്രദ്ധിക്കുയും ഗൗനിക്കുകയും ചെയ്തിരുന്നുവെന്നാൽ, അതിനു വേണ്ടി അവർ ആരേയും വകവെക്കുമായിരുന്നില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)തന്റെ ഒരു സംഭവം വിവരിക്കുന്നുണ്ട്. ആ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഇസ്‌ലാമികമായ സൽസ്വഭാവങ്ങളും മര്യാദകളും ഉണ്ടെന്ന് നമ്മുടെ യുവാക്കൾ ഓർമവെക്കേണ്ടതാണ്. അവയിലേക്ക് എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്.' താൻ ചെയ്ത ഒരു ജുമുഅ ഖുത്‌ബയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'യുവാക്കളെ ഇസ്‌ലാമികമായ മര്യാദകൾ പഠിപ്പിക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നതേയില്ല. യുവാക്കൾ ഒരു മടിയും കൂടാതെ പരസ്പരം തോളിൽ കൈയിട്ട് ചുറ്റിക്കറങ്ങുന്നത് ഞാൻ കണ്ടിട്ടുണ്ട്. ചിലയാളുകൾ കുട്ടിക്കാലത്ത് നല്കിയിട്ടുള്ള ശിക്ഷണത്തിന്റെ സ്വാധീനം ഇപ്പോഴും എന്നിലുണ്ട്. ആ സംഭവം ഓർമവരു

മ്പോൾ അനിയന്ത്രിതമായി ഹൃദയത്തിൽനിന്ന് അവർക്കുവേണ്ടി ദുആ പുറപ്പെടുന്നു. ഒരിക്കൽ ഞാൻ ഒരു കുട്ടിയുടെ തോളിൽ കൈമുട്ട് വെച്ചുകൊണ്ട് നില്ക്കുകയായിരുന്നു. അപ്പോൾ മൗലവി അബ്ദുർറഹീം സാഹിബ് ദർദിന്റെ പിതാവ് മാസ്റ്റർ ഖാദിർ ബഖ്ശ് സാഹിബ് അങ്ങനെ കൈവെച്ചു നില്ക്കുന്നത് തടഞ്ഞു. അദ്ദേഹം പറഞ്ഞു: 'ഇത് ദുസ്വഭാവമാണ്.' അന്ന് എനിക്ക് 12, 13 വയസ്സുണ്ടാകും. പക്ഷേ, ആ ചിത്രം എന്റെ മുമ്പിൽ വരുമ്പോൾ ഹൃദയത്തിൽനിന്ന് ദുആ പുറപ്പെടുന്നു.

അതുപോലെതന്നെ മുറാദാബാദുകാരനായ ഒരു സ്വൂബേദാർ സാഹിബുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഒരു കാര്യവും എനിക്കോർമയുണ്ട്. ഗുരുദാസ്പൂരിൽ കേസ് നടക്കുന്ന സന്ദർഭം. ഞാൻ വർത്തമാനത്തിന്നിടയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ 'തും'എന്ന് സംബോധന ചെയ്തു. സ്വൂബേദാർ സാഹിബ് എന്നെ മാറ്റി നിറുത്തിക്കൊണ്ടു പറഞ്ഞു: 'താങ്കൾ(ആപ്) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മകനാണ്. ഞങ്ങൾക്ക് സന്ദർഭത്തിനനുസരിച്ച് ചില മര്യാദകളുണ്ട്. പക്ഷേ, ഒരു കാര്യം ഓർക്കുക!'തും'എന്ന പദം സമപ്രായക്കാർ തമ്മിലാണ് പറയുന്നത്. പുണ്യാത്മാക്കൾക്കുവേണ്ടി ഉപയോഗിക്കാറില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ 'തും'എന്ന പദം കൊണ്ട് സംബോധന ചെയ്യുന്നത് ഒരിക്കലും സഹിക്കാൻ കഴിയുകയില്ല.' ഇതു സംബന്ധമായി എനിക്കു കിട്ടിയ ആദ്യത്തെ പാഠമായിരുന്നു അദ്ദേഹം തന്നത്.

അതുകൊണ്ട് ഇസ്‌ലാമിക മര്യാദകളിൽ നമുക്കും പ്രത്യേകമായ നിലയിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഞങ്ങളും വിവിധ കളികളിൽ ഏർപ്പെടാറുണ്ടായിരുന്നു. ഞാൻ പൊതുവെ ഫുട്ട്ബോളാണ് കളിക്കാറുണ്ടായിരുന്നത്. ഖാദിയാനിൽ ചില ക്രിക്കറ്റ് കളിക്കാർ വന്നു. അവർ ഒരു ക്രിക്കറ്റ് ടീമുണ്ടാക്കി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഒരു ദിവസം അവർ എന്റെ അടുത്ത് വന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അടുക്കൽപോയി അദ്ദേഹത്തെ കളിക്കാനായി ക്ഷണിക്കണമെന്ന് പറഞ്ഞു. ഞാൻ ഉള്ളിൽപോയി. അവിടന്ന് പുസ്തകമെഴുതുന്ന തിരക്കിലായിരുന്നു. ഞാൻ ഉദ്ദേശ്യം പറഞ്ഞപ്പോൾ അവിടന്ന് പേന താഴെ വച്ചു. എന്നിട്ട് പറഞ്ഞു: 'നിങ്ങളുടെ ബോള് ഗ്രൗണ്ടിന് വെളിയിൽ പോകുകയില്ല. പക്ഷേ, ഞാൻ കളിക്കുന്ന ക്രിക്കറ്റ് ബോള് ലോകത്തിന്റെ അറ്റങ്ങളിലെത്തുന്നതാണ്.'

ഇപ്പോൾ നോക്കുക,ആ മഹാത്മാവിന്റെ ബോള് ലോകത്തിന്റെ അറ്റങ്ങൾവരെ എത്തിയില്ലേ? ആ ബോള് ഖാദിയാനിലിരുന്നുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഹെഡ്സ് ചെയ്തതാണ്. അത് ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കൊണ്ടിരിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)വീണ്ടും പറയുന്നു: "അധ്വാനം കൂടാതെ മതപരമോ ഭൗതികമോ ആയ ആദരവ് ഒരു മനുഷ്യനും കരസ്ഥമാക്കാൻ സാധ്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, 'നമ്മുടെ കാലത്ത് സകല ആദരവും അല്ലാഹു നമ്മളുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.' അതായത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഇക്കാലത്ത് എല്ലാ ആദരവും ഹദ്റത്ത് മസീഹ് മൗഊദുമായി ബന്ധപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ആരെങ്കിലും മതത്തിൽനിന്ന് ഫലമെടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അതിന്റെ മാർഗമിതാണ്: സ്വയം അല്ലാഹുവിന്റെ മുമ്പിൽകൊണ്ടുപോയി തന്നെ പൂർണമായും ഇടുക. ഓരോ സമുദായവും ഇങ്ങനെ ചെയ്യുകയാണെങ്കിൽ അവർക്ക് പ്രത്യേക അനുഗ്രഹമുണ്ടാകുന്നതാണ്. എല്ലാ രംഗത്തും വിജയം കരസ്ഥമാകുന്നതാണ്. നമ്മുടെ ജമാഅത്തും ഇതേ ചുവട് വെക്കേണ്ടത് നിർബന്ധമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തുകൊണ്ട് നമ്മൾ മറ്റുളളവരിൽനിന്ന് വിഭിന്നരായി കാണപ്പെടേണ്ടതാണ്. അല്ലാഹുവിന്റെ സത്തയിലുളള വിശ്വാസത്തിലും യഖീനിലും നമ്മൾ മറ്റുളളവരിൽനിന്ന് വിഭിന്നരായി കാണപ്പെടേണ്ടതാണ്. അതിൽ മറ്റുളളവരെക്കാൾ മികച്ചു നില്ക്കേണ്ടതാണ്. ആരാധനാ കർമങ്ങളിലും നമ്മൾ മറ്റുളളവരിൽനിന്ന് വിഭിന്നരായി കാണപ്പെടേണ്ടതാണ്. ഉന്നതമായ നിലവാരങ്ങൾ കരസ്ഥമാക്കാൻ ശ്രമിക്കുന്നവരും മറ്റുളളവരെ അപേക്ഷിച്ച് നമ്മളിൽ കൂടുതലുണ്ടാവേണ്ടതാണ്. ഉന്നതമായ സ്വഭാവങ്ങളിലും മറ്റുളളവരിൽനിന്ന് വിഭിന്നമായ നില കൈവരിക്കാൻ ശ്രമിക്കേണ്ടതാണ്. നിയമങ്ങൾ പാലിക്കുന്നതിലും നമ്മൾ മാതൃകയാവേണ്ടതാണ്. ചുരുക്കംപറഞ്ഞാൽ എല്ലാ കാര്യങ്ങളിലും ഒരു അഹ്മദിക്ക് മറ്റുളളവരെക്കാൾ മികച്ചതാവേണ്ട ആവശ്യമാണുളളത്. അപ്പോഴാണ് നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ ബയ്അത്തിൽനിന്ന് ശരിയായ ഫലമെടുക്കുന്നവരാകുന്നത്.

ഉപകാരത്തിന്റേയും സൽപെരുമാറ്റത്തിന്റേയും ഒരു സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിക്കുന്നു: 'ഒരിക്കൽ ഒരു സർക്കാർ ഓഫീസർ ഖാദിയാനിൽ വന്നു. അയാൾ പറഞ്ഞു:'ഇക്കൂട്ടർ നിങ്ങളുടെ നാട്ടുകാരാണ്. നിങ്ങൾ അവരോട് സൗമ്യത്തോടെ പെരുമാറുക.' ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അദ്ദേഹം ഇത് പറഞ്ഞപ്പോൾ ഹദ്റത്ത് സാഹിബ് പറഞ്ഞു: 'നമ്മെ ഉപദ്രവിക്കാവുന്ന ഏതെങ്കിലും അവസരം കിട്ടിയിട്ട് ഇയാൾ അത് ഉപയോഗിക്കാതിരുന്ന ഒരവസരം ഉണ്ടായിട്ടുണ്ടോ എന്ന് ഈ 'ബുഢേശാഹി' നോട് ചോദിക്കുക! എത്രമാത്രം നഷ്ടമുണ്ടാക്കാൻ കഴിയുമോ അത്രമാത്രം ഉണ്ടാക്കിയിട്ടില്ലേ? ഇയാൾക്ക് ഉപകാരം ചെയ്യാനുളള അവസരം എനിക്കുണ്ടായിട്ട് ഞാൻ ഉപകാരം ചെയ്യാതിരുന്നിട്ടുണ്ടോ എന്നും ഇയാളോട് ചോദിക്കുക.' ഇതുകേട്ട് അയാൾ ഒന്നും മിണ്ടാതെ തലകുനിച്ചിരുന്നതേയുള്ളു! ഇത് ആ മഹാത്മാവിന്റെ സ്വഭാവങ്ങളുടെ മഹത്തായ മാതൃകയായിരുന്നു. നമ്മുടെ ജമാഅത്തിലുളളവരും ധാർമിക ഗുണങ്ങളിൽ മാതൃകയാവേണ്ടതാണ്. കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ

ശുദ്ധമായിട്ടായിരിക്കണം ചെയ്യേണ്ടത്. വീട്ടിൽ ഒരു പൈസപോലുമില്ലെങ്കിലും അമാനത്തു മുതലുകളിൽ കൈ ഇടരുത്. സംസാരിക്കുമ്പോൾ മറ്റുള്ളവരുടെ മനസ്സിൽ സ്വാധീനം ചെലുത്തുംവിധം അത് മാധുര്യമുള്ളതും സ്നേഹനിർഭരവുമായിരിക്കണം. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ നാവിൽനിന്നും ഞാൻ നേരിട്ട് എന്റെ ചെവികൊണ്ട് ഈ വിഷയം പലപ്പോഴും കേട്ടിട്ടുണ്ട്, അതായത് അല്ലാഹുവിൽനിന്ന് രണ്ടു തരത്തിലുള്ള പരീക്ഷണങ്ങൾ ഉണ്ടാകാറുണ്ട്. ഒരു പരീക്ഷണത്തിൽ മനുഷ്യർക്ക് അവരുടെ സ്വന്തം സുഖസൗകര്യത്തിനായി എന്തെങ്കിലും പദ്ധതി കൈക്കൊള്ളാൻ അധികാരം നല്കപ്പെടുന്നു. അതിനുള്ള ഉദാഹരണം ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുമായിരുന്നു: നോക്കുക ശൈത്യകാലത്ത് കഠിനമായ തണുപ്പുണ്ടാകുമ്പോൾ വുളു എടുക്കുന്നതും ഒരു പരീക്ഷണമാണ്; തണുത്ത കാറ്റു വീശുമ്പോൾ, ചെറിയ കാറ്റേല്ക്കുമ്പോൾതന്നെ അത് മനുഷ്യന് ബുദ്ധിമുട്ടുണ്ടാക്കുന്നു.

രണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ച്, രണ്ടാമത്തെ പരീക്ഷണത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒന്നും പറഞ്ഞിട്ടില്ല. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു ഉദ്ധരണി ഞാൻ വായിക്കാം. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പരീക്ഷണങ്ങളുടെ യുക്തി എന്താണെന്ന് പറഞ്ഞിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞു: 'നോക്കൂ! തന്റെ ദാസർക്ക് ഒരു തരത്തിലുള്ള വിഷമങ്ങളും ഉണ്ടാക്കാൻ അനുവദിക്കാതെയും എല്ലാ രീതിയിലും ക്ഷേമൈശ്വര്യങ്ങളോടെ അവരെ ജീവിപ്പിക്കാനും അവരുടെ ജീവിതം സ്വർഗീയമാക്കാനും എപ്പോഴും അവർക്ക് സുഖസമൃദ്ധിക്കായുള്ള സാഹചര്യം ഒരുക്കിക്കൊടുക്കാനും സർവശക്തനാണ് അല്ലാഹു. എന്നാൽ, അവൻ അങ്ങനെ ചെയ്തില്ല. അതിൽ വലിയ രഹസ്യങ്ങളും ഗൂഢമായ കാര്യങ്ങളുമുണ്ട്. നോക്കൂ! മാതാപിതാക്കൾക്ക് അവരുടെ മകൾ എത്ര മാത്രം പ്രിയപ്പെട്ടവളായിരിക്കും. എന്നല്ല ആൺമക്കളെ അപേക്ഷിച്ച് പെൺമക്കൾ കൂടുതൽ പ്രിയപ്പെട്ടവരായിരിക്കും. എന്നാൽ, മാതാപിതാക്കളിൽനിന്ന് ആ പ്രിയപ്പെട്ട മകളെ വേർപെടുത്തുന്ന ഒരു നേരം വന്നെത്തുന്നതാണ്. ആ നേരം എന്നു പറയുന്നത്, അതായത് ആ നേരം കാണുക എന്നത് അങ്ങേയറ്റം ക്ഷമ ആവശ്യപ്പെടുന്ന പ്രവർത്തിയാണ്. അപ്പോൾ ഇരുവശത്തുമുള്ള അവസ്ഥയും ഏറെ കരുണാർഹമായിരിക്കും.(അതായത് മാതാപിതാക്കൾ തങ്ങളുടെ മകളെ വിവാഹം ചെയ്തയ്ക്കുമ്പോൾ അവരും മകളും കരയുന്നുണ്ടാകും). ഏകദേശം 14,15വയസ്സുവരെ ഒരുമിച്ച് കഴിഞ്ഞ് അവസാനം അവർ തമ്മിൽ വേർപെടുന്ന സമയം അങ്ങേയറ്റം വേദനാനിർഭരമായിരിക്കും.

ഈ വേർപാടിനെ അജ്ഞർ നിർദയം എന്നു പറയുകയാണെങ്കിൽ അത് ഉചിതമായിരിക്കും. എന്നാൽ, ആ മകളിൽ ചില കഴിവുകളുണ്ട്. അത് ഭർതൃഗൃഹത്തിൽ ച്ചെന്ന് ഭർത്താവുമായിട്ടുള്ള സഹവാസത്തിന്റെ ഫലമായിട്ടായിരിക്കും പ്രകടമാകുന്നത്. അത് ഇരുകക്ഷികൾക്കും അനുഗ്രഹവും കാരുണ്യവുമാകുന്നു. ഇതേ അവസ്ഥതന്നെയാണ് അല്ലാഹുവിന്റെ ആളുകളുടേതും. അവരിൽ ചില ധാർമിക ഗുണങ്ങൾ മറഞ്ഞിരിക്കുന്നുണ്ട്. അവർക്ക് ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടാകാത്തിടത്തോളം അത് വെളിപ്പെടുക എന്നത് അസംഭാവ്യമായിരിക്കും. അല്ലാഹുവിന്റെ സമീപസ്ഥനാകുന്നതിന് ദുഃഖങ്ങൾ സഹിക്കേണ്ടതും നന്ദികാണിക്കേണ്ടതും ഒരു പുതിയമരണം തന്റമേൽ വരുത്തേണ്ടതും നിർബന്ധമാണ്. മനുഷ്യൻ ഭൗതികമായ സുഖൈശ്വര്യങ്ങളുടേയും ഇന്ദ്രീയാശകളുടേയുംമേൽ മരണം വരിക്കുമ്പോഴാണ് അവന് ഒരിക്കലും മരിക്കാത്ത ജീവിതം ലഭിക്കുന്നത്. പിന്നീട് ഒരിക്കലും അവന് മരിക്കേണ്ടിവരികയില്ല."

ഇതാണ് പരീക്ഷണത്തിന്റെ യുക്തിയുടെ ഹ്രസ്വ ചിത്രം. ഒരിക്കൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു: എന്റെ വയസ്സ് ഒമ്പതോ പത്തോ ആയിരുന്നു. ഞാനും മറ്റൊരു വിദ്യാർഥിയും വീട്ടിൽ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവിടെ അൽമാരയിൽ ഒരു ഗ്രന്ഥം ഇരിക്കുന്നത് കണ്ടു. ആ ഗ്രന്ഥം തുറന്നപ്പോൾ അതിൽ ജിബ്‌രീൽ ഇറങ്ങുകയില്ലെന്ന് എഴുതിയിരിക്കുന്നത് കണ്ടു. ഞാൻ പറഞ്ഞു, ഇത് തെറ്റാണ്. എന്റെ പിതാവിൽ ജിബ്‌രീൽ ഇറങ്ങുന്നുണ്ട്. എന്റെ കൂടെയുണ്ടായിരുന്ന കുട്ടി പറഞ്ഞു, ജിബ്‌രീൽ വരികയില്ലെന്നാണ് ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ളത്. ഞങ്ങൾ തമ്മിൽ ചർച്ചയായി. അവസാനം ഞങ്ങൾ ഇരുവരും ഹദ്റത്ത് സാഹിബിന്റെ അടുക്കൽപോയി. ഞങ്ങൾ രണ്ടുപേരും ഞങ്ങളുടെ വിഷയം അവതരിപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത് തെറ്റാണ്. ജിബ്‌രീൽ ഇപ്പോഴും വരുന്നുണ്ട്. പിന്നീട് തന്റെ സംഭവം കേൾപ്പിച്ചു. പലപ്പോഴും ആ സംഭവംകേട്ട് ഞാൻ ചിരിക്കാറുണ്ട്. ചിലപ്പോൾ കണ്ണിൽനിന്ന് കണ്ണീർ പ്രവഹിക്കാറുമുണ്ട്.എന്നാൽ, ഞാൻ അതിനെ വലിയ ബഹുമാനദൃഷ്ടിയോടെയാണ് നോക്കിക്കാണാറുള്ളത്. ഇതാണ് ആ സംഭവം: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ഒരു രാത്രി ഞങ്ങൾ നടുമുറ്റത്ത് ഉറങ്ങുകയായിരുന്നു. ഉഷ്ണകാലമായിരുന്നു അത്. ആകാശത്ത് കാർമേഘം ഉരുണ്ടുകൂടി. ഇടിവെട്ടാൻ തുടങ്ങി. മിന്നൽ ശക്തമായി ഉണ്ടായപ്പോൾ ഞങ്ങൾ എഴുന്നേറ്റ് അകത്തേക്ക് കയറി. എനിക്ക് ആ ദൃശ്യം ഇന്നും നല്ലവണ്ണം ഓർമയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉള്ളിലേക്ക് പോകാൻ തുടങ്ങിയപ്പോൾ ഞാൻ എന്റെ ഇരുകൈകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തലയിൽവെച്ചു. മിന്നലേൽക്കുകയാണെങ്കിൽ എനിക്കേറ്റു കൊള്ളട്ടെ എന്ന നിലയിലാണ് ഞാൻ അങ്ങനെ ചെയ്തത്. പിന്നീട് ഉറക്കച്ചടവ് നീങ്ങിയപ്പോൾ ഞാൻ ചെയ്ത

ശേഷം പേജ് 24ൽ

# പ്രവാചകന്മാരും പടയാളികളും

അധികാര ശക്തിയും ആയുധപ്രയോഗവും കൊണ്ട് ഇസ്‌ലാമിനെ വിജയിപ്പിക്കാമെന്ന മൗലാനാ മൗദൂദിയുടെ സിദ്ധാന്തം വിശുദ്ധ ഖുർആന്റെയും മുഹമ്മദ് നബി(സ) യുടെയും അദ്ധ്യാപനങ്ങൾക്ക് കടക വിരുദ്ധമാണ്. മൗലാനാ മൗദൂദിയുടെ വിചിത്രമായ സന്മാർഗവാദത്തിനും തീവ്രമായ ഭീകരവാദത്തിനും കാരണം അദ്ദേഹത്തിന്റെ പ്രത്യേകമായ മാനസിക നിലയാണ്.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**അ**തിനാൽ നീ ഉപദേശിക്കുക; നീ ഒരു ഉദ്ബോധകൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവനല്ല.(വിശുദ്ധ ഖുർആൻ. 88:22,23)

അത് (ജമാഅത്തെ ഇസ്‌ലാമി) ഒരു പ്രചാരണ പ്രസ്ഥാനമല്ല; പ്രബോധകരുടെയോ സുവിശേഷകരുടെയോ ഒരു സംഘടനയുമല്ല. എന്നാൽ അല്ലാഹുവിന്റെ പടയാളികളുടെ സംഘമാണ്.

മൗലാനാ അബുൽ അഅ്‌ലാ മൗദൂദി (ഹഖീഖ ത്തെ ജിഹാദ്, ലാഹോർ 1964 പേ.58)

പത്തൊമ്പതാം നൂറ്റാണ്ടിൽ ഓറിയന്റലിസ്റ്റുകൾ ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകനായ മുഹമ്മദ് നബി(സ) യുടെ ചിത്രം വരച്ചു കാട്ടിയത് ഊരിപ്പിടിച്ച ഖഡ്ഗം ഒരു കൈയിലും മറുകൈയിൽ ഖുർആനുമായി അറേബ്യൻ മരുസ്ഥലികളിലൂടെ പടയോട്ടം നടത്തി, നിസ്സഹായരായ ജനതയോട് രണ്ടിലേതെങ്കിലുമൊന്ന് തിരഞ്ഞെടുക്കാൻ കൽപ്പിച്ചു കൊണ്ടുള്ള മത ഭ്രാന്തനായ പടയാളിയുടെ ചിത്രമാണ്. എഡ്വേർഡ് ഗിബ്ബൺ പ്രചാരപ്പെടുത്തിയ ഘോരമായ ഈ ചിത്രത്തിന് ആധുനിക ഓറിയന്റലിസ്റ്റുകൾ തീഷ്ണമായ നിറങ്ങൾ നൽകി. എന്നാൽ സുപ്രസിദ്ധ ജൂത പണ്ഡിതൻ ബെർനാഡ് ലൂയീസ് പോലും അദ്ദേഹത്തിന്റെ ശുഷ്ക്കമായ ബ്രിട്ടീഷ് നർമോക്തി ഉപയോഗിച്ച് ആ ചിത്രത്തെ ഇങ്ങനെ വിലയിരുത്തേണ്ടി വന്നു

***'വാൾ ഇടത് കൈയിൽ പിടിക്കുന്ന ഒരു പടയാളി സമൂഹം ഇന്ന് നമുക്ക് സങ്കൽപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ അത് അസത്യം എന്ന് മാത്രമല്ല അസാധ്യം കൂടിയാണ്. മുസ്‌ലിം ആചാര പ്രകാരം ഇടത് കൈ ശുദ്ധി കർമങ്ങൾ ചെയ്യാനാണ് ഉപയോഗിക്കുക. അത്മാഭിമാനിയായ ഒരു മുസ്‌ലിമും ഖുർആൻ പൊക്കി പിടിക്കാൻ ഇടത് കൈ ഒരിക്കലും ഉപയോഗിക്കില്ല.'3***

പക്ഷേ ഇതാ ഇവിടെ ഒരു ആത്മാഭിമാനിയായ മുസ്‌ലിം, മൗലാന മൗദൂദി അദ്ദേഹത്തിന്റെ വലം കൈയിൽ ഊരിപ്പിടിച്ച വാളുമായി നിൽക്കുന്നു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളിലും തിരുനബി (സ) യുടെ ചര്യയിലും അതിനു യാതൊരു പ്രസക്തിയുമില്ലെങ്കിലും മൗലാനാ വാൾ ഉയർത്തിപ്പിടിച്ചു തന്നെ നിൽക്കുകയാണ്.

തിരുനബി (സ) യുടെ ഏറ്റവും കൂറുള്ള അനുയായിയാണ് താനെന്ന് അവകാശപ്പെടുന്ന മൗലാനാ തന്റെ യജമാനനെ കുറിച്ച് ഏറ്റവും ഭക്ത്യാദരപൂർവം സംസാരിക്കുമെന്നാണ് ഒരാൾ ന്യായമായും പ്രതീക്ഷിക്കുക. സൗന്ദര്യം എന്നത് ദൃഷ്ടാവിന്റെ വീക്ഷണമനുസരിച്ചായിരിക്കുമല്ലോ. പക്ഷേ ഇസ്‌ലാമിന്റെ ആധുനിക വിമർശകർ പോലും നിരാകരിച്ച തിരുമേനി(സ)യെക്കുറിച്ചുള്ള ദുരാരോപണങ്ങൾ മാത്രം മൗലാനാ ദർശിക്കുന്നതെന്തുകൊണ്ടാണ്? ഈ ചോദ്യത്തിന് മൂന്നു ഉത്തരങ്ങളാണുള്ളത്.

1. ഇസ്‌ലാമിനോട് കൂറുള്ള അനുയായി എന്ന മൗലാനാ മൗദൂദിയുടെ അവകാശവാദം വ്യാജമാണ്. അൽ ജിഹാദുഫിൽ ഇസ്‌ലാം എന്ന കൃതിയുടെ ഉള്ളടക്കവും അദ്ദേഹത്തിന്റെ മറ്റു കൃതികളും വായിക്കുന്ന ഒരാൾ തിരുനബി (സ) യുടെ അദ്ധ്യാപനങ്ങളുമായി അവർക്ക് യാതൊരു ബന്ധവുമില്ല എന്ന യുക്തി പൂർണമായ നിഗമനത്തിലായിരിക്കും എത്തിചേരുക. അതുകൊണ്ട് തിരുനബി (സ) യുടെ കൂറുള്ള അനുയായിയാണ് താനെന്നുള്ള അദ്ദേഹത്തിന്റെ അവകാശ വാദം ശുദ്ധ നുണയാണ്. ഒരു പക്ഷേ മൗദൂദിയെ പറ്റി അതൊരു ഘോരമായ ആരോപണമായിരിക്കാം. മുഹമ്മദ് നബി (സ) യെ അവമതിക്കുന്നു എന്ന് ഈ ഗ്രന്ഥകർത്താവ് ഉൾക്കൊള്ളുന്ന ഒരു വിഭാഗത്തെ കുറിച്ച് (അഹ്മദികൾ) ദുരാരോപണം നിലവിലുണ്ട്. മൗലാനാ മൗദൂദിക്ക് തിരുനബി(സ) യോടുള്ള കൂറിനെ സംശയിക്കുന്ന അവസാനത്തെ ആളായിരിക്കണമല്ലോ ഞാൻ.

2. മൂല്യങ്ങളെപറ്റിയുള്ള മൗലാനായുടെ ധാരണ തല തിരിഞ്ഞതും അവ്യക്തവുമാണ്. വർണാന്ധത ബാധിച്ച ഒരാൾ പച്ചയിൽ നിന്നും ചെമപ്പിനെ വേർതിരിച്ചറിയാൻ

ബുദ്ധിമുട്ടുന്നുന്നത് പോലെ തിന്മയിൽ നിന്നും നന്മ വിവേചിച്ചറിയാൻ മൗലാന മൗദൂദി പാടുപെടുന്നു.

3. മൗലാനാ മൗദൂദിക്ക് മനോഗ്രസ്തി (Obsession) പിടികൂടിയിരിക്കുകയാണ്. രാഷ്ട്രീയാധികാരം പിടിച്ചുപറ്റാനുള്ള അദ്ദേഹത്തിന്റെ ഒടുങ്ങാത്ത ദുര ഒരു ഒഴിയാബാധയായി അദ്ദേഹത്തെ പിടികൂടിയിരിക്കുകയാണ്. 'മനോഗ്രസ്തി' എന്ന രോഗം നിർവചിക്കപ്പെട്ടിരിക്കുന്നത് ഇങ്ങനെയാണ്. 'ഒരു ആശയം നിശ്ചയ ദാർഢ്യത്തോടു കൂടി നിരന്തരമായും സാധാരണ ഗതിയിൽ അത്യന്തം വികാരവായ്പ്പോടും പ്രാവർത്തികമാക്കാൻ എന്തെങ്കിലും ചെയ്യണമെന്ന കഠിനമായ ആഗ്രഹം. ഈ മാനസികാവസ്ഥയുടെ സാകല്യം മനോഗ്രസ്തി എന്ന രോഗവുമായി ബന്ധപ്പെട്ടതാണ്.

4. പിയറി ജാനെറ്റ് വിലയിരുത്തുന്നത് മനോഗ്രസ്തി ബാധിച്ച രോഗികൾ തീവ്രവാദികളായ സന്മാർഗവാദികളായിരിക്കും. സദാ സമയവും കഠിനമായ ധർമചിന്തയാൽ ആകുലചിത്തരും താൻ യോഗ്യനല്ല എന്ന ചിന്തയാൽ അസ്വസ്ഥനുമായിരിക്കും.5

ജാനെറ്റിന്റെ ആശയങ്ങളെ സംഗ്രഹിച്ചുകൊണ്ട് തന്റെ സ്വന്തം മാനദണ്ഡങ്ങൾ വെച്ചും ഏൽട്ടൻ മോയാ മനോഗ്രസ്തി ബാധിച്ചവരെ വിലയിരുത്തുന്നത് കാണുക. സ്പഷ്ടമായ കാര്യങ്ങളെക്കുറിച്ച് അത്യദ്ധ്വാനം ചെയ്ത് പുനർ വിചിന്തനം നടത്തുന്നതിൽ ഇവർ വിദഗ്ദ്ധരായിരിക്കും. ഊതിപ്പെരുപ്പിച്ച സൂക്ഷ്മതയോടെ അവർ ചെറിയ കാര്യങ്ങൾ വിവരിക്കുന്നു. എന്നിട്ട് വലിയ കാര്യങ്ങൾക്ക് അവ പകരം വെക്കുന്നു. ആ പ്രശ്നങ്ങൾ താൻ സ്വയം കൈകാര്യം ചെയ്യാൻ സ്വയം പര്യപ്തനല്ല എന്ന ബോധവും അവർക്കുണ്ട്.6

ഹൈദരാബാദിലെ മൗലാനാ മൗദൂദിയുടെ ബാല്യകാല സ്മൃതികളും യൗവനകാലത്തെ അനുഭവങ്ങളും നാം നേരത്തെ കാണുകയുണ്ടായി. തന്റെ സ്വഭാവ രൂപീകരണത്തിനും രാഷ്ട്രീയാധികാരത്തെ പറ്റി ചിന്തിക്കാനും ഈ കാലഘട്ടം വഴിയൊരുക്കി. കുർട്ട് ലെവിൻ എന്ന മനഃശ്ശാസ്ത്രജ്ഞന്റെ നിരീക്ഷണ പ്രകാരം, ഒരു വ്യക്തിയുടെ സ്വഭാവം മനസ്സിലാക്കണമെങ്കിൽ അത് അദ്ദേഹത്തിന്റെ ജീവിതകാല പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കണം ചിലർ അത് പ്രത്യേകം കാലഘട്ടമായും പ്രത്യേക സന്ദർഭമായും ബന്ധപ്പെടുത്തി കാണുന്നു. ലെവിന് താൽപര്യമുള്ള മേഖല വ്യക്തിയും അയാളുടെ മാനസിക പരിസ്ഥിതിയും അടങ്ങുന്ന ജീവിതസാകല്യമാണ്.7 വുഡ്സ് വർത്തും ഷീഹനും ലെവിന്റെ സിദ്ധാന്തം കൂടുതൽ വിശദമാക്കുന്നത് കാണുക.:

മനഃശാസ്ത്രപരമായ (Psychological) അല്ലെങ്കിൽ പെരുമാറ്റ ശാസ്ത്രപരമായ (Behavioural) പരിസ്ഥിതി (Environment) തീർച്ചയായും ഒരു വ്യക്തിക്ക് അനുഭവപ്പെട്ടതും ബോദ്ധ്യപ്പെട്ടതുമായ പരിസ്ഥിതിയാണ്. അതിനേക്കാളുപരിയായി ആ വ്യക്തിയുടെ വർത്തമാന കാല ആവശ്യങ്ങളും അർധ ആവശ്യങ്ങളുമായി ബന്ധപ്പെട്ടതു കൂടിയാണ്. അദ്ദേഹത്തിന് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പല വസ്തുതകൾക്കും വർത്തമാനകാല പ്രസക്തിയില്ലാത്തതാണ്. അത് അദ്ദേഹത്തിന്റെ മാനസിക പരിതസ്ഥിതിയിൽ (Psychological Environment) മാത്രം നിലനിൽക്കുന്നതാണ്. മറ്റു ചില വസ്തുതകൾ പോസിറ്റീവോ നെഗറ്റീവോ ആയ സംയോജകങ്ങളാണ്(Valence). പോസിറ്റീവാണെങ്കിൽ അവ അയാളുടെ വർത്തമാനകാല ആവശ്യങ്ങളെ നിറവേറ്റുന്നു. നെഗറ്റീവ് ആണെങ്കിൽ തകർത്ത് തരിപ്പണമാക്കുമെന്ന് ഭീഷണിപ്പെടുത്തുന്നു. പോസിറ്റീവ് സംയോജകങ്ങൾ അയാളെ ആകർഷിക്കുന്നു. നെഗറ്റീവ് സംയോജകങ്ങൾ അയാളുമായി വികർഷിക്കുന്നു. 8

മനഃശ്ശാസ്ത്രം (Psychology) ഒരു ശുദ്ധ ശാസ്ത്രമല്ല. അത് വികസ്വരമായിക്കൊണ്ടിരിക്കുന്ന ശാസ്ത്രമാണ്. പക്ഷേ മൗലാനാ മൗദൂദിയുടെ മനോഗ്രസ്തിക്ക് ഈ വിശകലനം വളരെ അനുയോജ്യമാണ്. അദ്ദേഹത്തിന്റെ ഈ ഒഴിയാബാധക്ക് മറ്റു വിശദീകരണങ്ങളൊന്നുമില്ല. മറ്റെന്തെങ്കിലും വിശദീകരണങ്ങളുണ്ടെങ്കിൽ തന്നെ മൗലാനായുടെ ദർശനങ്ങളെ ഈ ഒഴിയാബാധ പിടികൂടിയിരിക്കുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ദൈവത്തിന്റെ ശത്രുക്കൾ ഇതിന് മുമ്പേ നടന്നു നീങ്ങിയ വഴികളിലൂടെ ഇടറിയ കാൽവെപ്പുകളുമായി മൗലാനയും ധൃതിയിൽ നടന്നു നീങ്ങുകയും തപ്പിത്തടയുകയുമാണ്. ഈ മാനസിക ബാധകൊണ്ടാണ് മതം ത്യജിക്കുന്നവനെ വധിക്കണം എന്ന സിദ്ധാന്തം ആവിഷ്ക്കരിക്കാൻ അദ്ദേഹം തയ്യാറായത്.

തങ്ങളുടെ പാരമ്പര്യ മതത്തിൽ നിന്ന് മാറിയതിന്റെ പേരിൽ പ്രവാചകന്മാർക്കും അവരുടെ അനുയായികൾക്കും ശത്രുക്കൾ എപ്പോഴും ആവശ്യപ്പെട്ടിരുന്ന ശിക്ഷയാണത്. നേരത്തെ പറഞ്ഞ മനോഗ്രസ്തി തന്നെയാണ് പ്രവാചകന്റെ തിരുകരങ്ങളിൽ ഖഡ്ഗം ചാർത്താൻ അദ്ദേഹത്തെ ധൃഷ്ടനാക്കിയത്. മൗലാനാ ഇങ്ങനെ ചെയ്തത് മൂലം മുഹമ്മദ് നബി(സ)യെ രക്തദാഹിയായ പ്രവാചകനായി ചിത്രീകരിക്കുന്ന ശത്രുക്കൾക്ക് കൂട്ടു നിൽക്കുകയാ ണ് ചെയ്യുന്നത്. അനുനയവും ബലപ്രയോഗവും പരസ്പരം യോ ജിച്ചു പോകാൻ സാദ്ധ്യമല്ലാത്ത വിരുദ്ധ മാർഗങ്ങളാണെങ്കിൽ സംസ്ക്കരണത്തിന് വേണ്ടി മൗലാനാ വാൾ കൈയിലെടുക്കുകയും മത പരിവർത്തനത്തിന് യുക്തി പരമായ അന്വേഷണത്തെ നിരാകരിക്കുകയുമാണ് ചെയ്യുന്നത്. അനുനയവും ബുദ്ധിപരമായ അന്വേഷണവും തനിക്ക് യോജ്യമല്ലാത്ത ദുഷ്ക്കര മാർഗങ്ങളാണെന്നാണ് അദ്ദേഹം വിചാരിക്കുന്നത്. മക്കാ ജീവിത കാലത്ത് കഠിനമായ എതിർപ്പുകൾക്ക് മുമ്പിൽ പ്രവാചകൻ കാഴ്ച വെച്ചത് പോലെ ദൈർഘ്യമേറിയ ത്യാഗങ്ങളും ക്ഷമാപൂർണമായ സഹനങ്ങളും അത് ആവശ്യപ്പെടുന്നു. അതുകൊണ്ട് അതൊരു നെഗറ്റീവ് സംയോജകമാണെന്ന് കരുതി

മൗലാനാ തള്ളിക്കളയുന്നു. രാഷ്ട്രീയാധികാരത്തിലൂടെ ലഭിക്കുന്ന ശക്തി അദ്ദേഹത്തിന്റെ വർത്തമാന കാല ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതായി കാണുന്നു. അതുകൊണ്ട് അദ്ദേഹം അത് സ്വീകരിക്കുകയും അതിസാഹസികമായി ചിന്തിച്ചുകൊണ്ട് തിരുമേനി(സ)യുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

മൗദൂദിയുടെ മനോഗ്രസ്തിയെക്കുറിച്ച് പരാമർശിക്കുമ്പോൾ അദ്ദേഹത്തെ ഇകഴ്ത്തുവാൻ ഞാനുദ്ദേശിച്ചിരുന്നില്ല. മറിച്ച് എന്റെ യജമാനനായ റസൂൽ തിരുമേനി(സ)യുടെ തൃക്കരങ്ങളിൽ വാൾ അണയിക്കുക വഴി മൗദൂദിയാണ് തിരുനബി (സ) യെ ഇകഴ്ത്തിയത്. എല്ലായ്പ്പോഴും അദ്ദേഹം അതിന് വേണ്ടി നിലകൊള്ളുകയും ചെയ്യുന്നു. ഇസ്രയേൽ ഷേൻകറുടെ 'Coat of Many Colors' എന്ന ജൂതായിസത്തെക്കുറിച്ചുള്ള പുസ്തകം അവലോകനം ചെയ്തു കൊണ്ട് ഹഗ്ഗ് നിസെൻഡെൻ പറയുന്നു: 'മിസ്റ്റർ ഷേൻകർ അദ്ദേഹത്തിന്റെ മനോഗ്രസ്തി നാടകീയമാക്കുകയുണ്ടായി. അതായത് അദ്ദേഹം തന്റെ ജനതയുടെ ചരിത്രം രചിക്കുകയും അത് എല്ലാവർക്കും പ്രാപ്യമാക്കി തീർക്കുകയും എല്ലാവരെയും പ്രഭാവിതരാക്കി തീർക്കുകയും ചെയ്തു.'10 മൗലാനയെ പിടികൂടിയിരിക്കുന്ന ഈ മനോബാധ നല്ല കാര്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ചിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു പോകുകയാണ്. അദ്ദേഹം ശക്തി പ്രയോഗിക്കുന്നതിനെ നിയമാനുസൃതമെന്ന് ന്യായീകരിക്കുക മാത്രമല്ല ചെയ്യുന്നത്. പരിഷ്ക്കരണത്തിന് അനിവാര്യം കൂടിയാണെന്ന് സമർഥിക്കുകയും ചെയ്യുന്നു. അദ്ദേഹം പറയുന്നു:

***'യുക്തിചിന്തക്കും ഉദ്ബോധനങ്ങൾക്കും മുമ്പിൽ അവർ (ഇസ്ലാമിന്റെ ശത്രുക്കൾ) തങ്ങളുടെ താൽപര്യങ്ങൾ ബലികഴിക്കുമെന്ന് കരുതുന്നത് അസംഭവ്യമാണ്. ആകെ കൂടി ഒരാൾക്ക് ചെയ്യാൻ കഴിയുക രാഷ്ട്രീയാധികാരവും ശക്തിയും ആർജിച്ചുകൊണ്ട് അവരെ തിന്മയിൽ നിന്നും ബലം പ്രയോഗിച്ച് തടഞ്ഞു നിർത്തുക മാത്രമാണ്. '12.***

പരിഹാസത്തിന്റെയും നിഷേധത്തിന്റെയും നീരസത്തിന്റെയും അപമാനത്തിന്റേയും മുന്നിൽ സഹനവും സ്ഥിരചിത്തതയും പാലിച്ചുകൊണ്ടുള്ള അനുനയത്തിന്റെ മാർഗം പ്രയാസകരം തന്നെയാണ്. മൗദൂദി സാഹിബിന്റെ വാളിന്റെ പരിഷ്ക്കരണ മാർഗങ്ങളാകട്ടെ കൂടുതൽ എളുപ്പവും ക്ഷിപ്രസാദ്ധ്യവുമാണ്. മറ്റേത് അതീവ പ്രയാസവും ദീർഘസമയം അവശ്യമുള്ളതുമാണ്. അയ്യൂബ് നബി (അ) യുടെ സഹനമാണ് അതിനാവശ്യം. എല്ലാ പരിഷ്ക്കർത്താക്കളും പരിഹാസത്തിനും നിഷേധത്തിനും പാത്രമായിട്ടുണ്ട്. വിശുദ്ധ ഖുർആൻ ആ ചിത്രം ഇങ്ങനെ വിവരിക്കുന്നു:

***'കുറ്റവാളികളായ ആളുകൾ സത്യവിശ്വാസികളെ പരിഹസിക്കുകയായിരുന്നു. അവരുടെ അടുത്തുകൂടെ ഇവർ(സത്യവിശ്വാസികൾ) കടന്നുപോവുമ്പോൾ അവർ പരസ്പരം പരിഹാസഭാവത്തിൽ നയന വിക്ഷേപം ചെയ്യുമായിരുന്നു. അവർ (ഇവരെ കണ്ടാൽ തീർച്ചയായും ഇക്കൂട്ടർ വഴി പിഴച്ചവർ തന്നെയാണെന്ന് പരസ്പരം പറയുമായിരുന്നു. വാസ്തവത്തിൽ അവർ ഇവരുടെമേൽ പാറാവുകാരായി അയക്കപ്പെട്ടിരുന്നില്ല.' (വി. ഖുർആൻ 83: 30)***

ദൈവം അയച്ച പരിഷ്ക്കർത്താക്കളുടെ മാർഗം എന്തുകൊണ്ട് മൗലാനാ തിരഞ്ഞെടുക്കുന്നില്ല എന്ന് മുകളിലുള്ള ഖുർആൻ വചനം വ്യക്തമാക്കുന്നു. ജനങ്ങൾ പരിഷ്ക്കർത്താക്കളെ പരിഹസിച്ചുകൊണ്ട് പറയുന്നത് നോക്കു. 'ഈ ജനതയുടെ ഒരേയൊരായുധം ഉപദേശമാകുന്നു. അവരാകട്ടെ വളരെ ബലഹീനരും. നാം ആഗ്രഹിക്കുന്ന ഏത് നിമിഷവും നമുക്കവരെ തകർത്ത് തരിപ്പണമാക്കാവുന്നതേയുള്ളൂ. എന്നിട്ടും അവർ തങ്ങളുടെ ഉപദേശവുംകൊണ്ടും യുക്തി സംവാദം കൊണ്ടും ജനങ്ങളെ അതിജയിക്കുമെന്ന് അവകാശപ്പെടുന്നു.' അത് കൊണ്ട് മൗലാനാ സമാധാനപൂർണമായ വാദമുഖങ്ങളെല്ലാം നിരാകരിക്കുന്നു. അതിന് പകരമായി അദ്ദേഹത്തിന്റെ വാദമിങ്ങനെയാണ്.

***'ഭൂമുഖത്ത് നിന്ന് തിന്മയും അക്രമവും ഉന്മൂലനം ചെയ്യുവാനും ജനങ്ങളെ പരിഷ്ക്കരിക്കാനും ആഗ്രഹിക്കുന്ന ഒരാൾക്ക് വെറും സുവിശേഷ പ്രചാരണം കൊണ്ടും ധർമോപദേശങ്ങൾ നൽകിയും അത് സാക്ഷാത്ക്കരിക്കാൻ സാദ്ധ്യമല്ല. അത് വൃഥായത്നമാണ്. അയാൾ തെറ്റായി പടുത്തുയർത്തിയ ഭരണകൂടത്തിനെതിരെ ഉയർന്നു വരണം. അയാൾ ഭരണം പിടിച്ചെടുക്കണം. തിന്മ പ്രവർത്തിക്കുന്നവരെ അധികാരത്തിൽ നിന്നും നിഷ്ക്കാസനം ചെയ്യണം. പിന്നീട് ശക്തമായ തത്ത്വങ്ങളിലധിഷ്ഠിത മായ നീതി നിഷ്ഠമായ ഒരു ഭരണക്രമം സ്ഥാപിക്കണം.' 13***

മാർക്സിസത്തെ ഉപജീവിച്ചുകൊണ്ടുള്ളതാണ് മൗദൂദിയുടെ ഈ പരിഷ്ക്കരണ സംരംഭം. അത് മനുഷ്യ വംശത്തെ രക്ഷിക്കുന്നതിനുള്ള ദൈവിക മാർഗമല്ല. ദൈവിക മാർഗത്തിൽ ഉപദേശം എന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്. പൊതുവായി അധാർമികത കൊടുമകൊള്ളുന്ന കാലഘട്ടങ്ങളിൽ പോലും **'സത്യം സ്വീകരിക്കാനും സ്ഥിരചിത്തത കൈകൊള്ളുവാനും പരസ്പരം ഉപദേശിക്കുന്നു'(103:4)** സത്യ വിശ്വാസികളായിരിക്കും വിജയികളായി തീരുക. ആത്മീ യവും ധാർമികവുമായ എല്ലാ വിപ്ലവ പരിവർത്തനങ്ങൾക്കും വേണ്ടി സത്യവും സഹനവും മുറുകെ പിടിച്ച് ജനങ്ങളെ അതിജയിക്കാനാണ് ദൈവം തന്റെ ദാസന്മാരോട് ആജ്ഞാപിച്ചതെന്ന് ബഹിർ ഭാഗസ്ഥമായ ചരിത്ര വീക്ഷണമുള്ളവർക്ക് പോലും കാണാനാവും. സഹനവും പ്രാർഥനയും മതാത്മക വിപ്ലവങ്ങളുടെ അവിഭാജ്യ ഘടകങ്ങളാണ്. ദൈവനിയുക്തവാദികൾ ദൈവിക വാഗ്ദാനങ്ങൾ സാക്ഷാത്ക്കരിക്കും.***'സത്യവിശ്വാസികൾക്കാണ് ശുഭ പര്യവസാനം'(7:129)*** എന്നാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

എല്ലാ ദൈവദൂതന്മാരും മതപുനരുജ്ജീവനത്തിന് ഈയൊരു സമരായുധമാണ് സ്വീകരിച്ചത്. മാർക്സിയൻ രീതിയിലുള്ള ബല പ്രയോഗം അവരെല്ലാവരും വെറുത്തിരുന്നു. വിശുദ്ധ ഖുർആൻ അത്തരത്തിലുള്ള ധാരാളം പ്രവാചകന്മാരുടെയും സുവിശേഷകന്മാരുടെയും ചരിത്രം പറയുന്നു. ഈ ദിവ്യ വിപ്ലവത്തിൽ നൂഹ് നബി(അ) യുടെ ആയുധം അനുനയവും ഉദ്ബോധനവുമായിരുന്നതായി കാണം. ഇബ്രാഹിം, ശുഐബ് (അ), സ്വാലിഹ് (അ) എന്നീ ദൈവദൂതന്മാരുടെയും പരിഷ്ക്കരണ മാർഗം ഇതുതന്നെയായിരുന്നു. ലൂത്ത് നബി (അ), മൂസാ നബി (അ) എന്നിവർ അവരുടെ ജനങ്ങൾക്ക് ഉപദേശകന്മാരായിട്ടായിരുന്നു അയക്കപ്പെട്ടിരുന്നത്. ഈസാ നബി (അ) അദ്ദേഹത്തിന്റെ സുവിശേഷം മുഖേനയായിരുന്നു വിപ്ലവം സൃഷ്ടിച്ചത്. എല്ലാറ്റിനുമുപരിയായി സാർവ ലൗകിക അദ്ധ്യാത്മിക വിപ്ലവ ദൗത്യവുമായി അയക്കപ്പെട്ട എക്കാലത്തേയും പരിഷക്കർത്താക്കളുടെ നായകനായ നമ്മുടെ യജമാനൻ മുഹമ്മദ് മുസ്തഫാ (സ) യുടെ പരിഷക്കരണോപാധിയും, അനുനയവും ഉദ്ബോധനവും യുക്തിചിന്തയുമല്ലാതെ മറ്റൊന്നുമല്ല. മൗലാനാ വിശുദ്ധന്മാരായ ഈ ദൈവദൂതന്മാരുടെ പരമ്പരാഗത മാർഗം അവഗണിക്കുക മാത്രമല്ല, അതിന് കടക വിരുദ്ധമായ നിലപാടാണ് സ്വീകരിക്കുന്നത്. അദ്ദേഹം പറയുന്നത്, ഭൂമുഖത്ത് നിന്ന് തിന്മയും അക്രമവും ഉന്മൂലനം ചെയ്യാനും ജനങ്ങളെ പരിഷ്ക്കരിക്കാനും ആഗ്രഹിക്കുന്ന ഒരാൾക്ക് വെറും സുവിശേഷ പ്രചരണം കൊണ്ടും ധാർമികോപദേശങ്ങൾ നൽകിയും അത് സാക്ഷാത്ക്കരിക്കാൻ സാദ്ധ്യമല്ല അതൊരു വൃഥായത്നമാണ് എന്നാണ്.

മൗലാന മൗദൂദിയുടെ ഈ ആശയ പ്രമാണങ്ങളെ ദൈവദൂതന്മാർ അനുവർത്തിച്ചു വരുന്ന അഖണ്ഡ പാരമ്പര്യവുമായി നമുക്കൊന്ന് താരതമ്യം ചെയ്തു നോക്കാം. സ്പഷ്ടമായ മാർഗ ഭ്രംശം നൂഹ് നബി (അ) പ്രചരിപ്പിക്കുന്നു എന്ന് അദ്ദേഹത്തിന്റെ ജനത ആരോപിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു:

*'എന്റെ ജനമേ, എന്നിൽ യാതൊരു മാർഗഭ്രംശവുമില്ല. എന്നാൽ ഞാൻ സർവലോക പരിപാലകനിൽ നിന്നുള്ള ഒരു ദൂതൻ മാത്രമാകുന്നു. എന്റെ നാഥന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ച് തരുന്നു. ഞാൻ നിങ്ങൾക്ക് സദുപദേശം നൽകുന്നു. അല്ലാഹുവിൽ നിന്ന് നിങ്ങൾ അറിയാത്തത് ഞാൻ അറിയുകയും ചെയ്യുന്നു.' (വി. ഖുർആൻ 7: 62, 63)*

ഇതായിരുന്നു നൂഹിന്റെ ദൈവിക ദൗത്യത്തിന്റെ ചരിത്രം. എന്നാൽ മൗലാന മൗദൂദിയുടെ രീതിയനുസരിച്ച് നൂഹ് നബി (അ) ഇങ്ങനെ പറയണമായിരുന്നു.

'ഞാൻ ദൈവത്തിന്റെ ദൂതനാകുന്നു. നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ശരി എന്നെ നിങ്ങളിലേക്ക് ചുമത്തപ്പെട്ടിരിക്കുന്നു. സത്യവിശ്വാസികളുടെ ഒരു സംഘം അധികാരം അടുത്ത് തന്നെ കൈയേൽക്കുന്നതാണ്.'

ആദ് ജനത ഹൂദ് നബി (അ) യോട് അദ്ദേഹം വിഡ്ഢിത്തത്തിൽ പെട്ടു പോയി എന്ന് പറഞ്ഞപ്പോൾ എന്റെ നിരുപദ്രവമായ ഉപദേശം കേട്ട് നിങ്ങൾ വഞ്ചിതരാവേണ്ട നിങ്ങൾ എന്നെ ഒരു വിഡ്ഢിയായി ഗണിക്കേണ്ടതുമില്ല. നിങ്ങൾ എന്റെ യാഥാർഥ്യം ദർശിച്ചിട്ടില്ല. ഞാൻ വാസ്തവത്തിൽ ഒരു മത ഭക്തനാണ്. ഒരു ദിവസം ഞാൻ ദൈവത്തിന്നെതിരെ നിൽക്കുന്ന ജനതയിൽനിന്നും അധികാരം പിടിച്ചെടുക്കും. എന്നിട്ട് എന്റെ സച്ചരിതരായ ജനതക്ക് അത് നൽകും എന്ന് അദ്ദേഹം തീർച്ചയായും പറഞ്ഞില്ല. അതിനു പകരം അദ്ദേഹം പ്രവാചകന്മാരുടെ പാരമ്പര്യമനുസരിച്ച് പ്രതികരിക്കുകയാണുണ്ടായത്. അദ്ദേഹം പറഞ്ഞു:

*'എന്റെ ജനമേ, എന്നിൽ ഒരു വിഡ്ഢിത്തവും ഇല്ല. സർവ ലോകനാഥനിൽ നിന്നുള്ള ഒരു ദൂതനാണ് ഞാൻ . എന്റെ നാഥന്റെ സന്ദേശം ഞാൻ നിങ്ങൾക്കെത്തിക്കുന്നു. ഞാൻ നിങ്ങളുടെ ആത്മാർഥതയുള്ള ഒരു ഉപദേശകനാണ്.' ( വി. ഖുർആൻ 7: 68, 69)*

സമൂദ് സമുദായം ആദ് സമുദായത്തെ പോലെ സ്വാലിഹി(അ)നെ നിഷേധിച്ചു. പല ആരോപണങ്ങളും നടത്തി. നൂഹി(അ)നെയും ഹൂദി (അ) നെയും പോലെ അദേഹം പറഞ്ഞു:

*'എന്റെ ജനമേ എന്റെ നാഥന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ചു. ഞാൻ നിങ്ങളോട് ആത്മാർഥമായി ഉപദേശിക്കുകയും ചെയ്തു. പക്ഷേ നിങ്ങൾ ആത്മാർഥമായി ഉപദേശിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല' (വി. ഖുർആൻ. 7:80)*

പിന്നീട് ദൈവം ലൂത്ത് നബി (അ) യെ അയച്ചു. അദ്ദേഹത്തിന്റെ അനുയായികളിലാരും പിഴച്ച ജനതയിൽ നിന്നും അധികാരം പിടിച്ചു പറ്റാൻ യാതൊരു ശ്രമവും നടത്തിയിട്ടില്ല. അവർക്ക് മേൽ ദൈവശിക്ഷ വന്നു പതിക്കുന്നത്വരെ അവരുമായി നൂഹ് നബി (അ) യുക്തി പൂർണമായ ഉദ്ബോധനങ്ങൾ തുടർന്നുകൊണ്ടിരുന്നു. ലൂത്തിന്റെ ജനതക്ക് ദൈവകോപം വന്നുഭവിക്കുന്നതിന് മുമ്പേ അദ്ദേഹം തന്റെ അനുയായി കളുമായി ദൈവാനുമതിയോടെ അവരുടെ ഭവനങ്ങൾ വിട്ടിറങ്ങി. മർദകരെ സദാസമയവും ജാഗ്രതപ്പെടുത്തിയിരുന്നു. ആ പ്രഭാതം വന്നണഞ്ഞു.

*'എന്നാൽ അത് (ശിക്ഷ) അവരുടെ അങ്കണത്തിൽ വന്നിറങ്ങുമ്പോൾ മുന്നറിപ്പ് നൽകപ്പെട്ടവരുടെ പുലരി വളരെ ചീത്തയായിരിക്കും.' (വി. ഖുർആൻ. 37: 178)*

വിശുദ്ധ ഖുർആൻ 7-ാം അദ്ധ്യായത്തിൽ വഴി പിഴച്ച ജനതയെ സൽപാന്ഥാവിലേക്ക് പ്രത്യാനയിക്കുവാൻ അവതീർണരായ പ്രവാചകന്മാരുടെ വൃത്താന്തങ്ങൾ തുടരുന്നു. ലൂത്തിന്റെ ചരിത്ര കഥനം നടത്തിയതിന് ശേഷം ശുഐബ് നബി (അ) അവരിൽ നിന്ന് മുഖം തിരിച്ചു കൊണ്ട് പറഞ്ഞു:

*'എന്റെ ജനമേ, ഞാൻ നിങ്ങൾക്ക് എന്റെ നാഥന്റെ സന്ദേശങ്ങൾ*

*എത്തിച്ചിട്ടുണ്ട്. ഞാൻ നിങ്ങൾക്ക് സദുപദേശങ്ങൾ നൽകുകയും ചെയ്തു. എന്നിരിക്കെ സത്യ നിഷേധികളായ ജനതയെ സംബ ന്ധിച്ച് ഞാൻ എങ്ങനെ വ്യസനി ക്കും? '( വി. ഖുർആൻ 7:94)*

വിശുദ്ധ ഖുർആൻ മൗലാന മൗദൂദിക്കും മറ്റു സർവ മുസ്‌ലിം കൾക്കും ദൈവത്തിന്റെ വചനമാ ണല്ലോ. ദൈവദൂതന്മാർ തങ്ങളുടെ ഉപദേശങ്ങളും ഉദ്ബോധനങ്ങളും തിരസ്ക്കരിക്കപ്പെട്ടപ്പോൾ ദൈവ ത്തിന് മുമ്പിൽ കണ്ണുനീർ വാർക്കുക യും അവനോട് ഹൃദയ പൂർവമായ പ്രാർഥനകൾ നടത്തുകയുമാണ് ചെയ്തത് എന്ന് വിശുദ്ധ ഖുർആൻ നമ്മോട് പറയുന്നു. പ്രവാചകന്മാർക്ക് അവരുടെ സന്ദേശത്തിൽ അചഞ്ചല മായ വിശ്വാസമുണ്ടായിരുന്നു. അവരുടെ ശത്രുക്കളിൽ നിന്നും ഭരണാധികാരം പിടിച്ചെടുക്കുന്ന തിന് പകരം അവർ സ്നേഹവും കാരുണ്യവുമാണ് നിരന്തരം പകർന്ന് നൽകിയത്. അവർ വളരെ മാന്യ മായി യുക്തി സംവാദങ്ങളിലേർ പ്പെട്ടു. വിനയാന്വിതരായി തങ്ങളുടെ സദുപദേശം തുടരുകയും അന്തിമ ഫലം ദൈവത്തിൽ അർപ്പിക്കുക യും ചെയ്തു. ദൈവം അവൻ ഏകൻ ഒരുവൻ മാത്രമാണ്. അവൻ ഇച്ഛരിക്കുന്നവർക്കാണ് അവന്റെ ഭൂമി നൽകുന്നത്. എല്ലാ പ്രവാചക ന്മാരുടെയും ആഗ്രഹങ്ങൾ മൂസാ നബി (അ) ഈ വചനങ്ങളിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

*'അല്ലയോ നാഥാ, നീ ഞങ്ങൾക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേ ണമേ, അനുസരണയുള്ള വരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ'(വി. ഖുർആൻ. 7:127)*

മൂസാ നബി (അ) അദ്ദേഹത്തി ന്റെ ജനതയോട് ചെയ്ത ഉപദേശം

*'നിങ്ങൾ അല്ലാഹുവിന്റെ സഹാ യം അർഥിക്കുകയും സഹനവും സ്ഥിരചിത്തതയും കൈകൊള്ളു കയും ചെയ്യുക.' (വി. ഖുർആൻ 7: 129)*

അവരോട് അദ്ദേഹം പറഞ്ഞു: *ഭൂമി അല്ലാഹുവിന്റെതാണ്. എന്റെ അടിമകളിൽ താൻ ഇച്ഛരിക്കു ന്നവർക്ക് അവൻ അത് അനന്തരാവ കാശമായി നൽകുന്നു. (വി. ഖുർ ആൻ. 7:129)*

ബലപ്രയോഗം മുഖേന പിടി ച്ചെടു ക്കുക എന്നത് സത്യവി ശ്വാസി കൾക്ക് ചേർന്നതല്ല. നമുക്കറിയാവു ന്നത് പോലെ

*'ശുഭപര്യവസാനം ദോഷബാധ യെ സൂക്ഷിക്കുന്നവർക്കാണ്.' (വി. ഖുർആൻ 7:129)*

മൂസാ നബി (അ) ക്ക് ശേഷം ഈസാ നബി (അ) വന്നു. അദ്ദേഹ ത്തിന്റെ ജീവിത കാലം മുഴുവൻ സുവിശേഷങ്ങളുടെ ഉദ്ബോധന ങ്ങളിൽ കഴിച്ചു കൂട്ടി. അദ്ദേഹം ഒരിക്കലും അധികാരം കൈയാളാൻ യത്നിച്ചില്ല. എല്ലാറ്റിന്നുമുപരിയായി പ്രവാചക പ്രഭുവായ മുഹമ്മദ് നബി (സ) ഒരു ഉദ്ബോധകനും ഉപദേശ കനുമായാണ് ജനത്തെ സന്മാർഗ ത്തിലേക്ക് നയിക്കുവാൻ അയക്ക പ്പെട്ടത്. ഒരു പോലീസുകാരനായോ പട്ടാളക്കാരനായോ അല്ല. അല്ലാഹു അദ്ദേഹത്തിന് താക്കീതുകാരൻ എന്ന പേരു നൽകിക്കൊണ്ട് പറ ഞ്ഞു:

*'നീ ഉപദേശിക്കുക, നിശ്ചയമാ യും നീ ഉപദേശകൻ മാത്രമാണ്. അവരുടെ മേൽ നിർബന്ധം ചെലു ത്താൻ നിനക്കധികാരമില്ല.' (വി. ഖുർആൻ 89:22, 25)*

പക്ഷേ മൗലാനാ ഊന്നുന്നത് അദ്ദേഹവും അദ്ദേഹത്തിന്റെ അനു യായികളും മത പ്രബോധകരു ടെയോ സുവിശേഷകരുടെയോ ഒരു സംഘമല്ല എന്ന വസ്തുതയിലാണ്. 'മറിച്ച് അവർ ദൈവത്തിന്റെ പോരാളികളാണെന്നാണ്. കാരണം, 'അവർ മനുഷ്യരാശിക്കെതിരെ ഒരു സാക്ഷിയായേക്കാവുന്നതാണ്' ഈ പടയാളികളുടെ ദൗത്യം ശക്തി ഉപയോഗിച്ച് അനീതിയും തിന്മയും അരാജകത്വവും അനുസരണയില്ലാ യ്മയും ചൂഷണവും ലോകത്ത് നിന്ന് ഇല്ലായ്മ ചെയ്യലാണ്.14

ദൈവം അവന്റെ ഏറ്റവും മഹാ നായ പ്രവാചകനോട് പറഞ്ഞത്

'നാം നിന്നെ അവരുടെ മേൽ കാവൽക്കാരനാക്കിയിട്ടുമില്ല. നീ അവരുടെ കാര്യനിർവാഹകനുമല്ല'. (വി. ഖുർആൻ 6:108)

പക്ഷേ മൗലാനാ മൗദൂദി തനിക്കും തന്റെ അനുയായികൾ ക്കും പോലീസുകാരന്റെ സ്ഥാനം മാത്രമല്ല നൽകുന്നത് ഒരു ന്യായാ ധിപന്റെ അധികാരം കൂടി സംവര ണം ചെയ്യുന്നു. ദൈവം അവന്റെ ഏറ്റവും മഹാനായ പരിഷ്ക്കർ ത്താവിന് അവിശ്വാസികളുടെ ഹൃദ യത്തിന്മേൽ ഭൗതികാധികാരം നൽ കിയിട്ടില്ല. അതിന് പകരം മൗദൂദി ക്കും അദ്ദേഹത്തിന്റെ അനുയായി കൾക്കുമാണ് ദൈവം ഈ അധികാ രങ്ങൾ നൽകിയത് എന്നത് അത്ഭുത കരമായിരിക്കുന്നു. കാരുണ്യത്തി ന്റേയും വിനയത്തിന്റേയും മൂർത്തി മദ്ഭാവമായിരുന്ന തിരുനബി (സ) ലോകത്തിനാകമാനം സൽപാ ന്ഥാവ് കാണിച്ചു കൊടുക്കാൻ താൻ നിമിത്തമായിതീരേണമേ എന്ന് തീവ്രമായി പ്രാർഥിക്കുകയുണ്ടായി. എന്നാൽ ദൈവം പ്രതിവചിച്ചു:

*'ആളുകൾ വിശ്വാസികളായി തീരുന്നതിനായി നീ നിർബന്ധിക്കു കയോ?.'(വി. ഖുർആൻ 0: 100)*

വിശ്വാസികളെ സംബന്ധിച്ചിട ത്തോളം ദൈവം അവന്റെ പരിശുദ്ധ ദൂതരോട് പറഞ്ഞത്:


*'അല്ലാഹു ഇച്ഛരിച്ചിരുന്നു വെ ങ്കിൽ അവർ അല്ലാഹുവിന് കൂട്ടു കാരെ സങ്കൽപ്പിക്കുമായി രുന്നില്ല. നാം നിന്നെ അവരുടെ മേൽ കാവൽ ക്കാരനുമാക്കിയിട്ടുമില്ല. നീ അവരു ടെ കാര്യനിർ വാഹകനു മല്ല.'(വി. ഖുർആൻ 6:108) എന്നാണ് .*

വിശുദ്ധ ഖുർആനിൽ പേരെടു ത്ത് പറഞ്ഞതും അല്ലാത്തതുമായ പ്രവാചകന്മാരുടെ സുസ്ഥാപിതമായ പെരുമാറ്റ സമ്പ്രദായത്തിന് വിരുദ്ധ മായി മൗലാനാ മൗദൂദി ദൈവത്തി ന്റെ അടിയാറുകളെ നിർബന്ധിക്കാ നും മർദിക്കുവാനുമുള്ള അധികാരം സ്വയം കൈയേൽക്കുകയും ചെയ്യു ന്നു. അങ്ങനെ ജമാഅത്തെ ഇസ് ലാമി അനീതിയും അരാജകത്വവും തിന്മയും അനുസരണക്കേടും ഭൂമുഖ ത്ത് നിന്നും വിപാടനം ചെയ്യും പോലും.15 – *'മതത്തിന്റെ പേരിൽ മനുഷ്യഹത്യ'* (തുടരും)

# അറബ്‌ലോകം: രണ്ടാം ആത്മീയ വിപ്ലവത്തിന് അരങ്ങൊരുങ്ങുന്നു

ഫലസ്തീൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അമീർ, മുഹമ്മദ് ശരീഫ് ഔദയുമായി മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യക്ക് വേണ്ടി ആമിർ സഫീർ നടത്തിയ അഭിമുഖം. വിവ: കെ വി. ഹസ്സൻ കോയ, കോഴിക്കോട്

**മുഹമ്മദ് ശരീഫ് ഔദ**



**125** വർഷങ്ങൾക്ക് മുമ്പ് 1889 ൽ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)അഹ്മദിയ്യാ മുസ്‌ലിം ജമാഅ ത്ത് സ്ഥാപിച്ചു. അദ്ദേഹം വാഗ്ദത്ത മസീഹും മഹ്ദിയുമാണെന്ന് അവ കാശപ്പെട്ടിരുന്നു. ലോകത്തിലെ ഏറ്റവും ചലനാത്മകമായ മുസ്‌ലിം ജമാഅത്തിനാണ് അവിടുന്ന് അടി ത്തറയിട്ടത്. അതിന് ശേഷം 2014 മാർച്ച് 23 ന് മുഴുവൻ അറബ് ലോകത്തിനും വളരെ പ്രാധാന്യമർ ഹിക്കുന്ന ഒരു സംഭവം നടന്ന ദിവസം കൂടിയായിരുന്നു. വാഗ്ദത്ത മസീഹി ന്റെ അഞ്ചാം ഖലീഫയായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) അറബ് ലോകത്തെ അഭിമുഖീ കരിച്ച് പ്രത്യേകമായി ഒരു പ്രഭാഷ ണം നടത്തി. (അതിന്റെ പരിഭാഷ അടുത്ത ലക്കം സത്യദൂ തനിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇൻശാഅല്ലാഹ്) ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് ഇതിന് മുമ്പെല്ലാം ഒന്നുകിൽ ഉറുദുവിലോ അല്ലെങ്കിൽ ഇംഗ്ലീ ഷിലോ ആണ് സംസാരിച്ചി ട്ടുണ്ടായിരുന്നത്. ആദ്യമായിട്ടാണ് അദ്ദേഹം ലോകത്തെ അറബി ഭാഷ യിൽ അഭിസംബോധന ചെയ്യുന്നത്.

**വാഗ്ദത്ത മസീഹിന്റെ ഖലീഫയെ എങ്ങനെയാണ് തിരഞ്ഞെടുക്കുന്നത്?**

ഖലീഫാ തിരഞ്ഞെടുപ്പിന്റെ യാഥാർഥ പ്രാധാന്യം മനസ്സിലാ ക്കാൻ ഈ സംഭവത്തിന്റെ പശ്ചാത്ത ലം വിവരിക്കുന്നത് അനുചിതമായി രിക്കില്ല. അഹ്മദികളെ സംബന്ധിച്ചി ടത്തോളം ഖലീഫ എന്നത് ദൈവനി യോഗിതന്റെ പ്രതിനിധിയാണ്. മനുഷ്യനാണ്. ജനങ്ങൾ

തിരഞ്ഞെടു ക്കുന്നുവെങ്കിലും യഥാർഥത്തിൽ അല്ലാഹു തന്നെയാണ് നിശ്ചയിക്കു ന്നത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ ഖലീഫയെ തിര ഞ്ഞെടുക്കുന്നത് ഒരു തിരഞ്ഞെടുപ്പ് കമ്മിറ്റിയാണ്. അവരിൽ ഉമറാക്ക ന്മാർ (അഹ്മദിയ്യാ ജമാഅത്തിന്റെ ദേശീയ തലവന്മാർ) ജമാഅത്തിലെ ചില മുതിർന്ന അംഗങ്ങൾ, പണ്ഡി തന്മാർ, മിഷണറിമാർ തുടങ്ങിയവർ ഉൾപ്പെടുന്നു. ഖലീഫത്തുൽ മസീഹ് ഖാമിസ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദി(അയ്യദഹു....)നെ തിരഞ്ഞെടുക്കുന്ന ഇലക്ട്രറൽ കോളേജിൽ അംഗമാകാനുള്ള അനുഗൃഹീതമായ സൗഭാഗ്യം എനിക്കുണ്ടായിരുന്നു. ഖലീഫയെ തിരഞ്ഞെടുക്കുന്ന എന്റെ അനുഭവം വിവരിക്കുന്നത് തികച്ചും പ്രസക്ത മാണെന്ന് മാത്രമല്ല അനിവാര്യമാ ണെന്ന് എനിക്ക് തോന്നുന്നു.

ആ സമയത്ത് എനിക്ക് ഖലീഫ യായി നിർദേശിക്കാൻ ഒരാളുടെ പേരും മനസ്സിലുണ്ടായി രുന്നില്ല. മിർസാ മസ്റൂർ അഹ്മദിനെ കുറിച്ച് ഒരു ധാരണയും എനിക്കപ്പോൾ ഉണ്ടായിരുന്നില്ല. ഞാൻ ലണ്ടനിലെ ഫസൽ മോസ്കിൽ എത്തിയപ്പോൾ (*ഖലീഫയുടെ തിരഞ്ഞെടുപ്പ് നടന്ന ഒരു ചെറിയ പള്ളിയാണ് ഫസൽ മോസ്ക്. 1984 മുതൽ ഖലീഫയുടെ വസതിയും അവിടെയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (അയ്യദഹു) പാകിസ്താനിൽ നിന്ന് പലായനം ചെയ്യാൻ നിർബന്ധിത നാവുകയായിരുന്നു.*) വോട്ടു ചെയ്യേ ണ്ട ആളുടെ ഒരു ഇമേജ് എന്റെ മനസ്സിൽ വന്നു. തിരഞ്ഞെടുപ്പ് കമ്മിറ്റി അംഗങ്ങൾ പുറത്ത് വരിവരി യായി നിൽക്കുന്നുണ്ടായിരുന്നു. വരിയിൽ ഞാനും സ്ഥാനം പിടിച്ചു. തിരഞ്ഞെടുപ്പ് പ്രക്രിയക്ക് വേണ്ടി പള്ളിയിലേക്ക് പ്രവേശിക്കാൻ ഞാൻ തയ്യാറെടുത്തു. ഞാൻ വോട്ട് ചെയ്യാൻ ഉദ്ദേശിച്ച വ്യക്തി എന്റെ തൊട്ടു പിന്നിൽ ഉണ്ടെന്ന കാര്യം എനിക്ക് അവിശ്വസനീയമായി തോ ന്നി. അദ്ദേഹത്തിന്റെ മുന്നിൽ നിൽ ക്കുന്നത് അനാദരവായി എനിക്ക് തോന്നിയതിനാൽ ഞാൻ സ്വയം വരിയിൽ നിന്ന് പിന്മാറി. ഞാൻ അപ്പോഴും ക്യൂവിന്റെ പിന്നിൽ തന്നെ നിന്നു. അപ്പോൾ തന്നെ ആരോ ഒരാൾ എന്റെ മുന്നിലൂടെ കടന്നുപോയി. എന്റെ തൊട്ടു പിറകിൽ പിന്നെയും അദ്ദേഹം വരിയിൽ നിന്നു. ഇന്ന്വരെ ആ നിമിഷത്തിൽ എന്റെ ഹൃദയത്തിൽ തോന്നിയ വികാരമെന്താണെന്ന് പൂർണമായി വിവരിക്കാൻ എനിക്ക് സാദ്ധ്യമല്ല. എന്റെ ദൃഷ്ടി അദ്ദേഹ ത്തിന്മേൽ പതിഞ്ഞപ്പോൾ ഞാൻ വോട്ട് ചെയ്യേണ്ട വ്യക്തി ഇയാൾ തന്നെയാണെന്ന് വിവരിക്കാനാ വാത്ത വിധം പെട്ടെന്ന് എനിക്ക് തോന്നി. എന്റെ ഹൃദയാന്തർ ഭാഗ ത്തുണ്ടായ ഒരു മിന്നൽ പിണർ പോലെയായിരുന്നു അത്. എന്റെ ഹൃദയാന്തർ ഭാഗത്ത് ശക്തമായ ഒരു തരംഗമായി അത് അനുഭവപ്പെട്ടു. ഈ വ്യക്തിക്കാണ് ഞാൻ വോട്ട് ചെയ്യേണ്ടതെന്ന് അല്ലാഹു എന്നോട് പറയുന്നതായി തോന്നി. ആ വ്യക്തി യായിരുന്നു ഞാൻ അറിയാൻ ഇടവന്ന മിർസാ മസ്റൂർ അഹ്മദ്!!

അതായത് ഞാൻ തിരഞ്ഞെടു പ്പിന് എത്തിയ ഉടനെ ആർക്കാണ് വോട്ട് ചെയ്യേണ്ടതെന്ന് ആ ലോചിച്ചി രുന്നു. അല്ലാഹു എന്റെ ചിന്തയുടെ വഴി പൂർണമായും മാറ്റുകയും മിർസാ മസ്റൂർ അഹ്മദിന് വോട്ട് ചെയ്യാൻ എനിക്ക് പ്രചോദനം നൽകുകയും ചെയ്തു. തിരഞ്ഞെ ടുപ്പ് കമ്മിറ്റിയിലെ മറ്റംഗങ്ങളും തങ്ങൾക്ക് സ്വപ്നങ്ങളും ദർശന ങ്ങളും മുഖേന മിർസാ മസ്റൂർ അഹ്മദി (അയ്യദുഹു.....)നാണ് വോട്ട് ചെയ്യാൻ പ്രചോദനമുണ്ടായ തെന്ന് പിന്നീട് വിവരിക്കുകയു ണ്ടായി. ഇങ്ങനെയാണ് വാഗ്ദത്ത മസീഹിന്റെ ഖലീഫയെ യഥാർഥ ത്തിൽ തിരഞ്ഞെടുക്കുന്നത്.

**അറബികളെ തയ്യാറെടുപ്പിക്കൽ**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിന്റെ ഖിലാഫത്തിന് കീഴിൽ അറബ് ജനത പ്രത്യേകം അനുഗ്ര ഹിക്കപ്പെടുകയുണ്ടായി. വാഗ്ദത്ത മസീഹിനെ സ്വീകരിക്കുന്നതിൽ വലിയ ഉയർച്ചക്ക് ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു. അങ്ങനെ അവർ യഥാർഥ ഇസ്‌ലാമിൽ അഹ്മദിയ്യ ത്തിൽ പ്രവേശിച്ചു. ഈ ഖിലാഫ ത്തിനു കീഴിൽ വാഗ്ദത്ത മസീഹി ന്റെ എല്ലാ ഗ്രന്ഥങ്ങളു (റൂഹാനി ഖസായീൻ-ആത്മീയ ഖജനാ വുകൾ)ടെയും അറബിയിലുള്ള പരിഭാഷ പൂർത്തിയാക്കാൻ കഴി ഞ്ഞു എന്നത് ആശ്ചര്യകരമായ നേട്ടമാണ്. വാഗ്ദത്ത മസീഹ് തന്റെ ജീവിത കാലത്ത് 80 ലധികം ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. മറ്റു ഭാഷകളിലുള്ള തർജമകൾ തുടർ ന്നുകൊണ്ടിരിക്കുന്നു. വാഗ്ദത്ത മസീഹി(അ) ന്റെ എല്ലാ ഗ്രന്ഥങ്ങളും വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളഭാഷ അറബിഭാഷയാണ്.

അറബികൾക്ക് വേണ്ടി വാഗ്ദത്ത മസീഹി(അ)ന്റെ സന്ദേശമെത്തി ക്കാൻ അറബി ഭാഷയിൽ ഗ്രന്ഥ ങ്ങൾ പരിഭാഷപ്പെടുത്തിയതിന്റെ പ്രധാന്യം അമിതമാണെന്ന് ഒരിക്ക ലും കരുതരുത്. കാരണമെന്തെന്നാൽ വിശുദ്ധ ഖുർആൻ വെളിപാടായി ഇറങ്ങിയത് അറബി ഭാഷയിലാണ്. ആത്മീയ പ്രസക്തിയുള്ള കാര്യ ങ്ങൾ അറബി ഭാഷയിലല്ലെങ്കിൽ അറബികൾക്ക് അത് ഗ്രഹിക്കാൻ വിഷമമാണ്. വാഗ്ദത്ത മസീഹിന്റെ 'ഹമാമത്തുൽ ബുഷ്റ' എന്ന ഗ്രന്ഥം രചിച്ചിട്ടുള്ളയത് അറബി ഭാഷയിലാണ്. അതിൽ അദ്ദേഹം അറബി ജനതയോടുള്ള അഗാധ സ്നേഹം പ്രകടിപ്പിക്കുകയും അവ രെ സന്ദർശിക്കാനുള്ള അദമ്യമായ ആഗ്രഹം വ്യക്തമാക്കുകയും ചെയ് തിട്ടുണ്ട്. അറബികൾക്ക് തന്റെ ദൗത്യം എത്തിക്കുന്നതിൽ വാഗ്ദത്ത മസീഹ് വിജയ ശ്രീലാളിതനാ കുമെന്ന് അദ്ദഹത്തിന് വെളിപാടു ണ്ടായിട്ടുണ്ട്. ഈ ഖിലാഫത്തിന്റെ നേതൃത്വത്തിൽ ഈ വെളിപാടിന്റെ പൂർത്തികരണത്തിന് നാം സാക്ഷി കളായി. വാഗ്ദത്ത മസീഹിന് നൂറു വർഷങ്ങൾക്ക് മുമ്പ് 'ഇന്നീ മഅക്ക യാ മസ്റൂർ' (ഓ, മസ്റൂർ ഞാൻ നിന്റെ കൂടെയാണ്) എന്ന് ഒരു വെളിപാടുണ്ടായി. ആ വെളിപാടു മായി ഈ കാലത്തിന് ഒരു ബന്ധ

മുണ്ട്. ഈ വെളിപാട് അറബി ഭാഷയിലായിരുന്നുവെന്ന പ്രത്യേകതയും ഈ കാലഘട്ടത്തിന് വാഗ്ദത്ത മസീഹിന്റെ ദൗത്യത്തിന്റെ വൻ വിജയവുമായി ബന്ധമുണ്ടെന്ന് തെളിയിക്കുന്നു. അതായത് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദി (അയ്യദ ഹു...) ന്റെ അഞ്ചാം ഖിലാഫത്തുമായി നല്ല ബന്ധമുണ്ട്. ചുരുക്കി പറഞ്ഞാൽ ഞാൻ എടുത്തുകാണിക്കാൻ ആഗ്രഹിക്കുന്ന കാര്യം അല്ലാഹു താൻ ഇച്ഛിക്കുന്നത് ചെയ്യുന്നുവെന്നതാണ്. അവൻ മിർസാ മസ്റൂർ അഹ്മദിനെ (അയ്യദ ഹു...) ഖലീഫയായി നിയമിച്ചു. അഹ്മദിയ്യത്തിന്റെ പുരോഗതി അഥവായഥാർഥ ഇസ്ലാമിന്റെ പുനരുദ്ധാരണം അറബികൾക്കിടയിൽ നടക്കേണ്ടത് ഇക്കാലത്താണെന്ന് അല്ലാഹു ഇച്ഛിക്കുന്നതായി തോന്നുന്നു. അഹ്മദിയ്യത്ത് മുഖേന അറബികൾക്കുണ്ടാവേണ്ട ആത്മീയ വിപ്ലവത്തിന്റെ തുടക്കം കുറിച്ചിരിക്കുന്നു വെന്നതിന് മറ്റ് സാഹചര്യങ്ങളും അനുകൂലമാണ്.

**അറബ് ടിവി ചാനൽ** (MTA 3-Al- Arabia):

**വിസ്മയകരമായ തുടക്കം**

ഒരു ദിവസം തന്റെ ഓഫിസിൽ വെച്ച് ഔദ്യോഗിക ചർച്ചക്കിടയിൽ മുസ്ലിം ടെലിവിഷൻ അഹ്മദിയ്യയുടെ ഒരു (MTA അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഔദ്യോഗിക ഉപഗ്രഹ ചാനൽ, അതിൽ ഒന്നും രണ്ടും ചാനലുകളിൽ ഉറുദു, ഇംഗ്ലീഷ് ചൈനീസ് തുടങ്ങി പത്തോളം ലോക ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നുണ്ട്.) തുടങ്ങാനുള്ള ആശയം ഹുസൂർ തിരു മനസ്സ് മുന്നോട്ട് വെച്ചു. ഞങ്ങളുടെ പെട്ടെന്നുള്ള പ്രതികരണം ഭീമമായൊരു യത്നത്തിന് ശുപാർശ ചെയ്യരുതെന്നായിരുന്നു. കാരണം പ്രത്യക്ഷത്തിൽ അത് അസാദ്ധ്യമാണെന്ന് ഞങ്ങൾക്ക് തോന്നിയതാണ്. അറബ് അഹ്മദികളുടെ എണ്ണം തുച്ഛമാ യിരുന്നു. ആ നിലക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു അറബ് ചാനൽ എങ്ങനെ തുടങ്ങാൻ പറ്റും? എന്നിരിക്കിലും വാഗ്ദത്ത മസീഹിന്റെ ഖലീഫയായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദ ഹു...) മുന്നോട്ട് തന്നെ പോവാൻ തീരുമാനിച്ചു.

2005 ആഗസ്റ്റിൽ MTA3 ഇന്റർനാഷണൽ അറബി ഭാഷയിലുള്ള ആദ്യത്തെ ഉപഗ്രഹചാനൽ ഉദ്ഘാടനം ചെയ്തു. മുസ്ലിംകളും ക്രിസ്ത്യാനികളും തമ്മിലുള്ള മതാന്തര സംവാദങ്ങൾ ആരംഭിച്ചു. MTA3 അൽ അറബിയ്യ അറബി ചാനലിൽ വളരെ പ്രധാന്യമർഹിക്കുന്ന പരിപാടികളിൽ ഒന്ന് അൽ 'ഹിവാറുൽ മുബാശിർ' ആണ്. അതിന്റെ അർഥം'ഒരു തടസ്സവുമില്ലാത്ത നേരിട്ടുള്ള സംഭാഷണം'. എന്നാണ്. അത് മദ്ധ്യപൗരസ്ത്യ ദേശത്തുള്ള പ്രാസംഗികരെ ലക്ഷ്യംവെച്ചു കൊണ്ടുള്ളതാണ്. പിന്നീട് മുസ്ലിംകളുമായുള്ള സംഭാഷണങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് പരിപാടി വിപുലീകരിച്ചു. സ്വതന്ത്ര ചർച്ച, സംഭാഷണം എന്നിവ മുഖേന നിഷ്പക്ഷമായി യഥാർഥ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾ അവതരിപ്പിക്കുകയായിരുന്നു അൽ ഹിവാറിന്റെ ഉദ്ദേശ്യം. ഈ പരിപാടിക്ക് മദ്ധ്യപൗരസ്ത്യ ദേശത്തുണ്ടായ പ്രസിദ്ധി അപ്രതീക്ഷിതമായിരുന്നു. ഇതിന് മുമ്പൊരിക്കലുമുണ്ടാകാത്ത തരത്തിലുള്ളതുമായിരുന്നു. തങ്ങളുടെ ദൈനംദിന ജീവിത വൃത്തിക്കായി ബസ്സുകളിലും തീവണ്ടികളിലും കഫേകളിലും പോകുന്ന സാധാരണക്കാരായ അനഹ്മദികളിലും അഹ്മദിയ്യത്തിന്റെ എതിരാളികളിൽ പോലും ഈ പരിപാടി ഗൗരവതമായ ചർച്ചക്കിടയാക്കിയതായി റിപ്പോർട്ടുകൾ കിട്ടി. ഇതിന് ഭാഗികമായ കാരണം അൽ ഹിവാറുൽ മുബഷിർ എന്ന പരിപാടിയിൽ മുമ്പൊക്കെ മുസ്ലിംകൾ നിഷിദ്ധമാണെന്നു കരുതിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടിരുന്നുവെന്നതാണ്. മദ്ധ്യപൗരസ്ത്യ ദേശത്തെ അറബിക ളിലും ഇത് വലിയ പ്രതികരണമുണ്ടാക്കി. വാഗ്ദത്ത മസീഹിന്റെ കാലത്തുണ്ടായത് പോലെ ക്രിസ്ത്യാനികളായി പരിവർത്തനം ചെയ്യപ്പെട്ട മുസ്ലിംകൾ ഇസ്ലാമിന്റെ സത്യത്തേയും മനോഹാരിതയേയും കുറിച്ച് കേട്ടപ്പോൾ ഇസ്ലാമിലേക്ക് മടങ്ങി വരാൻ തുടങ്ങി.

എന്നിരിക്കിലും മുഖ്യധാരയിലെ നിരവധി മുസ്ലിംകൾ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനോട് വെറുപ്പും അകൽച്ചയും പ്രകടിപ്പിക്കുന്നു. പുരാതനകാലം മുതൽക്കേ ദൈവിക ജമാഅത്തുക്കൾക്കെതിരിൽ പീഢനത്തിന്റേയും അടിച്ചമർത്തലിന്റെയും തന്ത്രമാണ് പ്രയോഗിക്കപ്പെട്ടത്. ഈജിപ്തിലെ നൈൽ സെറ്റ് സംശലേശമന്യേ ബാഹ്യമായ ഉന്നതല സമ്മർദം കാരണം നമ്മുടെ ശബ്ദം തടസ്സപ്പെടുത്താനുള്ള ശ്രമത്തിൽ MTA3 അൽ അറബിയ്യ അവിടെ അടച്ചുപൂട്ടിച്ചു. അന്തർ ദേശീയ താൽപര്യവും അഭൂതപൂർവവുമായ മാദ്ധ്യമ ശ്രദ്ധ യും പിടിച്ചു പറ്റിയ ഒരു സംഭവമാ യിരുന്നു അത്. ഇസ്ലാമിന്റെ യഥാർ ഥവും ബുദ്ധിപരവും സമാധാനപര വുമായ പ്രതിഛായ അവതരിപ്പിച്ചു കൊണ്ട് അറബ് ലോകത്ത് ക്രിസ് തീയ മുന്നേറ്റങ്ങൾ തടയുന്നതിൽ അഹ്മദികൾ മുഖ്യ പങ്ക് വഹിക്കുമ്പോൾ മുസ്ലിംകൾ അഹ്മദിയ്യത്തിന്റെ ശബ്ദം ഇല്ലാതാക്കാൻ തീരുമാനിക്കുന്നത് എത്രമാത്രം വൈരുദ്ധ്യമാണ്. ആ സമയത്ത് ഞാൻ വളരെ യധികം അസ്വസ്ഥനായി. ഞാൻ ഹുസൂർ തിരുമനസ്സിനെ ലണ്ടനിൽ കാണാൻ ചെന്നപ്പോൾ അദ്ദേഹം വിശുദ്ധ ഖുർആനിലെ ഒരു സൂക്തം ഉദ്ധരിച്ചു: ***'അവരുടെ നാഥൻ അവരുടെ പാപം കാരണമായി അവരെ പൂർണമായും നശിപ്പിച്ചു. അവൻ അവരെ നിലം പരിശാക്കി' (വി. ഖുർആൻ സൂറ അശ്ശംസ്. സൂക്തം 15)***

കുറച്ച് ദിവസങ്ങൾക്ക് ശേഷം ചെങ്കടലിലെ അഗാധ തലങ്ങളിലൂടെ പോവുന്ന ഫൈബർ കേബിൾ മുറിഞ്ഞു. വാർത്ത മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ദശലക്ഷക്കണക്കിന് ഈജിപ്ത്കാരെ അത് ബാധിക്കുകയുണ്ടായി. ഇത് തീർച്ചയായും നമുക്ക് അല്ലാഹുവിന്റെ പിന്തുണയുടെ ഒരു ദൃഷ്ടാന്തമാണ്. ഒരു പ ക്ഷേ അവർ നമ്മുടെ ചാനൽ അടച്ച് പൂട്ടാൻ ശ്രമിച്ചിട്ടുണ്ടാവാം, പക്ഷേ അല്ലാഹു തന്റെ പദ്ധതി തുടർന്നു.

നമ്മൾ വീണ്ടും ചാനൽ തുടങ്ങിയപ്പോൾ പൂർവാധികം വിജയം ഉണ്ടായി. അൽഹംദുലില്ലാഹ്

**അറബ് വസന്തത്തെക്കുറിച്ചുള്ള താക്കീത് അവഗണിച്ചു**

ഖലീഫത്തുൽ മസീഹ് അഞ്ചാമന് അറബ് ജനതയോടുള്ള സ്നേഹം വ്യക്തമാക്കുന്ന ഒരു കാര്യമിതാണ്. അറബ് ലോകത്ത് അസ്വസ്ഥതകളുടെ തുടക്കത്തിൽ തന്നെ നിരവധിവർഷങ്ങൾക്ക് മുമ്പ് ഒരു മണിക്കൂർ നീണ്ടു നിന്ന ജുമുഅ ഖുത്ബയിൽ പ്രക്ഷോഭത്തിന്റെ അപകടങ്ങളെ പറ്റി ഹുസൂർ തിരുമനസ്സ് താക്കീത് നൽകുകയുണ്ടായി. അതിന് പാശ്ചാത്യലോകം നൽകിയ പേര് 'അറബ് വസന്തം' എന്നായിരുന്നു. ജനസഞ്ചയം അവരുടെ നേതാക്കൾക്കെതിരെ പ്രക്ഷോഭം നടത്തിയത് ലോകം ആഘോഷിച്ചപ്പോൾ ഈ പ്രക്ഷോഭത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ഹുസൂർ തിരുമനസ്സ് 2011 ഏപ്രിൽ 1 ന് നടത്തിയ ജുമുഅ ഖുത്ബയിൽ താക്കീത് നൽകിയിരുന്നു.

അറബ് വസന്തത്തിന്റെ തുടക്കത്തിൽ തന്നെ ഇത് അക്രമത്തിലേക്കും ക്രൂരതയിലേക്കും നയിക്കുമെന്ന് ഹുസൂർ തിരുമനസ്സ് താക്കീത് നൽകിയിരുന്നു. പുതിയ നേതാക്കന്മാർ അവരുടെ മർദനം തുടരുകയും അതിന്റെ കൂടുതൽ യാതനകൾ അനുഭവിക്കേണ്ടിവരിക മുസ്‌ലിംകൾ തന്നെയായിരിക്കുമെന്നും ഹുസൂർ തിരുമനസ്സ് പറഞ്ഞിരുന്നു. വിശുദ്ധ ഖുർആൻ ഇപ്രകാരം പ്രസ്താവിക്കുന്നുവെന്ന് ഹുസൂർ പറഞ്ഞു: '***അല്ലാഹു നീച പ്രവർത്തിയേയും നിഷിദ്ധ കർമത്തേയും നിയമലംഘനത്തേയുംവിലക്കുന്നു.'(വി. ഖുർ ആൻ സൂറ;നഹ്ൽ:91)***

ബലം പ്രയോഗിച്ച് മറ്റുള്ളവരുടെ അവകാശങ്ങൾ പിടിച്ചെടുക്കുന്നവരെയാണ് ഈ സൂക്തം പരാമർശിക്കുന്നത്. അല്ലെങ്കിൽ തനിക്ക് അവകാശപ്പെട്ടതിൽ അതിരുകടക്കുന്ന ഭരണാധികാരികളോ ജനങ്ങളോ ഇക്കാര്യത്തിൽ അതിരു കടന്നാൽ അവൻ അല്ലാഹു നിശ്ചയിച്ച അതിർവരമ്പ് ലംഘിക്കുകയാണ് ചെയ്യുന്നത്. വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം പറഞ്ഞതായി ഹുസൂർ പ്രസ്താവിച്ചു. ***'അല്ലയോ മുസ്‌ലിംകളെ, നിങ്ങൾ പരസ്പരം ഏതെങ്കിലും വിധത്തിലുള്ള അഭിപ്രായ വ്യത്യാസം ഉണ്ടായാൽ വിധിക്കായി അല്ലാഹുവിലും അവന്റെ പ്രവാചകനിലും അർപ്പിക്കുക. വിധി നാളിനെക്കുറിച്ച് നിങ്ങൾ വിശ്വസിക്കുക്കുന്നുവെങ്കിൽ ഈ വഴി സ്വീകരിക്കുക. എന്തെന്നാൽ ഇതാണ് ഏറ്റവും മികച്ച വ്യാഖ്യാനം'***

അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെയും വിധിയെ നിഷേധിക്കാൻ പാടില്ല. ഏത് ഭൗതികമായ സാഹചര്യങ്ങൾ നേരിടേണ്ടിവന്നാലും ശരി. ഹുസൂർ വിവരിച്ചു:

ഹുസൂറിന്റെ ഈ താക്കീതിനോട് അനുസരണക്കേട് കാണിച്ചതിന്റെ ദുരന്ത പൂർണമായ പ്രത്യാഘാതങ്ങൾക്ക് ലോകം സാക്ഷ്യം വഹിച്ചതാണ്. ക്രൂരന്മാരായ സ്വേച്ഛാധിപതികൾ തുരത്തപ്പെട്ടത് കാരണം തുടക്കത്തിൽ സന്തോഷമുണ്ടായി. പെട്ടെന്ന് അത് കയ്ക്കുന്നതായി തീർന്നു. പുതിയ സർക്കാരും നേതാക്കന്മാരും മുമ്പുള്ളവരെക്കാളും ഒട്ടും മോശമല്ലെന്നും ജനങ്ങൾ തിരിച്ചറിഞ്ഞു. പുതിയവരിൽ ചിലർ മുമ്പുള്ളവരേക്കാൾ ക്രൂരന്മാരാണെന്ന് മനസ്സിലായി. അറബ് ഭരണാധികാരികളും പ്രജകളും തമ്മിൽ തല്ലി. മദ്ധ്യപൗരസ്ത്യദേശം പൂർണമായും താറുമാറായിരിക്കുന്നു. സിറിയയിലും ഈജിപ്തിലും മറ്റു രാജ്യങ്ങളിലും ലക്ഷക്കണക്കിനാളുകൾ കൊല്ലപ്പെട്ടിട്ടുണ്ട്. മുസ്‌ലിംകൾ മറ്റു മുസ്‌ലിംകളെ കൊല്ലുന്നത് തുടർന്നുകൊണ്ടിരിക്കുന്നു. പൊതുജനങ്ങൾ അവരുടെ ഭരണാധികാരികളുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുന്നില്ല. പുതിയ ഭരണാധികാരികൾ തങ്ങളുടെ പ്രജകളോട് അന്യായം പ്രവർത്തിക്കുന്നു. അതിനിടയിൽ ബാഹ്യശക്തികൾ അവരുടെ നിക്ഷിപ്ത താൽപര്യങ്ങൾ നിറവേറ്റാൻ കൈകടത്തുന്നു.

**ആകാശത്തു നിന്നുള്ള ശബ്ദം ശ്രവിക്കുക**

മുഹമ്മദ് നബി (സ) തിരുമേനി വാഗ്ദത്ത മസീഹി(അ)ന്റേയും ഇമാം മഹ്ദിയുടേയും ആഗമനത്തെക്കുറിച്ച് പ്രവചനം ചെയ്തിരിക്കുന്നു. അവസാന കാലത്ത് മുസ്‌ലിംകൾ ദുരിതത്തിൽ പെടുന്ന കാലത്താണ് അദ്ദേഹത്തിന്റെ ആഗമനമുണ്ടാകുക. അപ്പോൾ അവർ ദീനിന് അധര സേവനം ചെയ്യുന്നവർ മാത്രമായിരിക്കും.ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) അല്ലാഹു തിരഞ്ഞെടുത്തയച്ച ആ വാഗ്ദത്ത മത പുരുഷനാണെന്ന് വാദിച്ചു. ദൈവിക മാർഗദർശനമനുസരിച്ച് 1889 ൽ അദ്ദേഹം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപിച്ചു. മനുഷ്യകുലത്തെ ദൈവവുമായി ബന്ധിപ്പിക്കാനും മനുഷ്യർ തമ്മിൽ സ്നേഹവും സഹതാപവും കാണിക്കാനുമാണ് അദ്ദേഹം ജമാഅത്ത് സ്ഥാപിച്ചത്. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ 125-ാം വർഷം ആഘോഷിക്കുന്നതിന്റെ ഭാഗമായി ഹദ്റത്ത് അഹ്മദി(അ)ന്റെ ജന്മദേശമായ ഇന്ത്യയിലെ ഖാദിയാനിൽ നിന്ന് അറബി ഭാഷയിൽ മൂന്ന് പ്രോഗ്രാം അവതരിപ്പിക്കാനുള്ള അനുഗൃഹീതമായ അവസരം എനിക്ക് ലഭിച്ചു. ഖാദിയാനിലാണ് അദ്ദേഹം ജീവിക്കുകയും പ്രാർഥിക്കുകയും ചെയ്തത്.

ഈ മൂന്നു ദിവസത്തെ പരിപാടിയുടെ അവസാനം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) തിരുമനസ്സ് വായിച്ചു കേൾപ്പിച്ച അറബി ഭാഷയിലുള്ള പ്രത്യേക സന്ദേശമാണുള്ളത്. അറബ് ലോകത്ത് ആത്മീയ വിപ്ലവത്തിനുള്ള അടിത്തറയിടപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ സത്യമായും വിശ്വസിക്കുന്നു. അറബികളുടെ ഭാഷയിൽ തന്നെയുള്ള നേരിട്ടുള്ള ഒരു ക്ഷണമാണിത്. ഈ വിളിക്കുത്തരം നൽകേണ്ട ഉത്തരവദിത്വം അറബികളുടേതാണ്. ഉപസംഹാരമായി ഞാൻ ഈ ലൈവ് പ്രോഗ്രാമിന്റെ തലക്കെട്ട് തന്നെ ഉദ്ധരിക്കട്ടെ

***ആകാശത്ത് നിന്നുള്ള ശബ്ദം കേൾക്കുക! മസീഹ് വന്നിരിക്കുന്നു! മസീഹ് വന്നിരിക്കുന്നു.***

# മുഹമ്മദ് നബി(സ)യെക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങൾ

മോശെയും യേശു മിശിഹായും മുഹമ്മദ് നബി (സ) യും ദിവ്യവചനങ്ങളിലൂടെ കണ്ണികോർക്കപ്പെട്ട പ്രവാചക കുടുംബത്തിലെ അംഗങ്ങളാണ്. വിശുദ്ധ ബൈബിൾ അത്ഭുതകരമായ പ്രവചനങ്ങൾ കൊണ്ട് മുഹമ്മദ് നബി(സ)യെ സത്യപ്പെടുത്തുകയും മഹിത പൂർണമായ വചനങ്ങൾ കൊണ്ട് വിശുദ്ധ ഖുർആൻ മോശെയെയും യേശുവിനെയും വാഴ്ത്തുകയും ചെയ്യുന്നു. മുഹമ്മദ് നബി(സ)യെ കുറിച്ച് പ്രവചിച്ച ബൈബിൾ വചനങ്ങളാണ് ലേഖകൻ വിശദീകരിക്കുന്നത്.

ബി. ബി. അഹ്മദ് കബീർ

ഒരു പ്രവാചകന് ശേഷം വരുന്ന മറ്റൊരു പ്രവാചകനെക്കുറിച്ച് പ്രവചനം ചെയ്യുക എന്നത് മത ചരിത്രത്തിലുടനീളം കാണാവുന്ന യാഥാർഥ്യമാണ്. തങ്ങൾക്ക് ശേഷം സമാഗതമാകുന്ന ആ ദൈവിക വെളിച്ചം സ്വസമുദായത്തിന് നൽകുക എന്നതാണ് ഈ പ്രവചനങ്ങളുടെ ഉദ്ദേശ്യം. ഈ മതപുരുഷന്മാരെല്ലാം ഒരേ ദൈവിക കുടുംബത്തിലെ അംഗങ്ങളാണെന്നും യാതൊരു വിവേചനവും കൽപ്പിക്കാതെ അവരെയെല്ലാം ആദരപൂർവം വിശ്വസിക്കണമെന്നുമാണ് ഇസ്‌ലാമിക പാഠം. അറേബ്യാ മണലാരണ്യത്തിൽ ഭൂജാതനായ മുഹമ്മദ് നബി (സ) യെപറ്റി നിരവധി പ്രവചനങ്ങൾ ബൈബിൾ പഴയ നിയമത്തിലും പുതിയ നിയമത്തിലുമുള്ളതായി കാണാവുന്നതാണ്.

**നിന്നെ പോലൊരു പ്രവാചകൻ**

ദൈവം മോശേയോട് പറഞ്ഞതായി ആവർത്തന പുസ്തകം 18-ാം അദ്ധ്യായം 18-ാം വചനത്തിൽ ഇങ്ങനെ കാണാം. ***'നിന്നെ പോലൊരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിച്ച് എന്റെ വചനങ്ങളെ അവന്റെ നാവിൻ മേലാക്കും ഞാനവനോട് കൽപ്പിക്കുന്ന തൊക്കെയും അവൻ അവരോട് പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോട് ഞാൻ ചോദിക്കും'***

പൂർവ പ്രവാചകനായിരുന്ന അബ്രഹാമിന്റെ രണ്ട് പുത്രന്മാരായ ഇസ്മായേൽ, ഇസ്ഹാക്ക് എന്നിവരുടെ പരമ്പരകളാണ് യഥാക്രമം അറബികളും ഇസ്റായേലികളും. ഇസ്റായേൽ വംശത്തിൽ പെട്ട മൊശെയോടാണ് സഹോദരന്മാരായ അറബികളിൽ നിന്നെപോലൊരു പ്രവാചകനെ എഴുന്നേൽപ്പിക്കുമെന്ന് ദൈവം പറഞ്ഞത്. ഈ പ്രവചനം യേശുവിനെ കുറിച്ചാണെന്ന് ചില ക്രൈസ്തവ സഹോദരന്മാർ പറയാറുണ്ട്, എന്നാൽ പ്രവചനത്തിൽ പറഞ്ഞ പ്രകാരം യേശു സഹോദര സമുദായമായ അറബികളിൽപെട്ട ആളല്ല. മറിച്ച് ഇസ്റായേൽ വംശത്തിൽ തന്നെയുള്ള ആളായിരുന്നു. കൂടാതെ മോശെയെ പോലെയുള്ള പ്രവാചകനായിരുന്നില്ല യേശു. ഈ താരതമ്യം പൂർണമായും യോജിക്കുന്നത് മുഹമ്മദ് നബി (സ) യിലാണെന്ന് താഴെ പറയുന്ന വസ്തുതകൾ പരിശോധിച്ചാൽ വ്യക്തമാവും

1. പ്രവചന പ്രകാരമുള്ള പ്രവാചകനാണ് താൻ എന്ന് യേശു ഒരിടത്തും വാദിച്ചിട്ടില്ല. മുഹമ്മദ് നബി(സ) വാദിച്ചു.

2. മോശെയെ പോലെ മുഹമ്മദ് നബി(സ)യും ന്യായപ്രമാണത്തോടെ വന്നു.

***'ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകനെയോ നീക്കുവാൻ വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിക്കുവാന ത്രെ ഞാൻ വന്നത്.'(മത്താ: 5:17)*** എന്നു പറഞ്ഞു കൊണ്ട് മോശെയുടെ ന്യായ പ്രമാണം പഠിപ്പിക്കുവാൻ മാത്രമാണ് താൻ വന്നതെന്ന് യേശു വ്യക്തമാക്കി.

3. മോശെയെ പോലെ മുഹമ്മദ് നബി (സ)യും മാതാവിൽ നിന്നും പിതാവിൽ നിന്നും ജനിച്ചു. യേശു ജനിച്ചത് മാതാവിൽ നിന്ന് മാത്രമാണ്.

4.മോശെക്കും മുഹമ്മദ് നബി(സ) ക്കും നിർബന്ധിത സാഹ ചര്യത്തിൽ ദൈവികാജ്ഞയാൽ യുദ്ധം ചെയ്യേണ്ടി വന്നു. യേശു യുദ്ധം ചെയ്തില്ല.

ഈ താരതമ്യ പഠനങ്ങളിൽ നിന്നു തന്നെ മോശെ ദീർഘദർശനം ചെയ്ത പ്രവാചകൻ മുഹമ്മദ് നബി (സ) ആണെന്ന് വ്യക്തമായി.

ബൈബിളിലെ ഈ പ്രവചനങ്ങളുടെ പൂർത്തീകരണമായാണ് മുഹമ്മദ് നബി (സ) നിയുക്തനാ

യിരിക്കുന്നതെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നുണ്ട്. ഇസ്റായീൽ സന്തതികളിൽ നിന്നുള്ള ഒരു സാക്ഷി (മൂസാ) തന്റെ സദൃശനായ ഒരാളുടെ വരവിനെ സംബന്ധിച്ച് സാക്ഷി പറയുകയും അങ്ങനെ അദ്ദേഹം വിശ്വസിക്കുകയും ചെയ്തു എന്ന് 46-ാം അദ്ധ്യായം 11-ാം വചനത്തിലും ഫിർഔന്റെ അടുക്കലേക്ക് നാം ദൂതനെ അയച്ചത് പോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ അയച്ചിരിക്കുന്നു എന്ന് 73-ാം അദ്ധ്യായം 16-ാം വചന ത്തിലും മുഹമ്മദ് നബി (സ) യെ കുറിച്ച് പറഞ്ഞിരിക്കുന്നു.

മോശെയുടെ ഈ പ്രവചനത്തെ കുറിച്ച് അപ്പോ: പ്രവൃത്തികൾ 3:22, 23ലും കാണാവുന്നതാണ്. കൂടാതെ വരാനുള്ള ആ പ്രവാചകൻ 'വേറെ ഗോത്രത്തിലുള്ളവൻ' ആയിരിക്കുമെന്ന് എബ്രായരിലും കാണാം. മുഹമ്മദ് നബി (സ) യെ കുറിച്ചുള്ള മറ്റൊരു പ്രവചനം ആവർത്തന പുസ്തകം 33-ാം അദ്ധ്യായം 2-ാം വചനത്തിലുള്ളത് ഇപ്രകാരമാണ്: ***'യഹോവ സീനായിൽ നിന്നു വന്നു; അവർക്ക് സെയിരിൽ നിന്ന് ഉദിച്ചു. പാറാൻ പർവതത്തിൽ നിന്ന് വിളങ്ങി; പതിനായിരം വിശുദ്ധ ന്മാരോടു കൂടി പുറപ്പെട്ടു വന്നു. അവർക്ക് വേണ്ടി അഗ്നിമയമായ ഒരു ന്യായപ്രമാണം അവന്റെ വലം കയ്യിൽ ഉണ്ടായിരുന്നു.'***

***'യഹോവ സീനായിൽ നിന്നു വന്നു'*** എന്നു പറയുന്നത് ദൈവം സീനാ മലയിൽ വെച്ച് മോശെ പ്രവാചകന് വെളിപ്പെട്ടതിനെയാണ് സൂചിപ്പിക്കുന്നത്. അവർക്ക് സെയിരിൽ നിന്ന് ഉദിച്ചു എന്നത് കൊണ്ട് റോമാ സാമ്രാജ്യത്തിന്റെ അതിർത്തിയിലായിരുന്നു ഫലസ്തീൻ ഉൾപ്പെടുന്ന സെയിർ (സിറിയ) യിലെ യേശുവിന്റെ ആഗമനത്തെ കുറിക്കുന്നു. ***'പാറാൻ പർവതത്തിൽ നിന്നും വിളങ്ങി'*** എന്നത് വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നതാണ്. പാറാൻ പർവതം അറേബ്യൻ മരുഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. അക്കാലത്ത് അറബികളെ ***'പാറാൻ നിവാസികൾ'*** എന്നു വിളിക്കാറുണ്ടായിരുന്നു. ഈ പാറാൻ പർവതത്തിൽ നിന്ന് പ്രവാചകനായി വന്നത് മുഹമ്മദ് നബി (സ) ആയിരുന്നു എന്നുള്ളത് സ്പഷ്ടമാണ്. മാത്രമല്ല, പാറാൻ മരുഭൂമിയെ കുറിച്ച് ഉൽപത്തിയിലും ഹബക്കുക്ക് 3:3 ലും പറഞ്ഞതിൽ നിന്നും ഇത് അറേബ്യയാണെന്ന് വ്യക്തമാകുന്നു.

അതിന് ശേഷം പറയുന്ന പതിനായിരം വിശുദ്ധഭടന്മാരോടു കൂടി പുറപ്പെട്ടു വന്നു എന്ന വചനവും മുഹമ്മദ് നബി (സ) യിൽ പുലർന്നതായി നമുക്ക് കാണാം. ആ മഹാത്മാവ് മദീനയിൽ നിന്ന് മക്കത്തേക്ക് വിജയശ്രീലാളിതനായി ആഗതനായപ്പോൾ അദ്ദേഹത്തോടൊപ്പം പതിനായിരം വിശുദ്ധന്മാരായ അനുയായായികളുണ്ടായിരുന്നു. അഗ്നിമയമായ ഒരു ന്യായ പ്രമാണം അപ്പോൾ അദ്ദേഹത്തിന്റെ വലത് കൈയിലുണ്ടായിരുന്നു. ബൈബിൾ ഇത്ര വ്യക്തമായി മുഹമ്മദ് നബി(സ) യുടെ പ്രവാചകത്വത്തിന് സാക്ഷ്യം പറയുമ്പോൾ ക്രൈസ്തവ സഹോദരന്മാർക്ക് എങ്ങനെയാണ് അത് വിശ്വസിക്കാതിരിക്കാൻ കഴിയുക.

**പുതിയ നിയമത്തിൽ**

ഇനി നമുക്ക് യേശുവിന്റെ സുവിശേഷങ്ങളിൽ മുഹമ്മദ് നബി (സ) യെക്കുറിച്ച് എന്ത് പറയുന്നു എന്ന് നോക്കാം. യോഹന്നാൻ സുവിശേഷം 16-ാം അദ്ധ്യായം 7-ാം വചനത്തിൽ പറയുന്നു: ***'എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു. ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരുകയില്ല. ഞാൻ പോയാൽ അവനെ നിങ്ങളെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായ വിധിയെക്കുറിച്ചും ലോകത്തിന്നു ബോദ്ധ്യം വരുത്തും ....ഇനിയും വളരെ നിങ്ങളോട് പറവാനുണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ അവ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോൾ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കു ന്നത് സംസാരിക്കു കയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ച് തരുകയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നും എടുത്ത് നിങ്ങൾക്ക് അറിയിച്ചു തരുന്നതാണ്. അതു കൊണ്ട് എന്നെ മഹത്വപ്പെടുത്തും.'***

ഇവിടെ വളരെ വ്യക്തമായി തനിക്ക് ശേഷം വരാനുള്ള ആ ലോകാനുഗ്രഹിയെ കുറിച്ച് പറയുന്നു. താനല്ല വരുവാനുള്ള അദ്ദേഹമാണ് പാപത്തെക്കുറിച്ചും നിയതിയെക്കുറിച്ചും ന്യായവിധിയെ ക്കുറിച്ചും ലോകത്തെ പഠിപ്പിക്കുകയെന്നും ഇതിനെക്കുറിച്ചൊന്നും ഗ്രഹിക്കുവാനുള്ള പ്രാപ്തി നിങ്ങൾക്കില്ലെന്നും സത്യത്തിന്റെ ആത്മാവ് വരുമ്പോൾ അദ്ദേഹമായിരിക്കും ലോകത്തെ സകല സത്യത്തിലേക്കും വഴി നടത്തുകയെന്നും അദ്ദേഹം സ്വന്തമായി ഒന്നും സംസാരിക്കാതെ ദൈവിക വെളി പാടിനാൽ ലഭിക്കുന്നതു മാത്രം ജനങ്ങളോട് പറയുമെന്നും ഭാവി കാലത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ ചെയ്യുമെന്നും ഈ വചനങ്ങൾ വ്യക്തമാക്കുന്നു. ഇതേ പ്രവചനം യോഹന്നാൻ സുവിശേഷം 15-ാം അദ്ധ്യായം 25 മുതൽ 27 വരെയുള്ള വചനങ്ങളിലും കാണാം.

**വരുവാനുള്ള സത്യാത്മാവ്**

മുഹമ്മദ് നബി(സ) ആഗതനായി യേശുവിനെക്കുറിച്ചു സാക്ഷ്യം പറഞ്ഞതു മൂലം മുസ്ലിംകൾ ഒന്നടങ്കം യേശു അഥവാ ഈസാ നബി (അ) ദൈവത്തിന്റെ വരിഷ്ഠ ദാസനായ പ്രവാചകനാണെന്ന് ആത്മാർഥമായി വിശ്വസിക്കുന്നു. യേശുവിലുള്ള വിശ്വാസം പൂർണമാകണമെങ്കിൽ ക്രൈസ്തവ സഹോദരന്മാർ യേശുവിന്റെ ***'നിങ്ങളും എന്നോടു കൂടെ ഇരിക്കകൊണ്ട് സാക്ഷ്യം പറവീൻ'*** എന്ന ഉപദേശം സ്വീകരിച്ച് കാര്യസ്ഥനായി വന്ന മുഹമ്മദ് നബി (സ) യിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണെന്ന് ഉണർത്തട്ടെ.

**ആ പ്രവാചകൻ**

ഏലിയാവിനും ക്രിസ്തുവിനും പുറമെ മറ്റൊരു പ്രവാചകൻ കൂടി

വരുവാനുണ്ടെന്ന് യഹൂദർ വിശ്വസിച്ചിരുന്നു. വരുവാനുണ്ടെന്ന് പ്രതീക്ഷിച്ചിരുന്ന ആ പ്രവാചകൻ മുഹമ്മദ് നബി (സ)യല്ലാതെ മറ്റാരുമായിരുന്നില്ല. വരുവാനുള്ള ആ പ്രവാചകനെക്കുറിച്ചുള്ള സൂചന യോഹന്നാൻ സുവിശേഷം ഒന്നാമാദ്ധ്യായം 19 മുതലുള്ള വചനങ്ങളിൽ ഇങ്ങനെ വായിക്കാം :'***നീ ആരാണ് എന്ന് ചോദിക്കാൻ ജെറുശലേമിൽ നിന്ന് യഹൂദർ പുരോഹിതരേയും ലേവ്യരേയുമയച്ചപ്പോൾ യോഹാന്നാന്റെ സാക്ഷ്യം ഇതായിരുന്നു. അയാൾ ഏറ്റു പറഞ്ഞു, അയാൾ നിഷേധിച്ചില്ല; 'ഞാൻ ക്രിസ്തുവല്ല' എന്ന് അയാൾ ഏറ്റു പറഞ്ഞു. അവർ അയാളോട് ചോദിച്ചു:'എങ്കിൽ നീ പിന്നെ ആരാണ്? ഏലിയായോ?' അയാൾ പറഞ്ഞു, 'അല്ല' നീ ആ പ്രവാചകനാണോ? അയാൾ മറുപടി പറഞ്ഞു: 'അല്ല' അപ്പോൾ അവർ അയാളോട് ചോദിച്ചു: 'നീ ആരാണ് .......ക്രിസ്തുവോ പ്രവാചകനോ ഏലിയാവോ അല്ലെങ്കിൽ നീ സ്നാപനം നൽകുന്നത് എന്തിന്? '(യോഹ: 19, 25)***

യഹൂദന്മാരുടെ പ്രതിനിധികളായ പുരോഹിതന്മാരും ലേവ്യരും സ്നാപകൻ യോഹാന്നാനുമായി നടത്തിയ ഈ സംഭാഷണത്തിൽ നിന്നു യേശുവിനും ഏലിയാവിനും പുറമേ മറ്റൊരു പ്രവാചകന്റെ ആഗമനം കൂടി അവർ പ്രതീക്ഷിക്കുന്നുണ്ട് എന്ന് മനസ്സിലാകുന്നു. ആ പ്രവാചകൻ അറേബ്യയിൽ ജനിച്ച മുഹമ്മദ് നബി (സ) അല്ലാതെ മറ്റാരുമല്ല.

**കള്ള പ്രവാചകൻ കൊല്ലപ്പെടും**

തന്റെ നാൽപതാമത്തെ വയസ്സിൽ പ്രവാചകത്വം വാദിക്കുകയും 63-ാം വയസ്സിൽ ഇഹലോകവാസം വെടിയുന്നത് വരെ അചഞ്ചലനായി ആ വാദത്തിൽ അടിയുറച്ച് നിന്ന് വിജയശ്രീലാളിതനായിത്തീർന്ന മുഹമ്മദ് നബി (സ) സത്യ പ്രവാചകനാണെന്നതിന് അദ്ദേഹത്തിന്റെ ജീവിതം തന്നെ തെളിവാണ്. കള്ള പ്രവാചകത്വം വാദിക്കുന്നയാൾ കൊല്ലപ്പെടുകയും അയാളുടെ പ്രസ്ഥാനം നാമാവശേഷമായി തീരുകയും ചെയ്യും എന്നത് ദൈവത്തിന്റെ അലംഘനീയമായ നിയമമാകുന്നു. ഈ നിയമം ആവർത്തന പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: *'എന്നാൽ ഒരു പ്രവാചകൻ ഞാൻ അവനോട് കൽപ്പിക്കാത്ത വചനം എന്റെ നാമത്തിൽ അഹങ്കാരത്തോടെ പ്രഖ്യാപിക്കുകയോ അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരണ ശിക്ഷ അനുഭവിക്കണം'(18:20)*

***'അതുകൊണ്ട് യഹോവയായ ഞാൻ അയച്ചവൻ അല്ലെങ്കിൽ എന്റെ നാമത്തിൽ പ്രവചിക്കയും 'ഈ ദേശത്ത് വാളും ക്ഷാമവും ഉണ്ടാകില്ല'എന്ന് പറയുകയും ചെയ്യുന്നു. പ്രവാചകരെക്കുറിച്ച് ഇപ്രകാരം അരുളി ചെയ്യുന്നു. വാൾ കൊണ്ടും ക്ഷാമം കൊണ്ടും ആ പ്രവാചകന്മാർ മുറിഞ്ഞു പോകും (യിരെമ്യാവ് 14:15)***

***'പിന്നെ യിരെമ്യാ പ്രവാചകനോട്, ഹനന്യാ പ്രവാചകനോട്: ഹനന്യാ കേൾക്ക, യഹോവ നിന്നെ അയച്ചിട്ടില്ല. നീ ഈ ജനത്തെ ഭോഷ്ക്കിലും ആശ്രയിക്കുമാറാക്കുന്നു. അതുകൊണ്ട് യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു: ഞാൻ നിന്നെ ഭൂതലത്തിൽ നിന്നും ഇറക്കിക്കളയും. ഈ ആണ്ടിൽ നീ, മരിക്കും.....അങ്ങനെ ഹനന്യാ പ്രവാചകൻ ആ ആണ്ടിൽ തന്നെ ഏഴാം മാസത്തിൽ മരിച്ചു.' (യിരെമ്യാവ്, 28:16)***

ദൈവത്തിന്റെ നാമത്തിൽ കറ്റുകെട്ടിപ്പറയുന്ന ഒരു പ്രവാചകൻ വധിക്കപ്പെടുമെന്ന് ഇത്ര വ്യക്തമായി ബൈബിളിൽ പഠിപ്പിക്കുമ്പോൾ തന്റെ വാദത്തിന് ശേഷം 23 വർഷക്കാലം സർവ പ്രതിബന്ധങ്ങളേയും മറി കടന്ന് വിജയിച്ച മുഹമ്മദ് നബി (സ) യുടെ പ്രവാചകത്വത്തിൽ സംശയിക്കു വാൻ എന്തുണ്ട് ന്യായീകരണം? മുഹമ്മദ് നബി (സ) അടിത്തറ പാകിയ ഇസ്ലാം മതം 1400 വർഷങ്ങളായി വലിയൊരു സമൂഹത്തിന്റെ മതമായി നിലകൊള്ളുകയും ചെയ്യുന്നു.

ക്രിസ്തീയ സഹോദരന്മാർ അവരുടെ വേദഗ്രന്ഥത്തിൽ പ്രവചനം ചെയ്ത സത്യത്തെ സഗൗരവം ആലോചിക്കേണ്ടിയിരിക്കുന്നു. ശാന്തസുന്ദരമായ ഇസ്ലാമിന്റെ പാഠങ്ങൾ യേശുവിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളുടെ തുടർച്ചയും അതിന്റെ വിപുലീകരണവും തന്നെയാണ്. മുഹമ്മദ് നബി (സ) യുടെ അദ്ധ്യാപനത്തിൽ നിന്ന് മുഖം തിരിച്ച് നിത്യനഷ്ടത്തിൽ പതിക്കായ്വീൻ. സർവ ലോക ത്തിനും അനുഗ്രഹമായി വന്ന കാരുണ്യത്തിന്റെ നിറകുടമായ വതരിച്ച മുഹമ്മദ് നബി (സ) തിരുമേനിയെ സ്വീകരിച്ച് ദൈ പ്രീതിക്ക് പാത്രീഭൂതരായി തീരുവിൻ. നിത്യജീവൻ പ്രാപിക്കുവാൻ ഇതല്ലാതെ ഭൂമിയിൽ മറ്റൊരു മാർഗവും അവശേഷിക്കുന്നില്ലെന്നും ഓർത്തു കൊള്ളുക. ദൈവം നമ്മെയെല്ലാ വരെയും അനുഗ്രഹിക്കട്ടെ.

## റസൂൽ തിരുമേനി(സ)യുടെ ജീവിതം

നുഅ്മാൻ (റ)വിൽ നിന്ന് നിവേദനം : ജനങ്ങൾ സമ്പാദിച്ച ഐഹികാഢംബരങ്ങളെക്കുറിച്ച് നബി(സ) ഒരിക്കൽ സംസാരിക്കുകയുണ്ടയി. റസൂൽ തിരുമേനി (സ) ദിവസം മുഴുവൻ വിശപ്പുസഹിക്കുന്ന ആളായിട്ടാണ് എനിക്ക് കാണാൻ കഴിഞ്ഞരുന്നത്. വളരെ മോശപ്പെട്ട കാരക്ക പോലും വയർ നിറക്കാൻ അവിടുത്തേക്ക് ലഭിച്ചിട്ടില്ല.

# ഇമാമുമാർ യുവാക്കളെ വഴിതെറ്റിക്കുന്നു

ബ്രിട്ടനിലെ പ്രശസ്തമായ ഗാർഡിയൻ/ഒബ്സർവർ(Guardian / The Observer, 15 November 2014 )പത്രത്തിൽ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദുമായി ഗാർഡിയൻ/ഒബ്സർവർ റിപ്പോർട്ടർ നടത്തിയ അഭിമുഖമാണ് താഴെ കൊടുത്തിരിക്കുന്നത്. ഇറാഖിൽ കൂട്ടകൊലകളും ഭീകരതയും സൃഷ്ടിച്ച് മുന്നേറുന്ന Islamic State of Iraq and Syria (ISIS )എന്ന സംഘടനയെ പറ്റിയാണ് ഖലീഫത്തുൽ മസീഹ് പ്രതികരിക്കുന്നത്.

മിർസാ മസ്റൂർ അഹ്മദ്

**'വേ**ണ്ടത്ര വിദ്യാഭ്യാസം ലഭിക്കുകയോ ഇംഗ്ലീഷ് ഭാഷയിൽ പ്രബോധനം നടത്തുവാൻ അറിയാത്തവരോ ആയ ഇമാമുമാർ ബ്രിട്ടീഷ് മുസ്ലിം യുവാക്കളെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസം ലഭിക്കാത്തവരാണ് ഇമാമുമാരായി തീരുന്നത്'. ലോകത്തെങ്ങുമുള്ള ദശലക്ഷക്കണക്കിന് അഹ്മദികളുടെ പ്രഗല്ഭനായ ആത്മീയ നേതാവ് മിർസാ മസ്റൂർ അഹ്മദ് അഭിപ്രായപ്പെട്ടു.

യുവാക്കളായ 500 ചെറുപ്പക്കാരെ ഇസ്ലാമിക്ക് സ്റ്റേറ്റിന് (ISIS) വേണ്ടി ബ്രിട്ടന് നഷ്ടപ്പെട്ടു എന്നതും, പൈശാചികമായ യുദ്ധ ത്തിൽ പങ്കെടുക്കാൻ കൗമാരക്കാർക്ക് പണം നൽകാൻ വേണ്ടി ആളുകളെ ആക്രമിക്കുന്നതും ലജ്ജാകരമാണ്. ബ്രിട്ടനിലെ മുസ്ലിം നേതാക്കന്മാർ തീവ്രവാദം യുവാക്കളെയും സത്രീകളെയും ബാധിക്കാതിരിക്കത്തക്ക വണ്ണം ദൈവത്തെ സ്നേഹിക്കാനും അത്പോലെ സ്വരാജ്യത്തെ സ്നേഹിക്കാനും പഠിപ്പിക്കണം. ഇസ്ലാമിന്റെ സമാധന സന്ദേശം പ്രചരിപ്പിക്കാനും ശ്രമിക്കണം.'

'ഈ രാജ്യത്ത് ജനിച്ച് വളർന്ന യുവാക്കൾക്ക് ഇംഗ്ലീഷ് അറിയം. അവർ ഖുർആന്റെ സന്ദേശങ്ങൾ ഉറുദുവിലും പഞ്ചാബിയിലും അറബിയിൽ പോലും കേട്ടാൽ പോര. അവർ തങ്ങളുടെ ഭൗതിക വിദ്യാഭ്യാസം ആർജിക്കുന്നത് പോലെ ഇംഗ്ലീഷ് ഭാഷയിലൂടെ തന്നെ നല്ല രീതിയിൽ മതവിദ്യാഭ്യാസം നേടണം' ഖലീഫ പറയുകയുണ്ടായി.

മുസ്ലിംകളിലെ ഒരു വിഭാഗമായ അഹ്മദികളെ മറ്റു ചില മുസ്ലിംകൾ അവിശ്വാസികളായാണ് കാണുന്നത്. അഹ്മദികൾ പല മുസ്ലിം രാജ്യങ്ങളിലും പീഡിതരാണ്, പ്രത്യേകിച്ച് പാകിസ്താനിൽ. അഹ്മദികൾ ഈയ്യിടെ അവരുടെ 125-ാം വാർഷികം ആഘോഷിക്കുക യുണ്ടായി. 1926 ലാണ് അഹ്മദികൾ അവരുടെ ആദ്യത്തെ പള്ളി ലണ്ടനിലെ മോർഡൺ സർറേയിൽ പണിതത്. ഇവിടെ പടിഞ്ഞാറൻ യൂറോപ്പിലെ ഏറ്റവും വലിയ മോസ്ക്ക് കോംപ്ലക്സ് ആണുള്ളത്. ഈ മസ്ജിദ് കോംപ്ലക്സ് ഈ മാസം ഒരു പീസ് സിമ്പോസിയത്തിന് ആതിഥ്യമരുളുകയുണ്ടായി. ഖലീഫയുടെ മുഖ്യ പ്രഭാഷണം കേൾക്കാൻ കാബിനറ്റ് മന്ത്രിമാരായ ഗ്രീനിങ്ങും എഡ് ഡേവിയും വരുകയുണ്ടയി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിവിധ മതസ്ഥരായ പ്രമുഖ വ്യക്തികൾ ഈ പരിപാടിയിൽ പങ്കെടുത്തു. തീവ്രവാദത്തിനെതിരെയുള്ള ഇസ്ലാമിന്റെ വിട്ടു വീഴ്ച്ചയില്ലാത്ത നിലപാടിനെ പറ്റി ഖലീഫ സംസാരിക്കുകയും സമാധാനത്തിന് വേണ്ടി വിപുലമായ ശ്രമങ്ങൾ നടത്താൻ ആഹ്വാനം നൽകുകയും ചെയ്തു.

മടങ്ങി വരുന്ന ജിഹാദികൾക്ക് ബ്രിട്ടീഷ് ഗവൺമെന്റ് മാപ്പ് നൽകണമെന്ന് ഗാർഡിയൻ ഒബ്സർവറോട് ഖലീഫ പറയുകയുണ്ടായി. 'അവർ ഇഛാഭംഗം വന്നവരാണ്. അവർ അഭ്യസ്ത വിദ്യരുമാണ്. അവർക്ക് ഇവിടെ ശരിയായ ജോലിയില്ല. വിദ്യാഭ്യാസം അവരുടെ ജീവിതത്തിന് യാതൊരു ഗുണവും നൽകിയില്ല. എനിക്ക് അവരുടെ നിരാശയുടെ വികാരം നന്നായറിയാം. അവർ ഒരവസരം കൂടി അർഹിക്കുന്നു. അവർ തിരിച്ചു വന്നാൽ തീർച്ചയായും അവരുടെ മേൽ നമുക്ക് ജാഗ്രതയുടെ ഒരു കണ്ണ് വെക്കാം'.

ബ്രിട്ടനിലെ ചെറിയ അഹ്മദിയ്യാ സമൂഹത്തിന് ഒരാളും തന്നെ ISIS ക്ക് വേണ്ടി നഷ്ടപ്പെട്ടിട്ടില്ല എന്ന് ഖലീഫ പറഞ്ഞു. ഇസ്ലാമിന്റെ സമാധാന ത്തിന്റെ അദ്ധ്യാപനങ്ങൾ യുവാ ക്കളെ വലിയ തോതിൽ സഹകരിപ്പിക്കുക എന്നത് ഈ വിഭാഗത്തിന്റെ പാരമ്പര്യമാണ്. അത് കുട്ടികൾക്കിടയിൽ ഇസ്ലാമിന്റെ സമാധാന പാഠങ്ങൾ പഠിക്കാനുള്ള പ്രോത്സാഹനം നൽകുന്നു. സമാധാനം സ്ഥപിക്കാൻ ആഹ്വാനം

ചെയ്യുന്ന വിശുദ്ധ ഖുർആനിലെ വചനങ്ങളിലേക്ക് ലോകത്തിന്റെ ശ്രദ്ധക്ഷണിക്കാൻ അദ്ദേഹം മറ്റു മുസ്ലിംകളുടെ സഹായം അഭ്യർഥിച്ചു. എന്നാൽ അക്രമണം നടത്തിക്കൊണ്ടിരിക്കുന്ന ISIS നെ കൈകാര്യം ചെയ്യുന്നതിൽ അന്തർ ദേശീ

യ സമൂഹം കാണിക്കുന്ന നിസ്സം ഗതയെ ഖലീഫ അപലപിക്കു കയുണ്ടയി. ISIS ന് ലഭിക്കുന്ന ധന സഹായത്തെ പറ്റിയും അദ്ദേഹം പറഞ്ഞു: 'ISIS ആധുനികമായ ആയുധങ്ങളാൽ സജ്ജമാണെന്ന് മാത്രമല്ല അവർക്ക് പോരാടാനായി ആയിരക്കണക്കിന് യുവാക്കളെ അയച്ചു കൊടുക്കുകയും ചെയ്യുന്നു. മറ്റു രാജ്യങ്ങളിൽ പോരാളികളുടെ കുടുംബങ്ങൾക്ക് പണം നൽക പ്പെടുന്നു. ജിഹാദിന് പോകുകയാ ണെ ങ്കിൽ ഇവിടെ ബ്രിട്ടനിൽ പോലും ധാരാളം പണം ലഭിക്കും.'

'ISIS ക്ക് വേണ്ടി സൗദി അറേ ബ്യയിൽ നിന്നും കുവൈത്തിൽ നിന്നും ദശലക്ഷക്കണക്കിന് ഡോള റാണ് ഒഴുകുന്നത്. എല്ലാ രഹസ്യാ ന്വേഷണ ഏജൻസികൾക്കും ഗവൺ മെന്റുകൾക്കും ഇതറിയാം. ഒരു യൂ റോപ്യൻ ഭരണത്തലവനോട് ഞാൻ ഇക്കാര്യം പറഞ്ഞിരുന്നു. അടുത്ത ദിവസം അദ്ദേഹം എന്നോട് പറഞ്ഞ ത് ഞങ്ങൾക്ക് എങ്ങനെ ഇത് നിർ ത്താൻ കഴിയുമെന്നാണ്. ഞാൻ പറഞ്ഞു: 'ഞങ്ങൾ ഇതെങ്ങനെ യാണ് നിർത്തിയതെന്ന് നിങ്ങൾ ക്കറിയാം. നിങ്ങൾ ഫണ്ടിങ്ങ് നിർ ത്തണം. ഈ ഫണ്ട് വരുന്നത് എ വിടെ നിന്നാണെന്ന് നിങ്ങൾക്കറി യാം. ആ ഭരണത്തലവൻ ഒന്ന് ചിരി ക്കുകമാത്രമാണ് ചെയ്തത്. മറ്റൊ ന്നും പറഞ്ഞില്ല. അവർക്ക് അതറി യാം. അവർ അക്കാര്യം മനസ്സിലാ ക്കിയിട്ടുണ്ട്. അവരുടെ രാഷ്ട്രീയം അവരെ ഒന്നും ചെയ്യാൻ അനുവദി ക്കുന്നില്ല എന്ന് മാത്രം.'

'നാമെല്ലാം നമ്മുടെ ഭരണകൂട ങ്ങളെ നിർബന്ധിക്കണം. നാം അവരെ പ്രവർത്തിപ്പിക്കുകയാണ് വേണ്ടത്. ജനങ്ങൾക്ക് സമാധാന മാണ് വേണ്ടത്. ഞങ്ങൾ പ്രതീക്ഷ കൈവെടിഞ്ഞിട്ടില്ല. ഇത് എന്തായി തീരും? അവർക്ക് ന്യൂക്ലിയർ ആയു ധങ്ങൾ ലഭിക്കുംവരെ ഇത് തുടരു മോ?' പാകിസ്താനെ പോലെ ന്യൂ ക്ലിയർ ആയുധങ്ങളുള്ള രാജ്യ ങ്ങളിൽ അവർക്ക് സ്നേഹിതന്മാരു ള്ളിടത്തോളം അവർക്ക് തികച്ചും ഇത് സാധ്യമാണ്.' 2003 മുതൽ പാകി സ്താനിൽ നിന്നും പ്രവാസിയായി കഴിയുന്ന ഖലീഫ പറഞ്ഞു. അതു പേലെതന്നെ തീവ്രവാദത്തെ കീഴട ക്കാൻ കഴിയുമെന്നും ഖലീഫ പ്രത്യാശ പ്രകടിപ്പിച്ചു.

'താലിബാനും അൽഖൈദക്കും എന്താണ് ലഭിച്ചത്? ഇരുപത് വർഷങ്ങൾക്ക് മുമ്പ് ഇന്നത്തെതിനേ ക്കാൾ അധികമായിരുന്നു അവരുടെ നേട്ടങ്ങൾ. ഇന്നെവിടെ?. അതേ വിധി തന്നെയാണ് ISIS യേയും കാത്തി രിക്കുന്നത്. ഇസ്‌ലാമിന് ഇവരുണ്ടാ ക്കിയ അപകീർത്തിയിൽ നിന്ന് ഇസ്‌ലാമിന്റെ സൽപേര് വീണ്ടെ ടുക്കാൻ ദശകങ്ങളോളം വേണ്ടി വരും. ഇസ്‌ലാം മോശം മതമല്ലെന്നും ഇപ്പോൾ അത് കഠിനമായിരിക്കുക യാണെന്നാണ് നിരവധി വിവേക ശാലികളായ ആളുകൾ മനസ്സിലാ ക്കുന്നത്. ISIS പത്ത് പേരെ വധി ക്കുമ്പോൾ അത് വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നു. ഞങ്ങൾ ആയിരം പേർ സമാധാനത്തിന് വേണ്ടി പ്രതിജ്ഞ ചെയ്താൽ ആരും അത്ശ്രദ്ധിക്കുന്നില്ല' അദ്ദേഹം പറഞ്ഞു.

---

പേജ് 10 ൽ നിന്നും തുടർച്ച

തോർത്ത് എനിക്ക് ചിരിവന്നു. കാരണം ഹദ്റത്ത് മസീഹ് മൗഊദ് (അ)മുഖേനയാണ് നമ്മൾ ഇടിമിന്ന ലിൽനിന്ന് രക്ഷപ്പെടേണ്ടത്. അല്ലാ തെ നമ്മൾ കാരണത്താലല്ലല്ലോ അവിടന്ന് സുരക്ഷിതനായിരിക്കു ന്നത്!

ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി യുടെ (റ)സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരി ക്കുന്നു:'1905 ൽ മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി(റ) രോഗബാധിതനായി. അദ്ദേഹം വഫാ ത്തായി എന്ന വാർത്തകേട്ടപ്പോൾ എനിക്കത് സഹിക്കാനുള്ള ശക്തി ഉണ്ടായിരുന്നില്ല. ഞാൻ ഓടി എന്റെ മുറിയിൽ കടന്നു. കതകടച്ചു. പിന്നീട് ഒരു ജഡമെന്നോണം കട്ടിലിൽവീ ണു. എന്റെ കണ്ണുകളിൽനിന്ന് കണ്ണീർപ്രവഹിക്കാൻ തുടങ്ങി.'

1908 നെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: എനിക്ക് അങ്ങേയറ്റം വിഷമം പിടിച്ച ഒരു സമയമായിരുന്നു അത്. എനി ക്കെന്നല്ല മുഴുവൻ അഹ്മദികളു ടേയും ജീവിതത്തിൽ ഒരു നവകാല ഘട്ടം ആരംഭിക്കാൻ അതു നിമിത്ത മായി. ആ വർഷമാണ് നമ്മുടെ നിർജീവമായ ശരീരത്തിന് റൂഹെന്ന പോലെയും നമ്മുടെ പ്രകാശരഹിത മായ കണ്ണുകൾക്ക് ദൃശ്യശക്തിയെ ന്നപോലെയും നമ്മുടെ അന്ധകാര നിബിഢമായ മനസ്സുകൾക്ക് വെളി ച്ചമെന്നപോലെയുമുണ്ടായിരുന്ന, ആ അസ്തിത്വം നമ്മളിൽനിന്ന് വേർപെ ട്ടുപോയത്. ഇത് വേർപാടായിരുന്നി ല്ല. ഇത് ഖിയാമത്തായിരുന്നു, കാലു കളുടെ അടിയിൽനിന്ന് മണ്ണ് ഇളകി പ്പോയി. ആകാശം അതിന്റെ സ്ഥാന ത്തുനിന്ന് തെന്നിമാറി. അല്ലാഹു സാക്ഷിയാണ് ആ നേരത്ത് ഭക്ഷ ണത്തെ കുറിച്ചുള്ള ചിന്ത ഉണ്ടായി രുന്നില്ല. വസ്ത്രത്തെക്കുറിച്ചുള്ള ചിന്ത ഉണ്ടായിരുന്നില്ല. ഒരേയൊരു ചിന്തമാത്രമാണുണ്ടായിരുന്നത്. അതി തായിരുന്നു: ലോകം മുഴുവനും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉപേക്ഷിച്ചാലും ഞാനൊരിക്കലും ഉപേക്ഷിക്കുകയില്ല. വീണ്ടും ഈ ജമാഅത്തിനെ ഭൂമിയിൽ സ്ഥാപിക്കു കതന്നെ ചെയ്യും. ആ പ്രതിജ്ഞ എത്രത്തോളം നിറവേറ്റിയെന്ന് എനി ക്കറിയില്ല. എന്നാൽ, എന്റെ നിയ്യത്ത് എപ്പോഴും ആ പ്രതിജ്ഞ അനുസ രിച്ച് എന്റെ പ്രവർത്തനം ഉണ്ടാകേ ണമേ എന്നു തന്നെയായിരുന്നു.'

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ ജമാഅത്തിലെ ഓരോ അംഗവും, പിന്നീട് വന്നിട്ടുള്ളവരും അവിടന്ന് ഈ പ്രതിജ്ഞ ഭംഗിയായി നിറവേറ്റി എന്നതിന് സാക്ഷിയാണ്. നമുക്കും ആ പ്രതിജ്ഞ നിറവേറ്റുന്ന തിനായി ശരിയായ വഴിയിലേക്ക് ആ മഹാത്മാവ് മാർഗദർശനം നല്കി. അല്ലാഹു നമുക്ക് നമ്മുടെ പ്രതിജ്ഞ നിറവേറ്റാനുള്ള തൗഫീഖ് നല്കുമാ റാകട്ടെ.

# യേശുവിന്റെ അജ്ഞാത ജീവിതം

യേശുവിനെ സംബന്ധിച്ച അയഥാർഥമായ ഇതിഹാസ കഥനങ്ങൾ മതങ്ങൾ സൃഷ്ടിക്കുന്ന മിത്തുകളുടെ ഭാഗമാണെന്നത് ചരിത്രകാരന്മാർക്ക് ബോദ്ധ്യപ്പെട്ട യാഥാർഥ്യമാണ്. അതുകൊണ്ട് തന്നെ കുരിശുസംഭവാനന്തരം യേശുവിന് എന്ത് സംഭവിച്ചു എന്ന പ്രശ്നത്തിന് കൂടി ഉത്തരവാദപ്പെട്ട ചരിത്രകാരന്മാർ വ്യക്തത വരുത്തേണ്ടതുണ്ട്. കുരിശു സംഭവാനന്തരമാണ് യേശു ഇന്ത്യയിൽ പര്യടനം നടത്തിയത് എന്ന വാഗ്ദത്ത മസീഹിന്റെ വാദത്തിന് ചരിത്രകാരന്മാർക്കിടയിൽ സ്വീകാര്യത വർധിച്ചു വരുന്നു എന്നതാണ് സത്യം. യേശു കുരിശു സംഭവത്തിന് മുമ്പാണ് ഇന്ത്യയിൽ പര്യടനം നടത്തിയത് എന്ന് വാദിച്ചുകൊണ്ട് 'യേശുവിന്റെ അജ്ഞാത ജീവിതം' (The Unknwon Life of Jesus Christ) എന്ന പുസ്തകമെഴുതിയ നിക്കളോയ് നോട്ടോവിച്ചിന്റെ വെളിപ്പെടുത്തലുകളിലെ സന്ദിഗ്ദതകൾ ലേഖകൻ ഇവിടെ വിശകലനം ചെയ്യുകയാണ്.

എൻ. ഇ. ഹഖ്

**കു**രിശു സംഭവാനന്തരം യേശു ക്രിസ്തു ഇന്ത്യയിൽ കാലഗതി യടഞ്ഞതിനെ പറ്റിയുള്ള വാഗ്ദത്ത മസീഹിന്റെ യുഗനിർണായകമായ വെളിപ്പെടുത്തലോടെയാണ് ക്രിസ്തുവിനെ സംബന്ധിച്ച മഹാവിവാദങ്ങൾ ഒരു വഴിത്തിരിവിലെത്തി നിൽക്കുന്നത്. നൂറ്റാണ്ടുകളോളം തെറ്റായി ദൈവമെന്നോണം ആരാധിക്കപ്പെട്ടു പോന്ന ഇസ്റായീല്യരുടെ മിശിഹാ ആയ യേശു ക്രിസ്തുവിന്റെ കബറിടം കശ്മീരിലെ ശ്രീനഗറിനടുത്ത് അദ്ദേഹം ചൂണ്ടികാട്ടുകയും കൂടി ചെയ്തതോടെ യേശുവിനെ സംബന്ധിച്ച ശതകങ്ങളായുള്ള എല്ലാ തർക്കങ്ങൾക്കും അന്തിമമായ പരിഹാരം കണ്ടെത്തപ്പെട്ടു കഴിഞ്ഞിരുന്നു. എന്നാൽ യേശുവിന്റെ ജീവിത പാഠങ്ങളും ഇന്ത്യയിലെ പൗരാണിക ബൗദ്ധസാഹിത്യവും തമ്മിലുള്ള ശ്രദ്ധേയമായ സാമ്യ സാദൃശ്യങ്ങൾ ചരിത്രകാരന്മാർക്കിടയിൽ ചിലരെയെങ്കിലും യേശു ഇന്ത്യയിൽ പര്യടനം നടത്തിയിരുന്നുവെന്ന വസ്തുത കണ്ടെത്താനും തുറന്ന് പറയാനും പ്രേരിപ്പിച്ചു. 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഇന്ത്യ സന്ദർശിക്കുകയും ഹെമിസ് വിഹാരത്തിൽ താമസിക്കുകയും ചെയ്ത പത്രപ്രവർത്തകനും റഷ്യൻ സഞ്ചാരിയുമായ നിക്കളോയ് നോട്ടോവിച്ച് വെളിപ്പെടുത്തിയിരുന്ന യേശുവിന്റെ അജ്ഞാത ജീവിതം സംബന്ധിച്ച വിവരങ്ങൾ അത്തരത്തിലുള്ള ഒന്നാണ്. യേശുവിന്റെ ജീവിതത്തെയും പൗരസ്ത്യ രാഷ്ട്രങ്ങളെയും പരാമർശിക്കുന്ന ചില പ്രാചീന രേഖകൾ അദ്ദേഹം അവിടെ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 1894-ൽ പാരീസിൽ വെച്ച് യേശുവിന്റെ അജ്ഞാത ജീവിതം (The Unknwon Life of Jesus Christ) എന്ന പേരിൽ തന്റെ കൃതി പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി. ക്രിസ്തുവിന്റെ ഇന്ത്യയുമായുള്ള ബന്ധം വിവരിക്കുന്ന ഈ കൃതി ലോകത്തിലെ പല ഭാഗങ്ങളിലും ചർച്ച ചെയ്യപ്പെട്ടിരുന്നതാണെങ്കിലും നോട്ടോവിച്ചിന്റെ സ്വന്തം രാജ്യമായ റഷ്യയിൽ അത് വളരെയൊന്നും ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. ക്രിസ്തുമത പക്ഷപാതിത്വത്തിന്റെ പ്രതീകമായിരുന്ന സാറിസ്റ്റ് ഏകാധിപത്യത്തിന്റെ മതദ്വേഷകരമായ കമ്മ്യൂണിസ്റ്റ് സർവാധിപത്യത്തിന്റെയും ഉരുക്കു മുഷ്ടിയിലകപ്പെട്ടിരുന്ന റഷ്യയിൽ ഈ ഗ്രന്ഥവും ഗ്രന്ഥകാരനും ശ്രദ്ധിക്കപ്പെട്ടില്ലെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. എന്നാൽ റഷ്യയിലിപ്പോൾ കമ്യൂണിസം മറമാടപ്പെടുകയും ശതകങ്ങളായി അന്യം നിന്ന വിശ്വാസ സ്വാതന്ത്ര്യത്തിന്റെ മന്ദമാരുതൻ സോവ്യറ്റ് യൂണിയനിൽ വീശിതുടങ്ങുകയും ചെയ്തു കഴിഞ്ഞല്ലോ.

ഈ സന്ദർഭത്തിൽ റഷ്യയിൽ നിന്നും 21 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന 'സോവ്യറ്റ് യൂണി യൻ' എന്ന ആനുകാലികത്തിൽ 1991 ഒക്ടോബർ നവമ്പർ ലക്കങ്ങളിൽ സോവ്യറ്റ് ചരിത്രകാരനായ ലിയോണിദ് മിത്രോഖിൻ യേശുവിന്റെ അജ്ഞാത ജീവിതം എന്ന ശീർഷകത്തിൽ ഇംഗ്ലീഷ് ഭാഷയിലെഴുതിയ ലേഖനം വളരെ ശ്രദ്ധേയമാണ്. യേശുവിന്റെ കുരിശു മരണം പോലെയുള്ള അവാസ്തവ കഥകളുടെ പൊള്ളത്തരം തുറന്നു കാട്ടുന്ന അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരുടെ 'യേശു ഇന്ത്യയിൽ' എന്ന വിഖ്യാത ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പുറം ചട്ടയുടെ പടവും ശ്രീനഗറിലെ കബറിന്റ പടവും യേശുവിന്റ യാത്രാപഥം കാണിക്കുന്ന മാപ്പും ചേർത്ത് പ്രസിദ്ധീകരിച്ച പ്രസ്തുത ലേഖനത്തിലെ മിഖാത്രിൻ നോട്ടോ വിച്ചിനെയും അദ്ദേഹത്തിന്റെ കൃതിയേയും സമഗ്രമായി വിലയിരുത്തുന്ന ക്രിസ്തുവിനെ സംബന്ധിച്ച വി വാദങ്ങളെ പറ്റി ആമുഖമായി വിശകലനം

ചെയ്തു കൊണ്ട് ഈ വൃത്തത്തിലെ വിവിധതരം പ്രസിദ്ധീകരണങ്ങളിൽ ഇന്ത്യ കൂടുതൽ ശ്രദ്ധേയമായിക്കൊണ്ടിരിക്കുകയാണെന്നാണ് ലേഖകൻ പറയുന്നത്. 'ഈ രാജ്യത്ത് താരതമ്യേന ക്രിസ്ത്യാനികൾ വളരെ ചെറിയ ഒരു ന്യൂനപക്ഷമാണെങ്കിലും ഇന്ത്യൻ ക്രിസ്റ്റോളജി ഇവിടെ വലിയ പ്രചാരം നേടികഴിഞ്ഞിട്ടുണ്ട്. അതാകട്ടെ അതിന്റെ സമീപനങ്ങളാലും മറ്റു പല കാരണങ്ങളാലും അന്യാദൃശമാണു താനും.' യേശുവിന്റെ ജീവിതവും ഇന്ത്യയും തമ്മിലുള്ള ബന്ധത്തെയും അതിലുപരി ഈ രാജ്യത്ത് യേശു നടത്തിയതായി പറയപ്പെടുന്ന 'രണ്ട് സന്ദർശന ങ്ങളെക്കുറിച്ചും' ഇന്ത്യക്കാരുൾപ്പെടെ പല ഗ്രന്ഥകാരന്മാരും വിശകലനം നടത്തുന്നതായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. കാശ്മീരി ചരിത്രകാരനായ ഫിദാ ഹുസൈന്റെ അടുത്ത കാലത്ത് ഇന്ത്യയിൽ പ്രസിദ്ധീകരിച്ച അഞ്ചാം സുവിശേഷം എന്ന പുസ്തകം അതിലൊന്നാണ്. യേശു യുവാവായിരിക്കേ ഹൈന്ദവ ബൗദ്ധ കേന്ദ്രങ്ങളിൽ കഴിച്ചു കൂട്ടുകയും അതിന് ശേഷം ഫലസ്തീനിലെ ദാരുണമായ സംഭവവികാസങ്ങളെ തുടർന്ന് ഇവിടെ വീണ്ടും വരുകയും കാശ്മീരിൽ വെച്ച് സമാധാന പൂർവമായ സ്വാഭാവിക മരണം വരിക്കുകയുമാണുണ്ടായതെന്ന് തുടങ്ങി ക്രിസ്തുമത സ്ഥപകരെക്കുറിച്ചുള്ള പല പുതിയ വിവരങ്ങളും ഇന്ത്യയിലും വിദേശത്തുമുള്ള പത്രങ്ങളിൽ ഫിദാ ഹുസൈൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യേശുവിന്റെ കല്ലറ ശ്രീനഗർ പട്ടണത്തിൽ സ്ഥിതി ചെയ്യുന്നുവെന്ന ഫിദാ ഹുസൈന്റെ മറ്റൊരു കണ്ടുപിടുത്തെ കുറിച്ചാണ് 'അഞ്ചാം സുവിശേഷ'ത്തിൽ നിന്ന് നാം പഠിക്കുന്നത്. ആ മൃതകുടീരം സൂക്ഷ്മമായും സുരക്ഷിതമായും സംരക്ഷിച്ചു വന്നിട്ടുള്ളത് യേശുവിന്റെ 'അനുയായികൾ തന്നെയാണ്'

ഫിദാ ഹുസൈന്റെയും അതിന് മുമ്പ് ഈ കാര്യങ്ങൾ ഉന്നയിച്ചിരുന്നവരുടെയുമെല്ലാം അവലംബം നോട്ടോവിച്ച് ഏതാണ്ട് നൂറു കൊല്ലം മുമ്പ് പാരീസിൽ പ്രസിദ്ധീകരിച്ച യേശുവിന്റെ അജ്ഞാന്ത ജീവിതം എന്ന കൃതിയാണെന്നാണ് മിത്രോക്കിന്റെ അഭിപ്രായം.യൂറോപ്പിന്റെ മത മണ്ഡലത്തിൽ ഏറെ ഒച്ചപ്പാപാടുണ്ടാക്കുകയും ഏറ്റവുമധികം വിറ്റഴി ക്കപ്പെടുകയും ചെയ്ത ഒരു കൃതി യായിരുന്നു അത്. എങ്കിലും ഈ കൃതിയുടെ കർത്താവിന്റെ വ്യക്തിത്വത്തെ പറ്റി പരാമർശിക്കുന്ന യാതൊന്നും നോട്ടോവിച്ചിന്റെ പുസ്തകത്തിന്റെ റഷ്യൻ പരിഭാഷയിൽ നിന്ന് പോലും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. അതിനിടെ സഞ്ചാരിയെ ക്കുറിച്ച് ഒരു ജർമൻ വേദപണ്ഡിത നായ റോബർട്ട് ക്ലാറ്റ് നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ അന്യാദൃശമായ വ്യക്തിത്വത്തെയാണ്. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ 'യേശുവിന്റെ അജ്ഞാത ജീവിതം' ഒരു വേള നോട്ടാവിച്ചിന്റെ സ്വന്തം ഭാവനയുടെ ഫലം മാത്രമാണെന്ന വാദവും തള്ളിക്കളഞ്ഞു കൂടാനാകാത്തതാണെന്നാണ് മിത്രോക്കിന്റെ പക്ഷം.

നോട്ടോവിച്ച് ഇന്ത്യയിൽ നിന്ന് യൂറോപ്പിൽ തിരിച്ചെത്തിയ ശേഷം ഏതാണ്ട് 8 വർഷം കഴിഞ്ഞാണ് യേശുവിന്റെ അജ്ഞാത ജീവിതം പ്രസിദ്ധീകരിച്ചത് എന്ന് ഇവർ പറയുന്നു. റഷ്യയിൽ സാറിന്റെ അസഹിഷ്ണുത നിറഞ്ഞ മത നയം അദ്ദേഹത്തിന് നല്ലത് പോലെ അറിയാമായിരുന്നു. അതു കൊണ്ടാണ് തന്റെ നോട്ടുകൾ ഫ്രഞ്ച് പ്രസാധകരെ ഏൽപ്പിക്കുകയുണ്ടായത് എങ്കിലും ഈ കൃതി 1895 ന് മുമ്പെ തന്നെ ജർമൻ ഭാഷയിൽ നിന്നും റഷ്യനിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയും വിശ്വാസവും യുക്തിയും എന്ന ജേർണലിന്റെ 22-ാം ലക്കത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയുമുണ്ടായി. അതേ വർഷം തന്നെ റഷ്യയിൽ എത്തിച്ചേർന്ന നോട്ടാവിച്ചിനെ സെന്റ് പീറ്റേഴ്സ് ബർഗിൽ വെച്ച് ഉടൻ അറസ്റ്റ് ചെയ്യുകയും അന്വേഷണമോ വിചാരണയോ കൂടാതെ തടങ്കലിൽ ഇടുകയും ചെയ്തു. അനന്തരം സാറിസ്റ്റ് അധികാരികളുടെ നിർബന്ധമനുസരിച്ച് 'നോട്ടോവിച്ചിന്റെ സാഹിത്യ പ്രവർത്തനങ്ങൾ സമുദായത്തിനും സ്റ്റേറ്റിനും അപകടകരമാണ് എന്ന് കണ്ട് എന്ന വിദുര പട്ടണ പ്രദേശത്തേക്ക് നാടു കടത്തുകയുണ്ടായി.

യേശുവിന്റെ ജീവിതപാഠങ്ങളും ബൗദ്ധ പാഠങ്ങളും തമ്മിലുള്ള സാമ്യതകളെയും പുതിയ നിയമത്തിൽ യേശുവിന്റെ ജീവചരിത്രത്തിൽ കാണുന്ന ഗണനീയ വിടവുകളെയും കുറിച്ച് യൂറോപ്പിൽ വളരെയധികം ചർച്ചകൾ നടന്നു കൊണ്ടിരുന്ന കാലഘട്ടത്തിലാണ് നോട്ടോവിച്ച് മദ്ധ്യേഷ്യ, അബിസീനിയ പേർഷ്യ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച ശേഷം ഇന്ത്യയിലേക്ക് തിരിച്ചതെന്ന് മിത്രേഖിൽ ചൂണ്ടിക്കാണിക്കുന്നു. അദ്ദേഹം കശ്മീരിലെ വിദൂരമായ വടക്കൻ പ്രദേശങ്ങളും വിശിഷ്യ ലഡാക്കും ഹിമാലയൻ മലയിടുക്കുകളും സന്ദർശിക്കുകയും അവിടങ്ങളിൽ യേശുവിനെ സംബന്ധിച്ച വിസ്മയകരമായ വാർത്താശകലങ്ങളടങ്ങിയ അപൂർവ പ്രാചീന ലിഖിതങ്ങൾ കണ്ടെത്തുകയും ചെയ്തു. ഈ പുണ്യപുരാതന ലിഖിതപ്രകാരം യേശു പതിമൂന്നാം വയസ്സിൽ ഇന്ത്യലെത്തുകയും ബ്രാഹ്മണരുടേയും ബൗദ്ധരുടെയും കീഴിൽ ദിവ്യജ്ഞാനം ആർജിക്കുകയുമാണുണ്ടായത്. ജാതി വ്യവസ്ഥയെ എതിർത്തിരുന്ന യുവാവായ യേശു ബ്രാഹ്മണരോട് ഏറ്റുമുട്ടുകയും ഹിന്ദുക്കളുടെ വേദങ്ങളും ഉപനിഷത്തുക്കളും ദൈവപ്രോക്തങ്ങളാണെന്ന വാദത്തിൽ സംശയം പ്രകടിപ്പിക്കുകയുമുണ്ടായി. പിന്നീട് അദ്ദേഹം ബുദ്ധന്റെ ജന്മസ്ഥലമായ നേപ്പാളിലേക്ക് ഓടിപ്പോകാൻ നിർബ ന്ധിതനാവുകയും അവിടെ വെച്ച് ബുദ്ധമത പാഠങ്ങളിൽ അവഗാഹം നേടിയതിന് ശേഷം ഫലസ്തീനിലേക്ക് തിരിക്കുകയു മാണത്രെ ഉണ്ടായത്. അവിടെ അദ്ദേഹം ബൗദ്ധപാഠങ്ങളുടെ അടിസ്ഥാനത്തിൽ തന്റെ പ്രബോധനം ആരംഭിച്ചുവത്രെ.

എന്നാൽ യേശുവിന്റെ ഇന്ത്യൻ

പര്യടനത്തെക്കുറിച്ച് നോട്ടോവിച്ചിന്റെ വിവരണത്തിന് അനുകൂലികളും പ്രതികൂലികളുമുണ്ടെന്ന് മിത്രോഖിൻ ചൂണ്ടിക്കാട്ടുന്നു. നോട്ടോവിച്ചിന്റെ കൃതിയുടെ വിശ്വാസ യോഗ്യത എത്രത്തോളമുണ്ടെന്ന കാര്യത്തിൽ സംശയങ്ങൾ ഉന്നയിക്കപ്പെട്ടു. തന്റെ ഹെമിസ് വിഹാരത്തിലെ സന്ദർശനം വിവരിച്ചുകൊണ്ട് അവിടെയുണ്ടായിരുന്ന മുഖ്യലാമ മഞ്ഞ്പുറങ്ങളോടു കൂടിയ രണ്ട് ഗ്രന്ഥചുരുളുകളിൽ നിന്ന് യേശുവിനെക്കുറിച്ചുള്ള ബൗദ്ധ ജീവചരിത്രം വായിച്ചു കേൾപ്പിക്കുകയുണ്ടായെന്നാണ് നോട്ടോവിച്ച് പറയുന്നത്. ഇതിൽ നിന്ന് തന്നെ അദ്ദേഹത്തിന്റെ വാദങ്ങളുടെ വിശ്വാസ്യതയെ സംബന്ധിച്ചിടത്തോളം സംശയങ്ങളുയരുന്നുണ്ട്. അദ്ദേഹം അഭിപ്രായപ്പെടുന്നു: ഇംഗ്ലീഷ് ഭാഷയിലുള്ള 'ടിബറ്റൻ റിവ്യൂ' വിലെ 1981 മെയ് ലക്കത്തിൽ നോട്ടോവിച്ചിനെയും ക്രിസ്തുവിന്റെ തിബത്തൻ ജീവിതത്തെയും കുറിച്ച് ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ലേഖകനായ ജോൺ ബ്രേ, നോട്ടോവിച്ചിന്റെ പ്രസ്താവനക്കെതിരിൽ വിശദമായ വാദഗതികൾ ഉന്നയിക്കുന്നു. ബ്രേയുടെ അഭിപ്രായത്തിൽ നോട്ടോവിച്ചിന്റെ കണ്ടു പിടുത്തത്തിനുള്ള ഒരേയൊരു തെളിവ് നോട്ടോവിച്ചിന്റെ പുസ്തകം മാത്രമേയുള്ളൂ. യേശുവിന്റെ അജ്ഞാത ജീവിതം പ്രസിദ്ധീകരിക്കപ്പെട്ടതിന് ശേഷം ആഗ്രയിലെ ബ്രിട്ടീഷ് ഗവൺമെന്റ് കോളെജിലെ പ്രൊഫ. എ. ഡഗ്ലസ് സാമുവൽ ജോൺഡാൽ എന്നൊരു ഗൈഡു മൊത്ത് ലഡാക്കിലെ ഹെമിസ് ബുദ്ധ വിഹാരം സന്ദർശിക്കുകയും അവിടത്തെ മുഖ്യ ലാമയുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. പക്ഷേ യേശുവിന്റെ തിബത്തൻ ജീവിതത്തെ കുറിച്ചും മറ്റുമുള്ള നോട്ടോവിച്ചിന്റെ പൗരാണിക രേഖകളെ പിന്താങ്ങുന്ന ഒരു തെളിവും കണ്ടെത്തിയിരുന്നില്ലെന്നും അങ്ങനെയൊരു യൂറോപ്യൻ അവിടെ വന്നിട്ടില്ലെന്നും ഈസയെ പരാമർശിക്കുന്ന ജീവചരിത്രം അവിടെ ഒരിക്കലും ഉണ്ടായിരുന്നില്ലെന്നും ആ മുഖ്യ ലാമ അവരോട് പറഞ്ഞുവത്രേ. അതിന് ശേഷം 1950 ൽ ലാഹോറിലെ അവസാനത്തെ ക്രിസ്ത്യൻ മിഷണറിയായ പിയറെ വിറ്റേഴ്സ് ഒരു ബംഗാളി സാധുവുമൊത്ത് ഹെമിസ് സന്ദർശിക്കുകയുണ്ടായി. പാലിയിലും മറ്റു പൗരസ്ത്യ ഭാഷകളിലുമുള്ള തിബത്തൻ സാഹിത്യ ശേഖരങ്ങൾ അവർ അവിടെ കണ്ടെത്തുകയുണ്ടായെങ്കിലും ആ ഹെമിസ് ലൈബ്രറിയി ലെവിടെയെങ്കിലും ഈസയെ പരാമർശിക്കുന്ന ഒന്നും തന്നെ കണ്ടെത്താനായില്ല. ഇത് പോലെ മറ്റു പലപണ്ഡിതന്മാരും കാശ്മീരിലും ലഡാക്കിലും യാത്ര നടത്തിയിരുന്നു. അവർക്കും യാതൊന്നും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. നോട്ടോവിച്ചിന് തന്റെ നിർണായക കണ്ടു പിടുത്തത്തെക്കുറിച്ച് അറിയിക്കാൻ ചില കാരണങ്ങളാൽ 8 വർഷം വേണ്ടിവന്നു എന്ന വസ്തുത കൂടികണക്കിലെടുക്കുമ്പോൾ ഈ സംശയം വർധിക്കുകയാണുണ്ടായ തെന്ന് മിത്രോക്കിൻ ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല തിബത്തൻ ഭാഷയിൽ അച്ചടിക്കുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്തിരുന്ന ക്രിസ്ത്യൻ മിഷണറി മാരുടെ കൃതികൾ നോട്ടോവിച്ച് കാണുകയും അതിന്റെ കടുത്ത പരിഭാഷ നിമിത്തം അവ ബൗദ്ധ ലിഖിതങ്ങളാണെന്ന് അദ്ദേഹത്തിന് തോന്നുകയും ചെയ്തതാവാം. എന്നാൽ അതേ സമയം തന്നെ യേശുവിന്റെ ബൗദ്ധ ജീവിത ത്തെക്കുറിച്ചുള്ള ആശയത്തിന് നിദാനമായ ഏതാനും യഥാർഥ ഉറവിടങ്ങളുണ്ടായിരിക്കുവാനുള്ള സാദ്ധ്യത പൂർണമായും തള്ളിക്കളഞ്ഞുകൂടെന്നും ഈ സോവ്യറ്റ് ചരിത്രകാരൻ അഭിപ്രായപ്പെടുന്നു. കാരണം യേശുവിനെ സംബന്ധിച്ച് നിരവധി മിത്തുകളും കഥകളുമുണ്ടെന്നാണ് നോട്ടോവിച്ചിന് ശേഷം തിബറ്റ് സന്ദശിച്ച മറ്റൊരു പേർഷ്യൻ സഞ്ചാരിയായ നിക്കോളോയ് റോറിക്കിന്റെ ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. ഏതായാലും നോട്ടോവിച്ചിന്റെ പുസ്തകം ഭാവിയിലും നിരവധി ഗവേഷകന്മാരുടെയും എഴുത്തുകാരുടെയും ഭാവന ഉണർത്തുമെന്നകാര്യം അവിതർക്കിതമാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ടാണ് മിത്രോക്കിൻ തന്റെ ലേഖനം അവസാനിപ്പിക്കുന്നത്.

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹ് (അ) യേശു മിശിഹാ ഇന്ത്യയിൽ എന്ന ഗ്രന്ഥത്തിലൂടെ സമുൽ ഘാടനം ചെയ്ത യേശു ക്രിസ്തുവിന്റെ ഇന്ത്യൻ പര്യടനം സംബന്ധിച്ച വിവാദം ഇങ്ങനെ ചരിത്രകാരന്മാർക്കിടയിൽ യുഗപ്രധാനമായ ഗവേഷണ പ്രശ്നമായി തീർന്നിരിക്കയാണെന്നാണ് ഇതൊക്കെയും മനസ്സിലാക്കിത്തരുന്നത്. ചരിത്ര പുരുഷനായ യേശു ക്രിസ്തുവിനെ തേടി ബൗദ്ധിക ലോകം സങ്കീർണമായ വാദവിവാദങ്ങളിൽ മുഴുകിയിരുന്ന അവസരത്തിലായിരുന്നു വാഗ്ദത്ത മസീഹ് ഇന്ത്യയിലെ കശ്മീരിലെ ശ്രീനഗറിൽ ക്രിസ്തുവിന്റെ കബറിടം കൂടി കണ്ടെത്തിക്കൊണ്ട് യേശുവിന്റെ ജീവിതത്തെ സംബന്ധിച്ച എല്ലാ തർക്കങ്ങൾക്കും ശാശ്വത പരിഹാരം മുന്നോട്ടു വെച്ചത്. എന്നാൽ യേശു കുരിശ് സംഭവത്തിന് മുമ്പ് യുവാവായിരിക്കുമ്പോഴാണ് ഇന്ത്യയിലുണ്ടായിരുന്നതെന്ന വാദഗതികളെ തന്റെ കൃതികളിലൂടെ അദ്ദേഹം ശക്തിയുക്തം നിഷേധിക്കുകയുണ്ടായി. അതുകൊണ്ട് നോട്ടോവിച്ച് അവതരിപ്പിച്ച പൗരാണിക രേഖകൾ ബൗദ്ധ രേഖകൾ കൃത്രിമങ്ങളാണെന്ന് വന്നാൽ തന്നെ യേശുവിനെ കുറിച്ചുള്ള അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ ദിവ്യവാദത്തെ അത് ഒരു തരത്തിലും ബാധിക്കു കയില്ലെന്ന വസ്തുത ഇവിടെ പ്രസ്താവ്യമാണ്. ക്രിസ്തുവിന്റെ അജ്ഞാത യൗവനം ഫലസ്തീനിൽ തന്നെയാണ് കഴിച്ചുകൂട്ടിയതെന്ന് തെളിയുന്ന സൂച്യവചനങ്ങൾ ബൈബിളിൽ തന്നെ കണ്ടെത്താൻ കഴിയും. നോട്ടോവിച്ച് അവതരിപ്പിക്കുന്ന പൗരാണിക ബൗദ്ധ രേഖകളാകട്ടെ യേശു ഇന്ത്യയിൽ വന്നിരുന്നു എന്നേടത്തോളം വസ്തു താപരമാണെങ്കിലും ബൗദ്ധ ചരിത്രകാരന്മാരുടെ വളച്ചു കെട്ടലിന് വിധേയമാണെ

ന്ന കാര്യം കൂടി അഹ്മദിയ്യാ മുസ്ലിം പണ്ഡിതന്മാർ ചൂണ്ടിക്കാട്ടിയിരുന്നു. യേശുവിന്റെ അദ്ധ്യാപനങ്ങൾ ബുദ്ധന്മാരുടെയും ജാതി ബ്രാഹ്മണന്മാരുടെയും പാഠങ്ങളെക്കാൾ മഹത്തരമായി അവർക്ക് തോന്നി. അങ്ങനെ അവർ യേശു ഇന്ത്യയിൽ വന്നുവെന്ന വസ്തുതയെ നിഷേധിക്കാതെ തന്നെ ഗൗതമ ബുദ്ധന്റെ മാഹാത്മ്യത്തെ പ്രകടിപ്പിക്കുന്നതിന് യേശു ബുദ്ധന്റെ സിദ്ധാന്തങ്ങൾ പഠിക്കുന്നതിന് വേണ്ടിയാണ് ഇന്ത്യയിൽ വന്നതെന്ന് വരുത്തിതീർക്കുകയാണുണ്ടായത്.!

ചുരുക്കത്തിൽ കുരിശു മരണത്തിൽ നിന്ന് രക്ഷ പ്രാപിച്ച ശേഷം ഈസ ഇന്ത്യയിൽ വന്നെത്തുകയും നീണ്ട കാലം ഇവിടെ വസിച്ചു ജനങ്ങളിൽ പ്രത്യേകിച്ച് ബുദ്ധ മതം സ്വീകരിച്ച യഹൂദർക്കിടയിൽ ദൈവിക സന്ദേശം പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന ചരിത്ര യാഥാർഥ്യം ഇന്ന് കൂടുതൽ കൂടുതൽ വ്യക്തമായി വരികയാണ്. 'തന്റെ രണ്ടാമത്തെ ആവിർഭാവ കാലത്ത് ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലപിക്കും' എന്ന് യേശു മിശിഹ പ്രവചിച്ചതായിരുന്നു. വാഗ്ദത്ത മസീഹ് അഥവാ ഭൂമിയിൽ അവതരിച്ചു കഴിഞ്ഞ യേശു രണ്ടാമൻ ചരിത്രപരവും വേദ പ്രോക്തവുമായ ഒട്ടനവധി തെളിവുകളാൽ ക്രിസ്തു കുരിശിൽ നിന്ന് രക്ഷപ്പെട്ടതിനേയും ഇന്ത്യയിൽ വന്ന് കശ്മീരിൽ കാലഗ തിയടഞ്ഞതിനേയും സംബന്ധിച്ച യാഥാർഥ്യം ലോകത്തിന് വെളിപ്പെടുത്തിയപ്പോൾ ആ പ്രവചനം അക്ഷരാർഥത്തിൽ തന്നെ പുലർന്നു. ഇത് തന്നെയാണ് മറ്റു വാക്കുകളിൽ പ്രവാചക ശ്രേഷ്ഠൻ റസൂൽ തിരുമേനി (സ) വാഗ്ദത്ത മസീഹ് കുരിശിനെ ഉടക്കും എന്ന പ്രവചനത്തിലൂടെ വ്യക്തമാക്കിയിട്ടു ള്ളതും. യഹൂദർ വിശ്വസിക്കുന്നത് പോലെ യേശു ശാപമരണം തന്നെ യാണ് വരിച്ചതെന്ന് വിശ്വസിക്കുക യും അതേ സമയം തന്നെ യേശു വിനെ ദൈവമായി കൊണ്ടാടപ്പെടു കയും ചെയ്യുന്ന ക്രിസ്ത്യാനികളും അദ്ദേഹം ഇപ്പോഴും ഉടലോടെ ആകാശത്താണെന്ന് വിശ്വസിക്കുന്ന ഭൂരിപക്ഷം മുസ്‌കളും അതോടൊപ്പം ക്രിസ്തു എന്നൊരാളേ ജീവിച്ചിരുന്നില്ലെന്ന് വാദിക്കുന്ന പുതിയ ക്രിസ്തു മിഥ്യാവാദികളുമെല്ലാം ഇന്ന് അങ്ങേയറ്റം ദുഃഖിതരാണ്. തന്റെ ദൗത്യം വിളംബരം ചെയ്തു കൊണ്ട് വാഗ്ദത്ത മസീഹ്(അ) അഥവാ യേശു രണ്ടാമൻ ഇങ്ങനെ പ്രഖ്യാപിക്കുകയുണ്ടായി.:

***'സൃഷ്ടി പൂജ അതിന്റെ എല്ലാ സീമകളെയും കടന്ന് ലോകമാകെ വ്യാപിക്കുകയും കുരിശാരാധനയും രക്തബലിയിലുള്ള വിശ്വാസവും കോടിക്കണക്കിന് ക്രിസ്ത്യാനികളെ സത്യ ദൈവത്തിൽ നിന്ന് അകറ്റിക്കളയുകയും ചെയ്തിട്ടുള്ളതായി സ്വർഗസ്ഥനായ ദൈവം കണ്ടപ്പോൾ അവൻ തന്റെ വൈരാഗ്യത്താൽ ആ കുരിശ് വിശ്വാസത്തെ ഇല്ലാതാക്കുന്നതിന് തന്റെ ഒരു വരിഷ്ഠ ദാസനെ യേശു മസീഹിന്റെ നാമത്തിൽ അയക്കുകയാണുണ്ടായത്. അങ്ങനെ പ്രവചനങ്ങളിലെ ആ വാഗ്ദാന പ്രകാരം അദ്ദേഹം വാഗ്ദത്ത മസീഹ് ആയി പ്രത്യക്ഷപ്പെടുകയും ചെയ്തിരിക്കുന്നു. പിന്നെ കുരിശിനെ ഉടക്കുന്ന സമയം വന്നെത്തി. ... ദൈവം വഴിയൊരുക്കിയിട്ടുള്ള കാലം ഇത് തന്നെയാണ്. സത്യാന്വേഷകർ അതിനായി ചുറ്റും നോക്കുകയും തെരയുകയും ചെയ്തുകൊള്ളട്ടെ!***


**ഇതിഹാസവത്കരിക്കപ്പെട്ട യേശുവിന്റെ ജീവിതം നിഗൂഢതകൾ നിറഞ്ഞതാണ്. കുരിശു സംഭവത്തിൽ നിന്നും രക്ഷപ്പെട്ട യേശു കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെതേടി ഇന്ത്യയിലേക്ക് വരികയാണുണ്ടായത്. അനിഷേധ്യവും വിസ്മയകരവുമായ ഈ സത്യം വാഗ്ദത്ത മസീഹിന്റെ ദിവ്യതൂലികയാൽ വിവരിക്കപ്പെടുന്നു.**

# യേശു മിശിഹാ ഇന്ത്യയിൽ

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

**ഒരു ഇസ്ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം**

# വിവാഹ മോചന നിയമങ്ങൾ: ഇസ്‌ലാമികവും ആധുനികവും

ഏത് ആധുനിക നിയമങ്ങളോടും കിടപിടിക്കുന്ന രീതിയിൽ ഇസ്‌ലാമിക വിവാഹ മോചന നിയമങ്ങൾ പുരോഗമനപരമാണ്.

ഡോ. കൗസർ ഇടപ്പകത്ത്

**മു**സ്‌ലിം നിയമത്തിന് കീഴിൽ ഏക പക്ഷീയമായ തലാഖ് പ്രഖ്യാപനത്തിലൂടെ അനിയന്ത്രിതവും നിയമ വിരുദ്ധവുമായ അധികാരം പുരുഷന്മാർ അനുഭവിക്കുന്നു എന്നത് പൊതുജനങ്ങൾക്കിടയിലുള്ള വ്യാപകമായ ഒരു മിഥ്യാ വിശ്വാസമാണെന്ന് ജസ്റ്റീസ് വി. ആർ കൃഷ്ണയ്യർ കൃത്യമായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇസ്‌ലാം വിവാഹ മോചനം അനുവദിക്കുന്നതോടൊപ്പം അത് പരിമിതമായ അനുവാദമാണ് എന്നതിന് വളരെയേറെ ഊന്നൽ നൽകുന്നുണ്ട്. മറ്റ് യാതൊരു ബദൽ മാർഗവും മുന്നിൽ തെളിയുന്നില്ലെങ്കിൽ മാത്രമേ വിവാഹ മോചന നടപടികളിലേക്ക് നീങ്ങാൻ പാടുള്ളൂ. ഈ സന്ദർഭത്തിൽ മുഹമ്മദ് നബി (സ) യുടെ ഒരു വചനം കാണുക. 'അനുവദനീയമായ കാര്യങ്ങളിൽ ദൈവത്തിന് ഏറ്റവും വെറുക്കപ്പെട്ടത് വിവാഹ മോചനമാണ്'

ഈ പശ്ചാത്തലത്തിൽ മുസ്‌ലിം വിവാഹമോചന നിയമം ശ്രദ്ധേയമാം വിധം ആധുനികമായി കാണപ്പെടുന്നു. യൂസുഫ് റാവുത്തർ/ സുഹ്‌റമ്മ കേസിൽ ഇസ്‌ലാമിക ദാമ്പത്യ നിയമ ക്രമത്തെ പറ്റി ജസ്റ്റിസ് വി. ആർ കൃഷ്ണയ്യരുടെ നിരൂപണം ശ്രദ്ധിക്കുക. തീർച്ചയായും ഈ വിഷയത്തിലുള്ള ആഴത്തിലുള്ള പഠനങ്ങൾ അത്ഭുകരമായ രീതിയിൽ യുക്തി ഭദ്രവും യഥർഥ്യ ബോധത്തോടെയുള്ളതും വിവാഹ മോചനത്തിന്റെ ആധുനിക നിയമങ്ങൾക്ക് നിരക്കുന്നതുമാണ്. വിവിധ സമൂഹങ്ങളിലെ വിവാഹ മോചന നിയമങ്ങളെ പറ്റിയുള്ള അപഗ്രഥനാത്മകമായ താരതമ്യ പഠനം നടത്തിയ ഇംത്യാസ് അഹ്മദിന്റെ അഭിപ്രായ പ്രകാരം ആധുനിക വിവാഹ മോചന നിയമങ്ങൾ ഗുണപരമായി വിലയിരുത്തുമ്പോൾ അതിന് ചുരുങ്ങിയത് മൂന്ന് പ്രത്യേകതകൾ ഉണ്ടാവേണ്ടതുണ്ട്. ആദ്യമായി ആ നിയമം വിവാഹ മോചനം അംഗീകരിക്കണം, വിവിധ തരത്തിലുള്ള മത പാരമ്പര്യങ്ങൾ വിവാഹ മോചനം അനുവദിക്കുന്നില്ല. ഇതിൽ നിന്ന് വിഭിന്നമായി ഇസ്‌ലാമിക നിയമത്തിൽ വിവാഹ മോചന നിയമം തുടക്കം മുതൽ തന്നെ ഏറ്റവും യുക്തി പരമാണ്. വിവാഹമോചനം ഏവും വെറുക്കപ്പെട്ട ഒന്നായി അപലപിച്ചു കൊണ്ടാണ് വിവാഹ മോചനത്തിനുള്ള ഉപാധികൾ വ്യവസ്ഥ ചെയ്തിരിക്കുന്നത്. വിവാഹ മോചനത്തിനുള്ള ഉപാധികൾ നിയമത്തിൽ അനുവദിക്കുന്നത് പോലെ തന്നെ അതിന് വ്യക്തമായ നിയമ പ്രാബല്യം നൽകുകയും ചെയ്തിരിക്കുന്നു.[38]

രണ്ടാമതായി ആധുനിക വിവാഹമോചന നിയമത്തിൽ വിവാഹ ബന്ധം തുടർന്ന് കൊണ്ടുപോകണമെന്നോ ബന്ധം വിച്ഛേദിക്കണമെന്നോ നിശ്ചയിക്കാൻ ബാഹ്യമായ ഒരു അധികാര സ്ഥാപനത്തേക്കാൾ വിവാഹ പങ്കാളികളുടെ താൽപര്യത്തെ മുൻ നിർത്തിയായിരിക്കണം തീരുമാനമുണ്ടാകേണ്ടത്. കുറ്റമാരോപിച്ചു കൊണ്ടുള്ള വിവാഹ മോചനത്തിന് (fault divorce) കാരണങ്ങൾ ആരായുന്ന വിവാഹ മോചന കോടതികളുടെ ആവശ്യമില്ലാതെ വിവാഹ മോചനം നടത്തുക എന്നത് ആധുനിക വിവാഹ മോചന നിയമങ്ങളുടെ സുപ്രധാനമായ ഒരു സവിശേഷതയാണ്. ഈ ഒരു മാനണ്ഡപ്രകാരം മുസ്‌ലിം വിവാഹ നിയമം ഒരു കാര്യത്തിൽ കൂടി ശ്രദ്ധേയമാം വിധം ആധുനികമാണ്. അതായത് അത് കുറ്റമാരോപിച്ചു കൊണ്ടുള്ള ഫാൾട്ട് ഡൈവൊഴ്സ് (fault divorce) അനുവദിക്കുന്നില്ല. വിവാഹ ബന്ധം മുന്നോട്ടു കൊണ്ടു പോകാൻ സാദ്ധ്യമാകുന്നില്ല എന്ന കാരണം കൊണ്ട് മാത്രം വിവാഹ മോചനം നടത്താം. വിവാഹ പങ്കാളികൾ തമ്മിൽ കുറ്റാരോപണത്തിന്റെയോ പ്രതികാരത്തിന്റെയോ ആവശ്യമില്ല.[39] അപരിഹാര്യവും അനുരഞ്ജനം സാദ്ധ്യമാകാത്തതും, തിരിച്ചെടുക്കാൻ കഴിയാത്തതുമായ രീതിയിലേക്ക് വിവാഹ ബന്ധം വഴി പിരിഞ്ഞാൽ വിവാഹ ബന്ധം വിച്ഛേദിക്കപ്പെടാവുന്നതാണെന്ന് ആധുനിക വിവാഹ മോചന നിയമം ലളിതമായി അംഗീ

കരിക്കുന്നു.[39] വിവാഹ ബന്ധം പരാജയമായിതീർന്നതിന്റെ കാരണം എന്താണെന്ന് നിയമത്തിന് അറിയണമെന്നില്ല. അതിന്റെ തെളിവുകൾ മാത്രം ലഭിച്ചാൽ മതി.[40] വിവാഹ ബന്ധം മുന്നോട്ടു കൊണ്ടുപോകാൻ കഴി യാത്ത അവസ്ഥ (breakdown theory) എന്ന യാഥാർഥ്യത്തിലാണ് മുസ്‌ലിം വിവാഹ മോചന നിയമത്തിന്റെ ഘടന നിലകൊള്ളുന്നത്. ഈ സമീപനമാണ് ആധുനിക വിവാഹ തർക്കങ്ങൾക്കായുള്ള നിയമങ്ങളും സ്വീകരിച്ചു വരുന്നത്..[40] വിവാഹ മോചനത്തിന് പ്രത്യേകിച്ചുള്ള യാതൊരു കാരണവും ഇല്ലെങ്കിലും മുസ്‌ലിം നിയമം ഭർത്താവ് നിർവഹിക്കുന്നതും (***തലാഖ്*** ) ഭാര്യ നിർവഹിക്കുന്നതും (***ഖുല:***) പരസ്പര സമ്മതത്തോടെയുള്ളതുമായ (***മുബാറാത്ത്***) വിവാഹ മോചനം അനുവദിക്കുന്നു. ആധുനിക നിയമ സാങ്കേതിക പദാവലിയിൽ ഈ ഓരോ വിഷയത്തിന്റെയും സാദ്ധ്യതകൾ പരിഗണിച്ച് ഇതിനെ തിരിച്ചെടുക്കാൻ കഴിയാത്ത വിധം വിച്ഛേദിക്കപ്പെട്ട (Irretri evable Breakdown) വിവാഹ ബന്ധം എന്ന് പാരാവർത്തനം ചെയ്യാം.[41] രണ്ടാമതായി വിവാഹ ബന്ധത്തെക്കുറിച്ചുള്ള പ്രായോഗികമായ വിധി പ്രസ്താവം നടത്തുവാനുള്ള അധികാരം വ്യക്തി എന്ന നിലക്ക് ഭർത്താവിനും ഭാര്യക്കും നിയന്ത്രാണാധികാരമുള്ള ദാമ്പത്യ ബന്ധത്തിനകത്ത് തന്നെയാണ് നൽകിയിരിക്കുന്നത്. ഈ അധികാരം ഒരു ബാഹ്യശക്തിയിലും നിക്ഷിപ്തമല്ല. പാരമ്പര്യമായി മുസ്‌ലിം ഖാസിക്ക് വിവാഹ മോചനത്തിലുള്ള പങ്ക് വിവാഹ മോചനം നിയമാനുസാര മാണോ നടക്കുന്നത് എന്ന് നിരീക്ഷിക്കൽ മാത്രമാണ്. വിവാഹ ബന്ധത്തിന്റെ പ്രയോഗക്ഷമതയെ പറ്റി വിധി പ്രസ്താവം നടത്തുകയല്ല ചെയ്യുന്നത്. 42. അതിനാൽ മുസ്‌ലിമായ ഒരാൾക്ക് കോടതിയിൽ അഭയം തേടാതെ വിവാഹ മോചനം ചെയ്യാം. വിവാഹ ജീവിതത്തിനായുള്ള കുടുംബത്തിന്റെ സ്വകാര്യതയും അന്തസ്സും അങ്ങനെ സംരക്ഷിക്കപ്പെടുന്നു. അടിസ്ഥാനപരമായി വിവാഹ മോചനം എന്നത് ഒരു വ്യക്തിപരമായ കാര്യമാണ്. ഇസ്‌ലാമിലെ വിവാഹമോചന താൽപര്യം അത് ഏറ്റവും ശാന്തപൂർണവും അന്തസ്സാർന്നതുമായ രീതിയിൽ നടക്കണമെന്നാണ് ആവശ്യപ്പെടുന്നത്. മറ്റു വ്യവഹാരങ്ങൾക്കെന്ന പോലെ ഇസ്‌ലാം ദമ്പതികളെ വിവാഹമോചനത്തിനായി കോടതി മുറികളിലേക്ക് ആനയിക്കുന്നില്ല. പൊതു സഹൂഹത്തിന് മുമ്പിൽ മാനഹാനിയുണ്ടാവാതെ ഇസ്‌ലാം ദമ്പതികളെ സംരക്ഷിക്കുകയും അവരുടെ ഇച്ഛപ്രകാരം തന്നെ ശാന്തമായി വേർപിരിയാൻ ഇസ്‌ലാം അവരെ അനുവദിക്കുകയും ചെയ്യുന്നു. വേദനാജനകമായ അത്തരം പ്രക്രിയകൾ വളരെ ഗോപ്യമായും സ്വകാര്യവും വ്യക്തിപരവുമായ കാര്യം എന്ന നിലക്ക് തീർപ്പാകുന്നു.[43] ഇസ്‌ലാമിൽ വിവാഹ മോചന സംബന്ധമായുള്ള നിയമം സ്വതന്ത്രവും വളരെ ഏളുപ്പവുമായ പ്രക്രിയയാണ്. അതേ സമയം മറ്റുപലരും കരുതുന്നത് പോലെ വെറും മൂന്നു വാക്കുകൾ ഉച്ചരിച്ച് ഭാര്യയെ ആട്ടി പുറത്താക്കുന്ന ഒരേർപ്പാടല്ല മുസ്‌ലിം വിവാഹ മോചന നിയമം. അവസാനമായി ദാമ്പത്യ പങ്കാളികൾ തമ്മിൽ വിവാ ഹമോചന നടപടികൾ ആരംഭിച്ചു കഴിഞ്ഞാൽ പോലും അവർ തമ്മിൽ അനുരഞ്ജനം മുസ്‌ലിം വിവാഹ നിയമം അനുവദിക്കുന്നു. എല്ലാ വിധത്തിലുള്ള വിവാഹ മോചനത്തിലും പരസ്പരമുള്ള അനുരഞ്ജനമാണ് വിശുദ്ധ ഖുർആൻ ശുപാർശ ചെയ്യുന്നത്.[44]

ആധുനിക വിവാഹ മോചനത്തിന്റെ മൂന്നാമത്തെ പ്രത്യേകത അത് ഇരുപക്ഷത്തോടും ന്യായയുക്തവും നീതി പൂർണവുമായിരിക്കണം. ഈ സന്ദർഭത്തിൽ മൂന്ന് മൊഴികളും ഒറ്റയിരുപ്പിൽ ഒന്നിച്ച് ചൊല്ലി ഭാര്യയെ ഉപേക്ഷിക്കുന്ന 'മുത്തലാഖ്' സമ്പ്രദായം പരാമർശിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള മൊഴി ചൊല്ലൽ സമ്പ്രദായം സമത്വത്തിന്റേയും നീതിയുടേയും സദുദ്ദേശ്യത്തിന്റേയും തത്ത്വങ്ങളെ സംബന്ധിച്ചിടത്തോളം ജുഗുപ്സാവഹമാണെന്ന് രാജ്യത്തെ കോടതി കണ്ടെത്തിയിട്ടുണ്ട്. ഈ പ്രശ്നത്തെ സമീപിക്കുമ്പോൾ വിശുദ്ധ ഖുർആനിൽ വിവാഹ മോചന സംബന്ധമായി വെളിപ്പെട്ട അനുജ്ഞകളും പിന്നീട് വിവിധ മുസ്‌ലിം ആശയസരണികളിൽനിന്നും വിവിധതരത്തിൽ പടച്ചുണ്ടാക്കിയ നിയമങ്ങളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടതുണ്ട്. മുസ്‌ലിംകൾക്കിടയിൽ നിലനിൽക്കുന്ന 'മുത്തലാഖ്' എന്ന ഈ വിവാഹ മോചന സമ്പ്രദായം മുസ്‌ലിം മതനിയമങ്ങളുടെ ആധികാരിക സ്രോതസ്സായവിശുദ്ധ ഖുർആനിലെ ഖണ്ഡിത വചനങ്ങൾക്ക് വിരുദ്ധമാണ്. താരതമ്യേന ഉദാരമായ ആദ്യകാല ഇസ്‌ലാമിക തത്ത്വങ്ങളുടെ നിർദിഷ്ട നിയമങ്ങളിൽ നിന്നുള്ള വ്യതിചലനങ്ങൾക്ക് പിൽക്കാല ഇസ്‌ലാമിക നിയമത്തിൽ ഇടം കിട്ടുകയാണുണ്ടായത്. ഇത് വിവാഹ മോചന നിയമത്തിൽ മാത്രം പരിമിതമല്ല. ജീവിതത്തിന്റെ മറ്റ് നാനാതുറകളെ സംബന്ധിച്ചും ബാധകമാണ്.[45] മറുവശത്താകട്ടെ യഥാർഥത്തിലുള്ള മുസ്‌ലിം നിയമം വിവാഹ പങ്കാളികളിൽ ഇരുവരോടും ഒരു പോലെ നീതിയുക്തവും ന്യായപൂർണവുമായ സമീപനമാണ് പുലർത്തുന്നത്. ഭർത്താവിനും ഭാര്യക്കും ഒരു പോലെ കോടതിക്ക് പുറത്തുള്ള വിവാഹ മോചനം അനുവദിക്കുന്നു. കോടതി മുഖാന്തിരവും ഭാര്യക്ക് വിവാഹ മോചനമാവാം. കൂടാതെ പരസ്പരബഹുമാനത്തോടും കാരുണ്യത്തോടും കൂടിയുള്ള സഹകരണം മുമ്പുണ്ടായിരുന്ന എല്ലാ ക്ഷതങ്ങളെയും ശമിപ്പിക്കുന്നു എന്ന് കൂടി ഖുർആൻ ഉദ്ബോധിപ്പിക്കുന്നു.

www.alislam.org

# ഖിലാഫത്ത് പ്രസ്ഥാനവും
# കോഴിക്കോട്ടെ മുസ്‌ലിംകളും

ഒന്നാം ലോകമഹായുദ്ധകാലഘട്ടത്തിൽ ലോക മുസ്‌ലിംകളുടെ ഖിലാഫത്തിനെ പ്രതിനിധീകരിച്ചിരുന്നത് തുർക്കിയായിരുന്നു. തുർക്കി, ജർമനി, ബൾഗേറിയ, ഓസ്ട്രിയ, ഹങ്കറി എന്നീ രാജ്യങ്ങൾ അടങ്ങിയ കേന്ദ്രീയ ശക്തി ഒരു വശത്തും ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ, അമേരിക്ക, ഇറ്റലി എന്നീ രാജ്യങ്ങൾ ചേർന്ന സഖ്യ കക്ഷികൾ മറുവശത്തും അണിനിരന്നാണ് ഒന്നാം ലോക മഹായുദ്ധം (1914–1918) നടന്നത്. യുദ്ധാനന്തരം തുർക്കിഖിലാഫത്ത് തിരോഭവിക്കുകയുണ്ടായി. ലോക മുസ്‌ലിംകളുടെ മതപരമാദ്ധ്യക്ഷൻ എന്ന നിലയിൽ തുർക്കി ഖലീഫയോടുള്ള കൂറും ഭരണാധികാരി എന്ന നിലയിൽ ബ്രിട്ടീഷ് ഗവൺമെന്റിനോടുള്ള വിധേയത്വവും പ്രബുദ്ധരും സമാധാന കാംക്ഷികളുമായ കോഴിക്കോട്ടെ മുസ്‌ലിംകളെ വൈരുദ്ധ്യാത്മകമായ ഒരു പ്രതിസന്ധിയിലാക്കി. യുദ്ധകാലം മുതൽ തുർക്കി ഖിലാഫത്തിന്റെ പതനഘട്ടം വരെയുള്ള കോഴിക്കോട്ടെ മുസ്‌ലിം സമൂഹം അനുഭവിച്ച മാനസിക സംഘർഷങ്ങളും ഇരുകൂട്ടരോടുമുള്ള അവരുടെ സമീപനങ്ങളും അവരുടെ പ്രവർത്തനങ്ങളും ഈ ലേഖനത്തിൽ മനോഹരമായി ലേഖകൻ വിവരിച്ചിരിക്കുന്നു. പരപ്പിൽ മുഹമ്മദ് കോയ രചിച്ച 'കോഴിക്കോട്ടെ മുസ്‌ലിംകളുടെ ചരിത്രം' എന്ന പ്രശസ്തമായ ചരിത്ര ഗ്രന്ഥത്തിൽ നിന്ന് ഗ്രന്ഥകർത്താവിന്റെ അനുമതിയോടെ ഈ ലേഖനം ഇവിടെ പ്രസിദ്ധീകരിക്കു കയാണ്.

പരപ്പിൽ മുഹമ്മദ് കോയ

ഇന്ത്യയിൽ ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ ഒരു പ്രധാനകണ്ണിയായി വർത്തിച്ചത് ഖിലാഫത്ത് പ്രസ്ഥാനമായിരുന്നു. 1914 ൽ ലോകമഹായുദ്ധത്തിൽ ബ്രിട്ടൻ, റഷ്യ, ഫ്രാൻസ് എന്നീ രാഷ്ട്രങ്ങൾക്കെതിരെ മുസ്‌ലിംകളുടെ വിശുദ്ധ രാജ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ തുർക്കി ജർമനിയുടെയും ആസ്ത്രിയയുടെയും പക്ഷത്ത് ചേർന്നു. ഇസ്‌ലാമിനെയും ഇസ്‌ലാമിന്റെ പുണ്യ സ്ഥലങ്ങളെയും സംരക്ഷിക്കാനുള്ള കെൽപ്പും ബാദ്ധ്യതയും തുർക്കിക്കായിരുന്നുവെന്ന് മുസ്‌ലിം ലോകം അന്ന് പൊതുവേ കരുതിപ്പോന്നിരുന്നു. അതുകൊണ്ട് അവിടുത്തെ ഭരണാധികാരിയെ ഖലീഫ (അല്ലാഹു വിന്റെ പ്രതിപുരുഷൻ ) യായി മനസാ വരിച്ചു. ലോക മഹായുദ്ധത്തിൽ ചെങ്കടലിന്റെയും മദ്ധ്യ ധരണ്യാഴിയുടെയും യൂഫ്രട്ടീസ് ടൈഗ്രീസ് നദികളുടെ തീരങ്ങളിലേയും മുസ്‌ലിംകളുടെ പുണ്യസ്ഥലങ്ങളും രാഷ്ട്രങ്ങളും അന്യരുടെ അധീനതയിൽ വരാതിരിക്കാൻ മുസ്‌ലിംകൾ അഞ്ച് നേരവും പ്രാർഥിച്ചുകൊണ്ടിരുന്നു.

തുർക്കികൾക്കെതിരെയുള്ള സഖ്യശക്തികളിൽ ബ്രിട്ടനും ഉൾപ്പെട്ടതിനാൽ ഇന്ത്യയിലെ പോലെ അവരുടെ കോളനികളിലുള്ള മുസ്‌ലിംകൾ വിഷമ ത്തിലായി. സ്വന്തം നാടിനോടും ആ നാട് ഭരിക്കുന്ന താരായാലും ഭരണാധിപന്മാരോട് കൂറുപുലർത്താനുള്ള ഇസ്‌ലാമിന്റെ ശാസന ഒരു ഭാഗത്തും ഇസ്‌ലാമിന്റെ സംരക്ഷകരായ തുർക്കി മറുഭാഗത്തും. ഈ ഘട്ടത്തിൽ ഇന്ത്യൻ മുസ്‌ലിംകളുടെ മേലാളന്മാരിൽ ഒരാളും അജയ്യനുമായ ഹൈദരാബാദ് നൈസാം ഒരു വിളംബരം പുറപ്പെടുവിച്ചു.

'ഈ ദുർഘട ഘട്ടത്തിൽ ഇന്ത്യയിലെ മുഹമ്മ ദീയരുടെ ക്ഷേമത്തെയും അഭിവൃദ്ധിയേയും കാംക്ഷിച്ച് മുടിനാരിഴ തെറ്റാതെ ബ്രിട്ടീഷ് ഗവൺ മെന്റിനോട് കൂറു പുലർത്തുക'

ഭരണാധിപനും മതാധിപതിയും തമ്മിലുണ്ടായ

സംഘട്ടനത്തിൽ ഇതര രാജ്യങ്ങളിലെ പോലെ ഇന്ത്യയിലെ മുസ്‌ലിംകൾക്കും ഉണ്ടായ സങ്കടത്തിൽ ബ്രിട്ടീഷ് സർക്കാറും വ്യാകുലപ്പെട്ടു. ബ്രിട്ടീഷ് ചക്രവർത്തിയുടെ അഭ്യർഥന പ്രകാരം ഇന്ത്യയിലെ ബ്രിട്ടീഷ് വൈസ് റോയി ബ്രിട്ടീഷ് സർക്കാറിന്റെ ഖേദം ഒരു പരസ്യം മുഖേന ഇന്ത്യയിലെ മുസ്‌ലിംകളെ അറിയിച്ചു.

ഇത് ഇന്ത്യയിലെ മുസ്‌ലിംകൾക്ക് വലിയ ആശ്വാസമായി തോന്നി. വിദേശ ആധിപത്യത്തോട് എതിർപ്പുണ്ടായിരുന്നുവെങ്കിലും ദേഹവും ധനവും കൊണ്ട് എല്ലാ സഹായങ്ങളും ബ്രിട്ടീഷ് ചക്രവർത്തിക്ക് നൽകാൻ തീരുമാനിച്ചു. 1918 ൽ പ്രധാനമന്ത്രി ലോയഡ് ജോർജ് തുർക്കി സുൽത്താന്റെ സുരക്ഷിതത്വം മുസ്‌ലിംകൾക്ക് വീണ്ടും ഉറപ്പ് നൽകി.

യുദ്ധമവസാനിച്ചു. ബ്രിട്ടീഷ് സർക്കാർ നൽകിയ ഉറപ്പ് അവർ മറന്നു. സത്യവും നീതിയും അവർ മാനിച്ചില്ല. മുസ്‌ലിംകൾക്ക് കൊടുത്ത എല്ലാ ഉറപ്പുകളും കാറ്റിൽ പറത്തി. തുർക്കി രാജ്യം ബ്രിട്ടൻ, ഫ്രാൻസ് എന്നീ സഖ്യകക്ഷികളുടെ കളിപ്പാട്ടമായി മാറി. മുസ്‌ലിംകൾ നിരന്തരമായി പ്രതിഷേധങ്ങളും നിവേദനങ്ങളും നടത്തി. എല്ലാം സഖ്യകക്ഷികൾ തള്ളിക്കളഞ്ഞു. അവസാനമായി 1920 മാർച്ച് 19-ാം തീയതി ഇന്ത്യയിലെ മുഴുവൻ മുസ്‌ലിംകളും ഇന്ത്യാ വൈസ്റോയിക്ക് ഒരു അപേക്ഷ കൂടി സമർപ്പിച്ചു. അതൊരു താക്കീതായിരുന്നു. ആ താക്കീതിന്റെ തലകെട്ട് ഇപ്രകാരമായിരുന്നു.

***'യാ കൗമുനാ അജീബു ദായി അല്ലാഹ്'***

'നമ്മുടെ സമുദായമേ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവന് ഉത്തരം നൽകുക'. (സൂറത്തുൽ അഹ്ഖാഫ് വി.ഖു)

അതിൽ താഴെ പറയും പ്രകാരം അറിയിപ്പുണ്ടായി.

ഇസ്‌ലാമിന്റെ അറേബ്യാ ഉപഭൂഖണ്ഡവും വളരെ മുഖ്യമായ പുണ്യസ്ഥലങ്ങളെയും പറ്റി തീർച്ചപ്പെടുത്തേണ്ട കാര്യം ഇന്ത്യയിൽ നിന്ന് ഞങ്ങളുടെ ന്യായവും സത്യവുമായിട്ടുള്ള അവസാനത്തെ അപേക്ഷയെ ബ്രിട്ടീഷ് ഗവൺമെന്റ് മുമ്പാകെ വെക്കുന്നു. ഈ അപേക്ഷയെ ഉപേക്ഷിച്ചാൽ ഇനി നമുക്ക് ഇക്കാര്യത്തിൽ വേറെ ഒരു അപേക്ഷ ഇല്ലാത്തതാകുന്നു.

ഇന്ത്യാ രാജ്യത്തെ എല്ലാ മുഹമ്മദീയരും മുഹമ്മദീയ വിദ്വാന്മാരുടെയും ഏകോപിച്ച തീർപ്പ്.

1. എന്തെന്നാൽ ഞങ്ങളെ മതപ്രകാരമുള്ള കാര്യങ്ങൾക്ക് വിരോധമായി വല്ല തീർപ്പുകൽപ്പിച്ചു പോയാൽ ഞങ്ങൾക്ക് രണ്ട് കാര്യമേ തീർച്ചപ്പെടുത്താനുള്ളു. അതായത് ഞങ്ങളുടെ അറബി കെട്ടും മറ്റുമുള്ള എല്ലാ പുണ്യസ്ഥലങ്ങളും ഞങ്ങളുടെ ദീനിന്റെ ഖലീഫയുടെ ഭരണത്തിന് കീഴിൽ ആക്കിതീർക്കേണ്ടതിനായി സർവസ്വവും ചിലവാക്കേണ്ടതാണ്. ഞങ്ങളുടെ ദിവ്യകൽപ്പന അതാകുന്നു.

2 ബ്രിട്ടീഷ് ഗവൺമെന്റ് ചെയ്ത വാഗ്ദത്തം ഈ അവസരത്തിൽ പൂർത്തിയാക്കി തരേണ്ടതാകുന്നു.

3 1920 മാർച്ച് 19-ാം തീയതി വെള്ളിയാഴ്ച്ച ജുമുഅ പിരിഞ്ഞതിന്റെ ശേഷം എല്ലാ രാജ്യങ്ങളിലും പട്ടണങ്ങളിലും ഉൾനാടുകളിലും ഉള്ള സകല മുഹമ്മദീയരും സഭ കൂടി ഇതിനെ പറ്റിയുള്ള തീർപ്പ് വൈസ്റോയി അവർകൾ മുഖാന്തിരം ഞങ്ങളുടെ ബ്രിട്ടീഷ് ചക്രവർത്തി അവർകൾക്ക് കമ്പി മുഖേന അറിയിപ്പിനായി ഖിലാഫത്ത് കമ്മിറ്റി തീർച്ചപ്പെടുത്തിയിരിക്കുന്നു.

4. ഇന്ത്യാ രാജ്യത്തിലെ എല്ലാ ഹിന്ദു സഹോദരന്മാരും ഇതിൽ ഞങ്ങളോടു കൂടി ചേർന്നിട്ടുണ്ട്. 19-ാം തീയതി കൂടുന്ന സഭ മുസൽമാന്മാരുടെ മാത്രമല്ല ഹിന്ദു - മുസൽമാന്മാർ കൂടി ചെയ്യേണ്ടതാകുന്നു. 19-ാം തീയതിയത്തെ സഭ മേൽ പറഞ്ഞ ഇന്ത്യക്കാർ ജാതിഭേദം കൂടാതെ ഒത്തൊരുമിച്ച് കൂടി നടത്തേണ്ടതാകുന്നു എന്ന് മൗലാനാ അബ്ദുൽ ബാരി, അബുൽ കലാം ആസാദ് മൗലാനാ ഷൗക്കത്തലി, മുഷിറുൽ ഹുസൈൻ കിദ്‌വായി ഇവരെല്ലാം പ്രത്യേകം അപേക്ഷിച്ചു കൊള്ളുന്നു

5. 19-ാം തീയതി യാതൊരു പ്രവർത്തിയും ചെയ്യരുത്. നോമ്പും പ്രാർഥനയും സഭ കൂടുന്നതിലേക്കും മാത്രമേ ചെലവഴിക്കാവൂ.

6. ഈ അവസാനത്തെ പ്രവൃത്തി വളരെ അടക്കത്തോടും ശാന്തതയോടും കൂടി ചെയ്യുന്നതല്ലാതെ അലങ്കാരത്തോടും ആഘോഷത്തോടും ചെയ്യരുതെന്നും അപേക്ഷിച്ചു കൊള്ളുന്നു.

അവസാനത്തെ ഈ താക്കീതും ബ്രിട്ടീഷുകാർ നിന്ദാപൂർവം തള്ളിക്കളഞ്ഞു. മുസ്‌ലിംകളാകെ അതീവ ദുഃഖിതരായി. എല്ലാ വഴികളും അടഞ്ഞെന്ന് അവർക്ക് മനസ്സിലായി.

അനീതി ചെയ്ത ബ്രിട്ടീഷ് സർക്കാറിനെതിരെ മുസ്‌ലിംകൾ നിസ്സഹകരിക്കാൻ തുടങ്ങി. അവരോടൊപ്പം ഹിന്ദു സഹോദരന്മാരും ചേർന്നു. 1919 ന്റെ ആദ്യത്തിൽ ഇന്ത്യയിലുടനീളം ഖിലാഫത്ത് പ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. ഗാന്ധിജിയും മറ്റും അതിന്റെ മുൻനിരയിൽ വന്ന് മൗലാനാ മുഹമ്മദലിയേയും ഷൗക്കത്തലിയേയും സഹായിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും ഈ പുതിയ സമരപരിപാടിയെ പൂർണമായും പിന്താങ്ങി. ഈ ഐതിഹാസിക സമരത്തിൽ കോഴിക്കോട്ടെ മുസ്‌ലിംകൾ അവരുടെതായ പങ്ക് വഹിച്ചു. 1920 ജൂലായ് മാസത്തിൽ കോഴിക്കോട്ടെ മുസ്‌ലിംകൾ ഒരു ഖിലാഫത്ത് കമ്മിറ്റി രൂപീകരിച്ചു. പുതിയ മാളിയക്കൽ സയ്യിദ് ഹൈദ്രോസ് ബിൻ കുഞ്ഞിക്കോയ തങ്ങളായിരുന്നു പ്രസിഡന്റ്.

മേലെക്കണ്ടി മൊയ്തു, ടി. ഹസ്സൻ കോയ മുല്ല, യു. ഗോപാല മേനോൻ എന്നിവരായിരുന്നു സെക്രട്ടറിമാർ. 1920 ഓഗസ്റ്റ് 18-ാം തീയതി മൗലാനാ ഷൗക്കത്തലിയും ഗാന്ധിജിയും ഒന്നിച്ച് ഖിലാഫത്ത് സമരത്തിൽ പങ്കെടുക്കാൻ കോഴിക്കോട്ടു വന്നു. മെയിൽ വണ്ടിക്ക് വന്നിറങ്ങിയ ഗാന്ധിജിയേയും ഷൗക്കത്തലിയേയും റെയിൽവേ

സ്റ്റേഷനിൽ നിന്ന് ഘോഷ യാത്രയായി ഇവൻസ് (ഓയിറ്റി) റോഡിൽ അവർക്ക് താമസത്തിന് ഏർപ്പാട് ചെയ്ത ബംഗ്ലാവിലേക്ക് കൊണ്ടുപോയി. റോഡിന്റെ ഇരുവശത്തും സ്ത്രീകളും കുട്ടികളുമടക്കം വമ്പിച്ച ജനക്കൂട്ടം ഘോഷയാത്ര കാണാൻ നിന്നിരുന്നു. കോഴിക്കോട് കടപ്പുറത്ത് ഇരുപതിനായിരത്തോളം ജനങ്ങൾ തിങ്ങികൂടിയ യോഗത്തിൽ അവർ പ്രസംഗിച്ചു. പൗരപ്രമുഖർ മുൻകൈ എടുത്ത് ഖിലാഫത്ത് ഫണ്ടിലേക്ക് 25,000 രൂപ സംഭാവന ചെയ്തു.

1921 ഫെബ്രുവരി 16-ാം തീയതി അഖിലേന്ത്യാ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറി യാക്കൂബ് ഹസ്സന്റെ സാന്നിദ്ധ്യത്തിൽ ഖിലാഫത്ത് പ്രവർത്തക സമ്മേളനം ജൂബിലി ഹാളിൽ (ഇപ്പോഴത്തെ ടൗൺ ഹാളിൽ) ചേരാൻ തീരുമാനിച്ച പ്പോഴേക്കും 144-ാം വകുപ്പു പ്രകാരം നിരോധനാജ്ഞ പുറപ്പെടുവിച്ചു. ഇന്നത്തെ കോറണേഷൻ തിയേറ്റർ (പഴയ ഷാജഹാൻ ഹാൾ) ഉടമസ്ഥൻ ഷൂഹൂറുള്ളാ സാഹിബിന്റെ മഞ്ഞൾ പാടത്തുള്ള ബംഗ്ലാവിലായിരുന്നു യാക്കൂബ് ഹസ്സന്റെ താമസത്തിനുള്ള ഏർപ്പാട് ചെയ്തിരുന്നത്. ഷുഹൂറുള്ളാ സാഹിബ് ഖിലാഫത്ത് പ്രവർത്തകനും ദേശീയ വാദിയും ഖിലാഫത്ത് പ്രവർത്തനങ്ങൾക്ക് നിർലോഭം സാമ്പത്തിക സഹായങ്ങൾ നൽകി കൊണ്ടിരിക്കുന്ന വ്യക്തിയുമായിരുന്നു. പുരോഗമന ആശയക്കാരനായ അദ്ദേഹം ജനങ്ങൾക്ക് ഒത്തുകൂടാൻ ജൂബിലി ഹാൾ (ടൗൺ ഹാൾ) പോലെ പട്ടണത്തിൽ മറ്റൊരു ഓഡിറ്റോറിയം ഷാജഹാൻ ഹാൾ ( കോറണേഷൻ തിയേറ്റർ) നിർമിച്ചു. ബ്രിട്ടീഷ് സർക്കാരിന്റെ നിരവധി പരിപാടികൾക്ക് അരങ്ങൊരുങ്ങിയ ഓഡിറ്റോറിയമാണിത്. ധനാഢ്യനായ അദ്ദേഹം പട്ടണത്തിലെ മുസ്‌ലിംകളുടെ ക്ഷേമ പ്രവർത്തനങ്ങളിലെല്ലാം മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ചു. 1926 ൽ അദ്ദേഹം നിര്യാതനായി. ഷുറുള്ളയുടെ ബംഗ്ലാവിലെത്തിയ യാക്കൂബ് ഹസ്സൻ പൊന്മാടത്ത് മൊയ്തീൻ കോയ, മാധവൻ നായർ, യു. ഗോപാലൻ മേനോൻ എന്നിവരെ കലക്ടർ തോമസ്സിന്റെ നിർദേശ പ്രകാരം അറസ്റ്റ് ചെയ്ത് കസറ്റഡിയിലെടുത്തു.

നേതാക്കളുടെ അറസ്റ്റ് വിവരം അറിഞ്ഞ് ഹജൂറിന്ന് (ഇപ്പോഴത്തെ എൽ ഐ സി കെട്ടിടം നിൽക്കുന്ന സ്ഥലം) മുമ്പിൽ വമ്പിച്ച ജനക്കൂട്ടം തടിച്ചു കൂടി. അവരെ പിരിച്ചു വിടാൻ പോലീസ് ലാത്തി ചാർജ് നടത്തി. നല്ല നടപ്പിന് ജാമ്യം തരാമെന്ന് പറഞ്ഞപ്പോൾ അത് സ്വീകരിക്കാൻ നേതാക്കന്മാർ തയ്യാറായില്ല. അതിനാൽ ആറു മാസത്തെ തടവു ശിക്ഷ വിധിച്ചു കണ്ണൂർ ജയിലിലേക്കയച്ചു. സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് കേരളത്തിൽ നടന്ന ആദ്യത്തെ അറസ്റ്റ് അതായിരുന്നു.

അറസ്റ്റിനെ തുടർന്ന് മലബാറിലുടനീളം ഹർത്താലും പ്രകടനങ്ങളും നടന്നു. വിദ്യാർഥികൾ ക്ലാസുകൾ ബഹിഷ്ക്കരിച്ചു പ്രതിഷേധം രേഖപ്പെടുത്തി. കുറ്റിച്ചിറ സ്കൂളിലെ വിദ്യാർഥി നേതാക്കന്മാരായ ഹിദായത്ത് അഹ്മദ്, എം. വി. ആലിക്കോയ നടുക്കണ്ടി മുഹമ്മദ് കോയ ഈ. വി അബുബക്കർ കുഞ്ഞി എന്നിവരുടെ നേതൃത്വത്തിൽ നേതാക്കന്മാരുടെ വിചാരണ നടന്നു. ഹജൂരിലേക്ക് പ്ര കടനമായി പോയി. മിഠായിതെരു വിൽ വെച്ച് പോലീസ് അവരെ തിരിച്ചയച്ചു. മുസ്‌ലിം പ്രദേശത്തെ ഒരു വിദ്യാലയത്തിൽ നിന്ന് വിദ്യാർഥികൾ ക്ലാസ്സുകൾ ബഹിഷ്ക്കരിച്ചു പ്രകടനം നടത്തിയത് ആദ്യമായിട്ടായിരുന്നു. ആഗസ്റ്റ് 17-ാം തീയതി നേതാക്കൾ ജയിൽ മോചിതരായി. യാക്കൂബ് ഹസ്സൻ മദിരാശിയിലേക്ക് പോയി. മറ്റു നേതാക്കൾക്ക് കോഴിക്കോട് റയിൽവേ സ്റ്റേഷനിൽ വമ്പിച്ച സ്വീകരണം നൽകി. കോഴിക്കോട് തെരുവുകളും വീടുകളും അലങ്കരിച്ചു. പട്ടണത്തിൽ ഉത്സവഛായ കാണാമായിരുന്നു.

സ്റ്റേഷനിലെത്തിയ നേതാക്കളെയും കൂട്ടി ഘോഷയാത്ര പട്ടണം ചുറ്റി. സ്വീകരണം ഏർപ്പാട് ചെയ്ത ചാലപുറത്തെത്താൻ മൂന്ന് മണിക്കൂർ വേണ്ടി വന്നു. അന്നു വൈകുന്നേരം ചേർന്ന കടപ്പുറത്തെ പൊതുയോഗത്തിൽ ആയിരങ്ങൾ പങ്കെടുത്തു. ഹിന്ദു മുസ്‌ലിം മൈത്രി ദൃഢമാക്കിയ സമ്മേളനമായിരുന്നു അത്. കടപ്പുറത്തെ യോഗത്തിൽ വിദേശ വസ്ത്രം ബഹിഷ്ക്കരിക്കാൻ ആഹ്വാനമുണ്ടായി. നേതാക്കളുടെ പ്രസംഗങ്ങൾ ജനങ്ങളെ ആവേശ ഭരിതരാക്കി. യോഗത്തിൽ ആദ്ധ്യക്ഷത വഹിച്ചിരുന്ന ക്ലാരി സയ്യിദ് ഹൈദ്രോസ് കുഞ്ഞിക്കോയ തങ്ങൾ തന്റെ വിദേശ നിർമിതമായ സൗദേരി (ജാക്കറ്റ്) അഴിച്ച് ആദ്യമായി തീയിലേക്ക് എറിഞ്ഞ് കൊടുത്തതോടെ അല്ലാഹു അക്ബർ എന്ന് ഉച്ചത്തിൽ വിളിച്ച് കൊണ്ട് ആളുകൾ കൂട്ടം കൂട്ടമായി അവരുടെ വസ്ത്രങ്ങൾ തീയിലേക്കെറിഞ്ഞു. ഈദ് ആഘോഷം കഴിഞ്ഞ ദിവസമായതിനാൽ അധികമാളുകളും പുതു വസ്ത്രങ്ങളായിരുന്നു അണിഞ്ഞിരുന്നത്

കോഴിക്കോട്ടെ മുസ്‌ലിംകൾ തുർക്കിയുടെ സംരക്ഷണത്തിന് വേണ്ടി സടകുടഞ്ഞെഴുന്നേറ്റു. സക്കാത്തും ഈദ് ആഘോഷങ്ങളും പ്രവാചകന്റെ ജന്മദിനവുമെല്ലാം തുർക്കിക്ക് വേണ്ടി സമർപ്പിച്ചു. 1921 മെയ് മാസത്തിലെ പരിശുദ്ധ റമദാനിൽ ഗ്രീക്കുകാർക്കധീനപ്പെട്ടു പോയ തുർക്കി സാമ്രാജ്യത്തിലെ സ്മർണാരാജ്യത്തെ അനേകായിരം മുസ്‌ലിം സഹോദരന്മാർ ക്ഷാമം കൊണ്ടും രോഗം കൊണ്ടും കഷ്ടപ്പെട്ടു. അവർക്കും രക്ത സാക്ഷികളായ പട്ടാളക്കാരുടെ അനാഥരായ സന്താനങ്ങൾക്കും പരിക്കേറ്റ സ്ത്രീകൾക്കും കുട്ടികൾക്കും യഥാസമയം ശുശ്രൂഷയും പരിരക്ഷയും അത്യാവശ്യമായി വന്നു. ഈ ദുർഘട സ്ഥിതിമനസ്സിലാക്കി സക്കാത്ത് കൊടുക്കുന്നവർ രണ്ടോഹരിയും അല്ലാത്തവർ അവരുടെ കഴിവനുസരിച്ചും സാമ്പത്തിക സഹായവും അതത് സ്ഥലത്തെ ഖിലാഫത്ത് കമ്മിറ്റിക്കാരെ ഏൽപ്പിക്കണമെന്ന് ജില്ലാ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറി തയ്യിൽ ഹസ്സൻ കോയ മുല്ല കോഴിക്കോട്ടെ മുസ്‌ലിംകളോട് ആഹ്വാനം

ചെയ്തു.

1921 ആഗസ്റ്റ് 15-ാം തീയതി, ആ കൊല്ലത്തെ ബലി പെരുന്നാളിന് മുസ്ലിംകളുടെ അറിവിനായി പ്രസിദ്ധീകരിച്ച ഒരറിയിപ്പ് ഇപ്രകാരമായിരുന്നു. നിഷ്ക്കളങ്കമായ ഉദ്ദേശത്തോടു കൂടിയ തീർഥയാത്രക്കാരെ പോലെതന്നെ ആഢംബരങ്ങളൊക്കെയും വെടിഞ്ഞ് സ്വദേശത്ത് നിന്ന് ഉണ്ടാക്കുന്ന ഖദർ ഉടുപ്പ് ധരിക്കേ ണ്ടതും നമ്മൾ കൊല്ലം തോറും അറുപത് കോടി ഉറുപ്പിക വിലയുള്ള വസ്ത്രങ്ങൾ വാങ്ങി ഇസ്ലാമിന്റെ ഖിലാഫത്തിനെ നശിപ്പിക്കുന്നതായ ഖജാനയെ ഇനിമേൽ പോഷിപ്പി ക്കുകയില്ലെന്ന് സത്യം ചെയ്ത് നാം വാഗ്ദാനം ചെയ്യേണ്ടതാകുന്നു. പെരുന്നാൾ ദിവസം വിദേശ വസ്ത്ര ധാരിയായ ഒരു മുസൽമാനെയും കാണപ്പെടാതിരിക്കേണ്ടതാകുന്നു. സ്മർണയിൽ കഷ്ടപ്പെട്ടുഴലുന്ന മുസ്ലിം സഹോദരങ്ങളെ സഹായിപ്പാനായി പണം പിരിക്കേണ്ടതുമാകുന്നു.

1922 നവമ്പർ 1-ാം തീയതി പ്രവാചകന്റെ ജന്മദിനം കോഴിക്കോട്ടെ മുസ്ലിംകൾ അലി സഹോദരന്മാരെ തടവിലാക്കപ്പെട്ട ഒരു ദിവസം തികയുന്ന ദിവസമായി ആചരിച്ചു. കടകളും വീടുകളും വിളക്കുകളും തോരണങ്ങളും കൊണ്ട് അലങ്കരിച്ചു. ഇസ്ലാമിന്റെ വിജയത്തിന് വേണ്ടിയും നാട്ടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടിയും പള്ളികളിൽ പ്രത്യേക പ്രാർഥന നടത്തി.

1922 നവമ്പർ 8-ാം തീയതി കേന്ദ്ര ഖിലാഫത്തിന്റെ അപേക്ഷ പ്രകാരം ഗ്രീക്കുകാരിൽ നിന്നും കറാഹിസാർ പട്ടണം മോചിപ്പിച്ച തുർക്കി പട്ടാളക്കാർക്കു വേണ്ടി എല്ലാ പള്ളികളിലും പ്രത്യേകം പ്രാർഥന അല്ലാഹുവിന് നന്ദി പറഞ്ഞുകൊണ്ട് നടത്തുകയുണ്ടായി. കടപ്പുറത്തെ കമ്പിയാപ്പീസിനു സമീപം പൊതുസമ്മേളനം നടത്തുകയും ചെയ്തു.

മലബാറിലെ ഖിലാഫത്തു കമ്മിറ്റിയുടെ ഇരുന്നൂറോളം വരുന്ന ശാഖകളിൽ എൺപതും കോഴിക്കോടായിരുന്നു. യൂണിഫോറം ധരിച്ച ഇരുപതിനായിരം ഖിലാഫത്ത് വളണ്ടിയർമാരിൽ 8000 ത്തോളംപേർ കോഴിക്കോട്ടുകാരായിരുന്നു.

**തുർക്കിയെന്ന വിശുദ്ധ നാടും കോഴിക്കോട്ടെ മുസ്ലിംകളും**

ഖിലാഫത്ത് കമ്മിറ്റികൾ തുർക്കി സംരക്ഷണവും മറ്റു സാമൂഹ്യ പരിപാടികളുമായി പ്രവർത്തിച്ചുകൊണ്ടിരുക്കുമ്പോഴും കോഴിക്കോട്ടെ പൗരപ്രമുഖരും തുർക്കിയുടെ സംരക്ഷണത്തിനായി ശബ്ദമുയർത്തിക്കൊണ്ടിരുന്നു. ഇന്ത്യയിലെ മുസ്ലിംകൾ തുർക്കി രാജ്യത്തിനും സുൽത്താനും വേണ്ടി നിലകൊള്ളുന്നുവെന്ന് ബ്രിട്ടീഷ് സർക്കാർ സംശയിക്കാതിരുന്നില്ല. ലോക മഹായുദ്ധത്തിൽ ബ്രിട്ടനോട് സഹകരിക്കാനും സഹായിക്കാനും 1914 നവമ്പർ മാസത്തിൽ ഹൈദരാബാദ് നൈസാമും, ബ്രിട്ടീഷ് ചക്രവർത്തിക്കുവേണ്ടി ഇന്ത്യാ വൈസ്റോയിയും ഇന്ത്യൻ മുസ്

## പരസ്യം

**ഫോർട്ട് സെന്റ് ജോർജ് 1914 നവമ്പർ 2-ാം തീയതി** നമ്പർ 573: താഴെ പറയുന്ന അറിയിപ്പ് എല്ലാവരുടേയും അറിവിനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു: ഗ്രേറ്റ് ബ്രിട്ടന് വ്യസനം വരത്തക്ക വിധത്തിൽ കോപഹേതു ഇല്ലാതെയും കൽപ്പിച്ചു കുട്ടിയുള്ള ശത്രു ഗവർമെന്റിന്റെ പ്രവൃത്തികൊണ്ടും ഗ്രേറ്റ് ബ്രിട്ടനും തുർക്കിയും ഉണ്ടാക്കിയിട്ടുള്ളത് നിമിത്തം മത സംഘർഷമായ യാതൊരു കാര്യവും ഉൾപ്പെട്ടിട്ടില്ലാത്ത ഒരു യുദ്ധത്തിൽ, രാജാവിന്റെ ഗവർമെന്റിന്റെ നിലയെ പറ്റി തിരുമേനിയുടെ ഏറ്റവും രാജഭക്തിയുള്ള മുസൽമാൻ പ്രജകൾക്ക് യാതൊരു തെറ്റിദ്ധാരണയും ഉണ്ടാവാതിരിപ്പാൻ വേണ്ടി മെസെപ്പൊട്ടോമിയയിലെ പരിശുദ്ധ ദേവാലയങ്ങളും ജറുസലേമും അറബിക്കെട്ടും ഉൾപ്പെടെ അറേബ്യയിലെ പുണ്യസ്ഥലങ്ങളെ പറ്റിയും മറ്റും ജനങ്ങളുടെ അറിവിനായി താഴെ പറയും പ്രകാരം പരസ്യം ചെയ്യുന്നതിന് ചക്രവർത്തി മഹാരാജാവിന്റെ ഗവർമേന്റ് രാജാ പ്രതിനിധി (വൈസ്റോയി) അവർകളെ അധികാരപ്പെടുത്തിയിരിക്കുന്നു.

മേൽപറഞ്ഞ പുണ്യസ്ഥലങ്ങളിലേക്കും ദേവാലയങ്ങളിലേക്കും തീർഥ യാത്ര പോകുന്നവർക്കും ഹജ്ജ് യാത്രക്കാർക്കും യാതൊരു തടസ്സവും യുദ്ധമുള്ളകാലത്തോളം ഉണ്ടായിരിക്കുന്നതല്ല. പുണ്യസ്ഥലങ്ങളും മറ്റും കപ്പൽ സൈന്യങ്ങളും കരസൈന്യവും അക്രമിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നതല്ല. ചക്രവർത്തി മഹാരാജാവിന്റെ ഗവർമെന്റ് ആവശ്യപ്പെട്ട പ്രകാരം പരന്ത്രീസ് രാജ്യത്തെയും റഷ്യ, ഫ്രാൻസ് രാജ്യത്തേയും ഗവർമെന്റുകൾ ഇത് പോലെതന്നെയുള്ള ഉറപ്പുകൾ കൊടുത്തിരിക്കുന്നു.

(എ. ബട്ടർ വൊർത്ത് ആക്ടിംങ്ങ് ചീഫ് സെക്രട്ടറി)

***1914ൽ ലോക മഹായുദ്ധത്തോടനുബന്ധിച്ച് മുസ്ലിം പുണ്യസ്ഥലങ്ങളെ സംരക്ഷിക്കുമെന്ന് മുസ്ലിംകൾക്ക് ഉറപ്പ് നൽകുന്ന ബ്രിട്ടീഷ് വൈസ്റോയിയുടെ പരസ്യം***

ലിംകളോട് അപേക്ഷിക്കുന്നതിനും മുമ്പ് തന്നെ കോഴിക്കോട്ടെ മുസ്‌ലിംകൾ സ്വന്തം സർക്കാറിന് പിന്തുണ പ്രഖ്യാപിച്ചു കഴിഞ്ഞിരുന്നു.

ബ്രിട്ടീഷ് രാജ്യമുൾക്കൊള്ളുന്ന ബാൾക്കൺ രാജാക്കന്മാരുടെ ചേരിയും, മുസ്‌ലിം രാജ്യമായ തുർക്കി മറു ചേരിയിലുമായി ഒന്നാം ലോകമഹായുദ്ധമുണ്ടായതിനെ തുടർന്ന് 1912 നവമ്പർ 24-ാം തീയതി ഞാറാഴ്ച്ച പ്രസിഡന്റ് മുത്തുക്കോയ തങ്ങളുടെ അദ്ധ്യക്ഷതയിൽ ഒരു സഭ സമ്മേളിക്കുകയും യുദ്ധത്തിൽ മുറിവേറ്റ തുർക്കി ഭടന്മാരെ സഹായിക്കാൻ ഒരു ഫണ്ട് രൂപീകരിക്കുകയും ചെയ്തു.

ഒരു ഭാഗത്ത്, ഭരിക്കുന്ന ഭരണാധികാരിയോടുള്ള അനുസരണം മറുഭാഗത്ത് യുദ്ധത്തിൽ പരുക്കേറ്റ തുർക്കി രാജ്യത്തെ മുസ്‌ലിം സഹോദരന്മാരോടുള്ള സഹതാപവും രണ്ടും വ്യക്തമായി പ്രഖ്യാ പിക്കുന്ന കോഴിക്കോട്ടെ മുസ്‌ലിംകളുടെ ധീരമായ തീരുമാനങ്ങൾ ബ്രിട്ടീഷ് ഭരണകൂടത്തെ തെല്ലൊന്ന് അലോസരപ്പെടുത്താതിരുന്നില്ല. 1914 ൽ ലോക മഹായുദ്ധത്തോടനുബന്ധിച്ച് സഭ പാസ്സാക്കിയ നാലു പ്രമേയങ്ങൾ ഇങ്ങനെയായിരുന്നു.

1. ഏഷ്യാമൈനർ അന്യായമായി അടക്കുവാൻ ശ്രമിച്ച ക്രൂരമായ ഗ്രീക്ക് സൈന്യത്തോട് ആശ്ചര്യകരമായ വിധത്തിൽ പൂർണ വിജയം നേടിയ പൗരുഷത്തോടുകൂടിയ തുർക്കി സൈന്യത്തേയും ബഹുമാനപ്പെട്ട ഖാസി മുഹമ്മദ് മുസ്തഫാ കമാൽ പാഷ അവർകളെയും കോഴിക്കോട്ടെ മുസ്‌ലിംകളുടെ ഈ പൊതുജനയോഗം ഹൃദയ പൂർവം അഭിനന്ദിച്ചുകൊള്ളുന്നു. കിത്സിങ്ങാന്റകത്ത് കുഞ്ഞഹമ്മദ് കോയ അഭിപ്രായപ്പെടുകയും കുത്തിരീമ്പത്ത് കോയസ്സൻ കോയ ഹാജി പിൻതാങ്ങുകയും ചെയ്തു.

2. ഉസ്മാനിയാ ദൗലത്തിന് ബഹുമാനമായും ന്യായമായും അതിന്റെ ഗുണാഭിവൃദ്ധിക്ക് യോജിക്കുന്നതായും ബ്രിട്ടീഷ് ഭരണത്തിന് കീഴിലുള്ള കോടാനുകോടി മുസ്‌ലിം പ്രജകളുടെ യഥാർഥമായ അഭിപ്രായ വികാരങ്ങൾക്കനുസരി ച്ചുള്ള ഒരു സന്ധി, തുർക്കിയുമായുണ്ടാക്കുവാൻ ഐക്യകക്ഷികളുടെ പ്രത്യേകിച്ച് ഗ്രേറ്റ് ബ്രിട്ടനും നിർവ്യാജം പരിശ്രമിക്കുമെന്ന് ഈ യോഗം ആശംസിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു. സി. എ.കുഞ്ഞിമൂസ്സ അഭിപ്രായപ്പെടുകയും പി. എസ്. മാമുക്കോയ ഹാജി പിന്താങ്ങുകയും ചെയ്തു.

3 ഇന്ന് പാസ്സാക്കിയ പ്രമേയങ്ങൾ ബഹുമാനപ്പെട്ട ഖാസി മുസ്തഫാ കമാൽ പാഷ അവർകളേയും ബഹുമാനപ്പെട്ട ഇന്ത്യയിലെ ഗവർണർ ജനറലായ വൈസ്റോയി അവർകളെയും അറിയിപ്പാൻ ഈ യോഗം പ്രസിഡന്റ് അവർകളെ അധികാരപ്പെടുത്തുന്നു. (പി. എം. ആറ്റക്കോയ തങ്ങൾ മുച്ചുന്തിയകത്ത് അബ്ദുല്ലക്കോയ ഹാജി പിന്താങ്ങുകയും ചെയ്തു.)

4. നമ്മുടെ ബഹുമാനപ്പെട്ട ഖലീഫയായ തുർക്കിയുടെ ജയത്തിന് വേണ്ടി പ്രാർഥിക്കുക (പ്രസിഡന്റ്)

1914 സപ്തമ്പർ 1-ാം തീയതി ഹിദായത്തുൽ ഇസ്‌ലാം സഭാഹാളിൽ ചേർന്ന മുസ്‌ലിംകളുടെ യോഗം കൈക്കൊണ്ട മറ്റു സുപ്രധാന തീരുമാനങ്ങൾ ഇവയായിരുന്നു.

നമ്മുടെ സഭ മുഖാന്തിരം കോഴിക്കോട്ടുകാരായ നമ്മുടെ വകയായി തുർക്കി സുൽത്താൻ അവർകൾക്ക് ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ യാതൊന്നും ചെയ്യരുതെന്ന് അപേക്ഷി ച്ചുകൊണ്ട് വി വരമറിയിക്കാൻ

## 1922 ൽ തുർക്കി സുൽത്താനായി അബ്ദുൽ മജീദിനെ തെരെഞ്ഞെടുത്ത വിവരം അറിയിക്കുന്ന നോട്ടീസ്

### നമ്മുടെ ഖലീഫത്തുൽ മുസ്‌ലിമീൻ അമീറുൽ മുഅ്മിനീൻ

അന്തരിച്ചു പോയ അമീറുൽ മുഅ്മിനീൻ അബ്ദുൽ അസീസ് ഖാൻ തിരുമനസ്സിന്റെ പുത്രനായ അബ്ദുൾ മജീദ് ഖാൻ തിരുമനസ്സുകൊണ്ട് ഖലീഫത്തുൽ മുസ്‌ലിമിനും അമീറുൽ മുഅ്മിനുമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഏക ഇലാഹ് തിരുമനസ്സിന്റെ ഭരണം ശുഭകരമാക്കുമാറാകട്ടെ. ഇനിമേൽ ഖുതുബയിൽ ഖലീഫയുടെ പേർ മേൽപ്രകാരം പറയേണ്ടതുണ്ട്. ഈ തിരഞ്ഞെടുപ്പിനെ അംഗീകരിച്ചു കൊണ്ട് മുസ്‌ലിം ലോകത്തെ പൊതുവായും തുർക്കികളെ പ്രത്യേകമായും സെൻട്രൽ ഖിലാഫത്ത് കമ്മിറ്റി അനുമോദിച്ചിരിക്കുന്നു. സുൽത്താൻ ഖാസി അബ്ദുൽ മജീദ് ഖാൻ തിരുനാമത്തെയാണ് മേലിൽ ഖുത്ബയിൽ പറയേണ്ടതെന്ന് മേപ്പടി കമ്മിറ്റി ആജ്ഞാപിക്കുകയും ചെയ്യുന്നു. തിരുമനസ്സിലെ സ്ഥാനാരോഹണം പൊതുവായി കൊണ്ടാടുവാൻ അടുത്ത പ്രത്യേക ദിനം നിശ്ചയിക്കുന്നതുമാണ്. ഈ തിരഞ്ഞെടുപ്പ് മുസ്‌ലിം ലോകത്തിനൊട്ടാകെ ഒരു സുപ്രകാശ ലക്ഷ്യമാണെന്ന് പ്രത്യേകം പറഞ്ഞു കൊള്ളുന്നു.

കേരള സംസ്ഥാന ഖിലാഫത്ത് സിക്രട്ടറി

Calicut
25-11- 1922.

Published by P. Hussain
For the Secretary

മുച്ചിൻ്റകത്ത് അബ്ദുല്ലക്കോയ ഹാജി അഭിപ്രായപ്പെട്ടു. കുഞ്ഞഹമദ് (കുഞ്ഞമ്മദാക്ക) അതിനെ അനുകൂലിച്ചു. എല്ലാവരും യോജിച്ചു. അത് പ്രകാരം വിവരം അറിയിക്കാൻ തീർച്ചപ്പെടുത്തി. സഭാ നാഥൻ എല്ലാ ജുമാഅത്ത് പള്ളിയിലും ബ്രിട്ടീഷിന് ജയം പ്രാപിക്കാൻ ഫാത്തിഹാ ഓതി ദുആചെയ്യാൻ താക്കീത് ചെയ്യുകയും കൽപ്പിക്കുകയും ചെയ്തു.

1919 സംപ്തമ്പർ 21-ാം തീയതി ലക്നോവിൽ ചേർന്ന ഇന്ത്യൻ മുസ്‌ലിം സഭയുടെ അഭ്യർഥന പ്രകാരം ഒക്ടോബർ 17-ാം തീയതി വെള്ളിയാഴ്ച്ച ഇന്ത്യയൊട്ടുക്കും ഖിലാഫത്ത് ദിവസമായി ദുഃഖദിനമായി ആചരിച്ചപ്പോൾ ഇവിടുത്തെ മുസ്‌ലിംകളും കടകൾ അടച്ചും സാധുക്കൾക്ക് ധർമം നൽകിയും നോമ്പു നോറ്റും വെള്ളിയാഴ്ച്ച എല്ലാ ജുമുഅത്ത് പള്ളികളിലും തുർക്കിക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്തു.

അന്നു വൈകുന്നേരം കമ്പിയാപ്പീസിന് സമീപത്ത് ചേർന്ന വമ്പിച്ച മഹാജന സമ്മേളനത്തിന്റെ സംഘാടകർ പുതിയ മാളിയക്കൽ മുത്തുക്കോയ തങ്ങൾ എം. എം. എച്ച് ജെ. എം ചോട്ടാണി, താർ മുഹമ്മദ് ഹാജി ആലി മുഹമ്മദ് (റങ്കീല) ലക്ഷ്മിദാസ് പുരുഷോത്തം സേഠു, യു. ഗോപാല മേനോൻ, കെ. മാധവൻ നായർ നാഗ്ജി അമർസി, ജവറാക്ക് ഹറക്ക് ചന്ദ് എന്നിവരാ യിരുന്നു.

യോഗം പാസ്സാക്കിയ പ്രമേയത്തിൽ ഇങ്ങനെ പറയുന്നു തുർക്കി രാജ്യത്തെ വിഭജിക്കാൻ പോകുന്നുവെന്നും മറ്റും കേൾക്കുന്ന കാര്യത്തിൽ യോഗത്തിനുള്ള കഠിനമായ വ്യസനം പ്രദർശിപ്പിക്കുകയും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പ്രതിനിധിയുടെ നിലയിൽ തുർക്കിയെ സംബന്ധിച്ച് പ്രധാന മന്ത്രി ലോയിഡ് ജോർജ് ചെയ്തതായ വാഗ്ദത്തം ചക്രവർത്തി മഹാരാജാവ് തിരുമനസ്സിലെ മുസൽമാൻ പ്രജകളുടെ മനസ്സിൽ വിശ്വാസം വീണ്ടും ജനിപ്പിക്കുമെന്നും ഈ യോഗം പൂർണമായും വിശ്വസിക്കുകയും ചെയ്യുന്നു.

ഖാസി സയ്യിദ് മുഹളർ ആറ്റക്കോയ തങ്ങൾ, ഖാസി പള്ളിവീട്ടിൽ മുഹമ്മദ് ഹാജി, പുതിയ മാളിയക്കൽ ആറ്റക്കോയ തങ്ങൾ (ഡിസ്ട്രിക്ക് ബോർഡ് മെംബർ) ഹസ്സൻകോയ ഹാജി, ഖാൻ സാഹിബ് ഹാജി, വി. അലി ബറാമി, കിൽസിങ്ങാന്റകത്ത് കുഞ്ഞഹമ്മദ് കോയ (എം എൽ സി) എന്നിവർ മുസ്‌ലിം പൊതുജന സഭയുടെ പേരിൽ 1922 ഒക്ടോബർ 22-ാം തീയതി വൈകുന്നേരം കടപ്പുറത്ത് വിളിച്ചു കൂട്ടിയ മുസ്‌ലിംകളുടെ യോഗം ഗ്രീക്കുകാരുമായുള്ള ഘോരയുദ്ധത്തിൽ തുർക്കികൾക്കുണ്ടായ വിജയത്തെ കൊണ്ടാടുവാനും മുസ്‌ലിംകളുടെ സന്തോഷവാർത്ത ഖാസി അബ്ദുൾ മജീദ് ഖാനെ കമ്പി മൂലം അറിയിക്കുവാനും തീരുമാനിച്ചു.

ബാൾക്കൻ രാജാക്കന്മാരും തുർക്കിയുമായി നടക്കുന്ന യുദ്ധത്തിൽ മുറിവേറ്റ മുസ്‌ലിം സഹോദരങ്ങളായ തുർക്കി ഭടന്മാരെ സഹായിക്കുന്നതിന് ഒരു വലിയ തുക പിരിച്ചയക്കാൻ 1922 നവമ്പർ 24-ാം തീയതി ഞായറാഴ്ച്ച ഹിദായത്തുൽ ഇസ്‌ലാം സഭാ ഹാളിൽ പ്രസിഡന്റ് മുത്തുക്കോയ തങ്ങളുടെ അദ്ധ്യക്ഷതയിൽ ചേർന്ന മുസ്‌ലിംകളുടെ യോഗം തീരുമാനമെടുത്തു.

1920 ജൂലായ് മാസത്തിൽ ഖിലാഫത്ത് കമ്മിറ്റി നിലവിൽ വന്നതിന് മുമ്പു തന്നെ ഹിദായത്തുൽ ഇസ്‌ലാം സഭയും മുസ്‌ലിംകളുടെ പൊതുസഭകളും തുർക്കി സംരക്ഷണത്തിലും മറ്റും താൽപര്യം കാണിച്ചിരുന്നു. ഖിലാഫത്ത് കമ്മിറ്റികൾ നിലവിൽ വന്നപ്പോൾ വിയോജിപ്പില്ലാതെ എല്ലാ സഹായങ്ങളും ഖിലാഫത്ത് പ്രസ്ഥാനത്തിന് നൽകി പോന്നു. ഒരു ഘട്ടത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിന്റെ ഗതിവേഗത്തിന് ഊക്ക്കൂട്ടിയിരുന്ന ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് കോഴിക്കോട്ടെ മുസ്‌ലിംകൾ നൽകി പോന്ന കനത്ത സംഭാവന വിസ്മരിക്കാനാവില്ല. ഇടക്കാലത്ത് ഖിലാഫത്തിന്റെ ആശയങ്ങൾക്ക് വിരുദ്ധമായൊരു പ്രത്യേക സാഹചര്യത്തിൽ 1921 ൽ മലബാർ കലാപം ഉണ്ടായെങ്കിലും, ആ കലാപത്തിന്റെ അഗ്നിജ്വാല കോഴിക്കോട്ടും പരിസരങ്ങളിലും ആളിപ്പടരാതെ സൂക്ഷിക്കാൻ ഖിലാഫത്ത് കമ്മിറ്റികളും മുസ്‌ലിം പൗരപ്രമുഖരും സാധാരണക്കാരും ശ്രമിച്ചു. ഇത് കോഴിക്കോട്ടെ മുസ്‌ലിംകൾക്ക് എന്നും അഭിമാനിക്കാൻ വക നൽകുന്നു.

1924 ൽ തുർക്കിയിൽ മുസ്തഫാ കമാൽ പാഷയുടെ നേതൃത്വത്തിൽ അന്നത്തെ സുൽത്താൻ ഹമീദ് ഖാനെ സ്ഥാനഭ്രഷ്ടനാക്കാനായി തുർക്കി റിപ്പബ്ലിക്കായി പ്രഖ്യാപിച്ചതോടെ മുസ്‌ലിംകൾക്ക് ലോക നേതൃത്വം നഷ്ടപ്പെട്ട പോലെയായി. ഖിലാഫത്തും അസ്തമിച്ചു.

## ഇഷ്ടമുള്ളവൻ വിശ്വസിക്കട്ടെ, നിർബന്ധമില്ല

വിശുദ്ധ ഖുർആൻ

പറയുക, അല്ലയോ ജനങ്ങളെ! നിങ്ങളെ നാഥനിൽ നിന്ന് ഇപ്പോളീ സത്യം നിങ്ങളിൽ വന്നെത്തിയിരിക്കുന്നു. ആകയാൽ, ആർ സന്മാർഗത്തിൽ ചരിക്കുന്നുവോ അത് അവന്റെ ആത്മാവിന്ന് വേണ്ടിമാത്രം, ആർ വഴിതെറ്റുന്നു, അത് അതിന്റെ നഷ്ടത്തിലേക്കും, ഞാൻ നിങ്ങളുടെ മേൽ ഒരു സൂക്ഷിപ്പുകാരനായി നിയോഗിക്കപ്പെട്ടില്ല. നിനക്ക് വെളിപ്പെടുത്തപ്പെട്ടതിനെ നീ പിന്തുടരുക. അല്ലാഹു വിധി കൽപ്പിക്കുന്നത് വരെ ഉറച്ചു നിൽക്കുകയും ചെയ്യുക. അവൻ വിധികർത്താക്കളിൽ ഉത്തമനത്രെ

**(വി: ഖുർആൻ 10:109-11)**

# പ്രാപഞ്ചിക സത്യങ്ങൾ തേടുന്ന ഫ്രാൻസിസ് മാർപാപ്പ



**129.14** കോടിയോളം വിശ്വാസികളുള്ള ലോകത്തിലെ ഏറ്റവും വലിയ സംഘടിത മതവിഭാഗമായ കത്തോലിക്കാ സഭയുടെ പരമോന്നത മതമേലദ്ധ്യക്ഷൻ അഭിവന്ദ്യ ഫ്രാൻസിസ് മാർപാപ്പ ക്രിസ്തു സഭ നുറ്റാണ്ടുകളോളമായി പുലർത്തി വരുന്ന വിശ്വാസങ്ങളും സമീപനങ്ങളും ആധുനിക കാലത്തിനനുസൃതമായി ഒന്നൊന്നായി തിരുത്തി വരികയാണ്. അദ്ദേഹത്തിന്റെ ഏറ്റവും പുതിയ വിപ്ലവകരമായ വെളിപ്പെടുത്തൽ ക്രിസ്തുസഭ നാളിതുവരെ വിശ്വസിച്ചിരുന്ന പ്രപഞ്ചസങ്കൽപ്പത്തിന്റെ അടിത്തറ തകർക്കുന്നതും പുതിയ ശാസ്ത്ര ധാരണകളുമായി ഒത്തുപോകാൻ സഭയെ പ്രേരിപ്പിക്കുന്നതുമാണ്. അതായത് സർവാംഗീകൃത ശാസ്ത്ര സങ്കൽപ്പങ്ങളായ പ്രപഞ്ചോൽപ്പത്തിയെ സംബന്ധിച്ച മഹാവിസ്ഫോടന സിദ്ധാന്തവും(Big Bang Theory) മനുഷ്യോൽപത്തിയെക്കുറിച്ചുള്ള പരിണാമ സിദ്ധാന്തവും(Evolution Theory) സത്യമാണെന്നാണ് ഫ്രാൻസിസ് മാർപാപ്പയുടെ പക്ഷം. ഇത്തരം ശാസ്ത്ര സത്യങ്ങളെ വെച്ചുപൊറുപ്പിക്കാത്ത ചരിത്രമുള്ളകത്തോലിക്കാ സഭ അവസാനം ശാസ്ത്രത്തിന് കീഴടങ്ങിയിരിക്കുന്നു. ബോദ്ധ്യമായ ശാസ്ത്ര സത്യങ്ങൾ വിളിച്ചു പറഞ്ഞ മഹാന്മാരായ ശാസ്ത്ര പ്രതിഭകളെ വേദപുസ്തകത്തിന്റെ സാധൂകരണമില്ലാത്തതിനാൽ പീഡിപ്പിക്കുകയും ഇങ്കിസിഷന് വിധേയമാക്കുകയും ചെയ്ത ഇരുണ്ട നുറ്റാണ്ടുകളുടെ ശിഷ്ടാഭരണങ്ങളെല്ലാം ഫ്രാൻസിസ് മാർപാപ്പ വലിച്ചെറിയുകയാണ്. വത്തിക്കാനിൽ സ്ഥാനത്യാഗം ചെയ്ത ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പയുടെ അർധകായ പ്രതിമ അനാവരണം ചെയ്യുന്ന ചടങ്ങിലാണ് മാർപാപ്പ ഈ പ്രഖ്യാപനം നടത്തിയത്. അഭിവന്ദ്യ മാർപാപ്പയുടെ പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ ഇങ്ങനെയാണ്.

***‘ഉൽപത്തി പുസ്തകത്തിൽ സൃഷ്ടിയെകുറിച്ച് വായിക്കുമ്പോൾ എന്തിനും പോന്ന മാന്ത്രികവടി കയ്യിലുള്ള ഇന്ദ്രജാലക്കാരനാണ് ദൈവമെന്ന് തോന്നാം. വാസ്തവത്തിൽ അങ്ങനെയല്ല. ജീവജാലങ്ങളെ സൃഷ്ടിച്ച ദൈവം അവ ഒരോന്നിന്റെയും വികാസ പരിണാമങ്ങൾക്കുള്ള ആന്തരിക നിയമങ്ങളും നൽകി. ആ നിയമങ്ങളനുസരിച്ചു പൂർണതയിലേക്ക് വികസിക്കാൻ ഒരോന്നിനെയും അനുവദിച്ചു. പ്രപഞ്ചത്തിലെ എല്ലാ ഓരോ ജീവജാലങ്ങൾക്കും സ്വയം ഭരിക്കാനുള്ള അധികാരവും ദൈവം നൽകി. ഒപ്പം എല്ലാ യാഥാർഥ്യങ്ങൾക്കും അസ്തിത്വം നൽകികൊണ്ട് അവയിൽ തന്റെ സാന്നിദ്ധ്യം തുടരുമെന്നും ഉറപ്പു നൽകി. അങ്ങനെ സൃഷ്ടി എന്ന പ്രക്രിയ നൂറ്റാണ്ടുകളും സഹസ്രസഹാബ്ദങ്ങളും തുടർന്നു ഒടുവിൽ നാം ഇപ്പോൾ ആയിരിക്കുന്ന ഘട്ടത്തിലെത്തി.***

***ദൈവം ഇന്ദ്രജാലക്കാരനല്ല. എല്ലാ അസ്തിത്വങ്ങൾക്കും ജീവൻ നൽകുന്ന സ്രഷ്ടാവാണ്. പ്രപഞ്ചമെന്നത് സ്നേഹത്താൽ സൃഷ്ടി കർമം നടത്തുന്ന പരമോന്നത പ്രമാണത്തിൽ നിന്ന് നേരിട്ടു ജനിച്ചതാണ്. പ്രപഞ്ചത്തിന്റെ ഉൽപത്തിക്ക്കാരണമെന്ന് കരുതപ്പെടുന്ന ബിഗ്ബാങ്ങ് അഥവാ മഹാവിസ്ഫോടനം ദൈവത്തിന്റെ ഇടപെടലിന് വിരുദ്ധമായ സിദ്ധാന്തമല്ല.***

*മറിച്ച് ആ ഇടപെടൽ അടിവര യിട്ടുറപ്പിക്കുന്ന ഒന്നാണ്. പ്രകൃതി യിലെ പരിണാമ പ്രക്രിയ പ്രപഞ്ചം ദൈവസൃഷ്ടിയാണെന്ന ആശ യത്തോട് പൊരുത്തമില്ലാത്തതല്ല. പരിണാമത്തിന് വിധേയമാകാനുള്ള ജീവജാലങ്ങളുടെ സൃഷ്ടി നടന്നാ ലേ പരിണാമ പ്രക്രിയ ഉള്ളൂ.'* (മലയാള മനോരമ 2014 ഒക് ടോബർ 30)

പ്രത്യുൽപന്നമതിയായ മാർ പാപ്പയുടെ പ്രസ്താവനയെ ഇരു പത്തൊന്നാം നൂറ്റാണ്ടിലെത്തിയ ക്രൈസ്തവ ലോകത്തിന് അംഗീ കരിക്കാതെ നിവർത്തിയില്ല. പക്ഷേ പ്രശ്നം അവിടെ തീരുന്നില്ല ക്രൈസ് തവ വിശ്വാസത്തിന്റെ ആധികാരിക പ്രമാണമായ ബൈബിൾ വചനങ്ങ ളെ ക്രൈസ്തവ ലോകം എങ്ങനെ വ്യാഖ്യാനിക്കും എന്നതാണ് വിശ്വാ സി ലോകം കാത്തിരിക്കുന്നത്. ബൈബിൾ 'ഉൽപത്തി' എന്ന പേരിൽ തന്നെയുള്ള പ്രഥമാദ്ധ്യാ യത്തിൽ മാന്ത്രിക വടിയുള്ള ഇന്ദ്ര ജാലക്കാരനെ പോലെ ദൈവം നടത്തിയ പ്രപഞ്ച സൃഷ്ടി എന്ന് മാർപാപ്പ പറഞ്ഞ ഉൽപ്പത്തി കഥയു ടെ വിവരണം ഇപ്രകാരമാണ്:

*'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി ആകൃ തിയില്ലാത്തതും ശൂന്യവുമായിരു ന്നു. ഇരുട്ട് ആഴത്തിന്മീതെ പരന്നി രുന്നു. ദൈവ ചൈതന്യം ജലോപരി ചലിച്ചുകൊണ്ടിരുന്നു. ദൈവം അരുൾ ചെയ്തു. വെളിച്ചമുണ്ടാക ട്ടെ വെളിച്ചമുണ്ടായി. വെളിച്ചം നല്ലത് എന്ന് ദൈവം കണ്ടു. ദൈവം വെളിച്ചത്തെ ഇരുട്ടിൽ നിന്നും വേർതിരിച്ചു. വെളിച്ചത്തിനു പകൽ എന്നും ഇരുട്ടിന് രാത്രി എന്നും പേരിട്ടു വിളിച്ചു. സന്ധ്യയായി. ഉഷസായി. ഒന്നാം ദിവസം. ദൈവം അരുൾ ചെയ്തു: 'വെള്ളങ്ങളുടെ മദ്ധ്യേ ഒരു കമാനം ഉണ്ടാവട്ടെ ഈ കമാനം വെള്ളത്തെ വെള്ളത്തിൽ നിന്നും വേർതിരിക്കട്ടെ.' അങ്ങനെ ദൈവം കമാനം സൃഷ്ടിച്ചു. കമാന ത്തിന് മുകളിലുള്ള വെള്ളത്തെ കീഴിലുള്ള വെള്ളത്തിൽനിന്ന് വേർതിരിച്ചു. അത് അങ്ങനെ ആയി.*


ഫ്രാൻസിസ് മാർപാപ്പ

*കമാനത്തിന് ദൈവം ആകാശം എന്ന് പേരു വിളിച്ചു. സന്ധ്യയായി. ഉഷസ്സായി രണ്ടാം ദിവസം. ദൈവം അരുൾ ചെയ്തു: 'ആകാശത്തിനു കീഴിലുള്ള വെള്ളമെല്ലാം ഒരിടത്ത് ഒരുമിച്ചു ചേരട്ടെ; വരണ്ട കര കാണാറാകുകയും ചെയ്യട്ടെ' അത് അങ്ങനെ ആയി. വരണ്ടകരയെ ഭൂമി എന്നും ദൈവം വിളിച്ചു. അത് നല്ലത് എന്ന് ദൈവം കണ്ടു. ദൈവം അരുൾ ചെയ്തു: 'ഭൂമിയിൽ സസ്യ ങ്ങൾ മുളച്ചു വളരട്ടെ: അതതു തരം വിത്തുള്ള ചെടിയും കുരുവോ ടുകൂടിയ ഫലം കായ്ക്കുന്ന വൃക്ഷ ങ്ങളും' അത് അങ്ങനെ ആയി. ഭൂമി സസ്യങ്ങൾ മുളപ്പിച്ചു; അതത് തരം വിത്തുകളോടു കൂടിയ ചെടികളും അതതു തരം കുരുവോടുകൂടിയ ഫലം കായ്ക്കുന്ന വൃക്ഷങ്ങളും അതു നല്ലത് എന്ന് ദൈവം കണ്ടു... സന്ധ്യയായി ഉഷസ്സായി മൂന്നാം ദിവസം..*


*ദൈവം അരുൾ ചെയ്തു: 'പകലും രാത്രിയും വേർതിരിക്കാൻ ആകാശ കമാനത്തിൽ ജ്യോതി സ്സുകൾ ഉണ്ടാവട്ടെ. അവ ഋതു ക്കളും ദിനങ്ങളും വത്സരങ്ങളും തിരിച്ചറിയാനുള്ള അടയാളങ്ങളായി രിക്കട്ടെ അവ ആകാശകമാനത്തിൽ ഭൂമിക്കു വെളിച്ചം നൽകുന്ന ജ്യോ തിസ്സുകളായിരിക്കട്ടെ.' അത് അങ്ങ നെ ആയി. അങ്ങനെ രണ്ട് വലിയ ജ്യോതി സ്സുകളെ ദൈവം സൃഷ്ടി ച്ചു. അവയിൽ വലുപ്പമേറിയതിനെ പകൽ ഭരിക്കാനും വലുപ്പം കുറ ഞ്ഞതിനെ രാവു ഭരിക്കാനും ആക്കി. ദൈവം നക്ഷത്രങ്ങളെയും സൃഷ്ടി ച്ചു. ഭൂമിമേൽ പ്രകാശം നൽകാനും പകലും രാത്രിയും ഭരിക്കാനും ഇരുളിൽ നിന്ന് പ്രകാശത്തെ വേർ തിരിക്കാനുമായി ദൈവം അവയെ പ്രകാശ കമാനത്തിൽ സ്ഥാപിച്ചു. അതു നല്ലത് എന്ന് ദൈവം കണ്ടു സന്ധ്യയായി ഉഷസ്സായി. നാലാം ദിവസം. .... വെള്ളത്തിൽ ധാരാളം ജീവികൾ ഉണ്ടാവട്ടെ. പക്ഷികൾ ഭൂമിക്ക് മുകളിൽ ആകാശക മാനത്തിൽ പറക്കട്ടെ ....സന്ധ്യ യായി ഉഷസ്സായി അഞ്ചാം ദിവ സം.... ജീവികളെ അതിന്റെ ഇന ങ്ങൾ അനുസരിച്ച് കന്നുകാ ലികളെ യും ഇഴജന്തുക്കളെയും കാട്ടുമൃഗ ങ്ങളുടെയും അവയുടെ ഇനങ്ങള നുസരിച്ച് ഭൂമി ഉൽപ്പാദിപ്പിക്കട്ടെ. സന്ധ്യയായി, ഉഷസ്സായി അഞ്ചാം ദിവസം.*

*........നമ്മുടെ പ്രതിച്ഛായയിൽ നമുക്ക് സദൃശനായി മനുഷ്യനെ നാം നിർമിക്കട്ടെ... ആണും പെണ്ണു മായി അവരെ സൃഷ്ടിച്ചു.... താൻ സൃഷ്ടിച്ചതിനെയെല്ലാം ദൈവം കണ്ടു. അഹോ വളരെ നന്ന്. സന്ധ്യ യായി ഉഷസ്സായി ആറാം ദിവസം..... അങ്ങനെ..... ഏഴാം ദിവസം ദൈവം വിശ്രമിച്ചു. (ഉൽപ്പത്തി 1:* 1 – 31, 2: 1 –3 )

തീർച്ചയായും വിശുദ്ധ ബൈബിൾ ജനകോടികളെ സാത്വിക ജീവിതത്തിലേക്ക് നയിച്ച നിരവധി ദൈവിക വെളിപാടുകൾ അടങ്ങിയ പരിശുദ്ധ ഗ്രന്ഥമാണ്. പക്ഷേ നിറയെ പൂർവാപരവൈരുദ്ധ്യങ്ങൾ നിറഞ്ഞു നിൽക്കുന്ന ഈ ഉൽപത്തി വിവരണം മാർപാപ്പ പറഞ്ഞത് പോലെ കൈയിൽ മാന്ത്രിക വടി യുമായി നിൽക്കുന്ന ഇന്ദ്രജാല ക്കാരന്റെ സൃഷ്ടി പോലെ അയു ക്തികതയും ക്രമരാഹിത്യവും മുഴുക്കെകാണാം. ഇവിടെ ഒന്നാം വചനത്തിൽ സൃഷ്ടിക്ക് മുമ്പ് ഇരുട്ടായിരുന്നു എന്നത് നമുക്ക് അംഗീകരിക്കാം പക്ഷേ പ്രപഞ്ച സൃഷ്ടിയുടെ ഈ പ്രഥമ ഘട്ടത്തിൽ ജലത്തിന്റെ സാന്നിദ്ധ്യത്തിന് എന്ത് വിശദീകരണമാണുള്ളത്? സൃഷ്ടിയുടെ ഒന്നാം ദിവസം തന്നെ വെളിച്ചവും പകലും സന്ധ്യയു

മെല്ലാം ഉണ്ടായതായി പറയുന്നു. പക്ഷേ നാലാം ദിവസമാണ് (14 ാം വചനം) ആകാശ കമാനത്തിൽ ജ്യോതിസുകൾ (സൂര്യനടക്കമുള്ള നക്ഷത്രങ്ങൾ) പ്രത്യക്ഷപ്പെടുന്നത്. സൂര്യനെ വലംവെച്ചുള്ള ഭൂമിയുടെ സ്വയം ഭ്രമണ ഫലമായാണ് രാപ്പകലുകൾ ഉണ്ടാവുന്നത്. ആ സൂര്യൻ വരുന്നതിന് മുമ്പേ പകലും സന്ധ്യയും വെളിച്ചവും എങ്ങനെ യുണ്ടായി.?!! ‘വെള്ളങ്ങളുടെ മദ്ധ്യേ ഒരു കമാനം ഉണ്ടാവട്ടെ’ എന്നതാണ് മറ്റൊരു വചനം. കമാനത്തിന് മുകളിലും അടിയിലുമായി ഇങ്ങനെ വെള്ളത്തെ ദൈവം വേർതിരിച്ചു നിർത്തി എന്നത് ദൈവം സൃഷ്ടിച്ച പ്രപഞ്ച നിയമത്തിന് തന്നെ എതിരാണ്. മൂന്നാം ദിവസമാണ് ദൈവം ചെടികളും ഫലങ്ങളും വൃക്ഷലതാദികളുമെല്ലാം സൃഷ്ടിക്കുന്നത്. നമ്മെ അതിശയ പ്പെടുത്തുന്ന കാര്യം സസ്യങ്ങൾ സൃഷ്ടിച്ച് ഒരു ദിവസം കഴിഞ്ഞ് നാലാം ദിവസമാണ് സൂര്യനെ ദൈവം സൃഷ്ടിക്കുന്നത് എന്ന താണ്. സൂര്യനിൽ നിന്നുള്ള പ്രകാശത്താൽ പ്രകാശ സംശ്ലേ ഷണം നടക്കാതെ എങ്ങനെ സസ്യ ങ്ങളും വൃക്ഷലതാദികളും ഫലമൂ ലാദികളും ഉണ്ടായി? ഇങ്ങനെ നിരവധി പൂർവാപര വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണ് ബൈബിളിലെ പ്രപഞ്ച സൃഷ്ടി വിവരണം. ഈ സൃഷ്ടികഥ മതസാഹിത്യങ്ങളിലെ ശൈലിപോലെ ആലങ്കാരിക മായെടുത്താൽ തന്നെ പ്രപഞ്ച സൃഷ്ടി വിവരണങ്ങളിൽ കാണുന്ന ക്രമഭംഗം ദൈവിക വചനങ്ങളുടെ ഉന്നതമായ യുക്തിക്രമത്തിന് നിര ക്കുന്നതല്ല.

പരശതം വർഷങ്ങളായി നിരവധി വിശ്വാസികൾക്ക് മാർഗദർശനം നൽകിയ നിരവധി വിശുദ്ധ വചന ങ്ങൾ ഉൾക്കൊള്ളുന്ന മഹിത ഗ്രന്ഥ മാണ് വിശുദ്ധ ബൈബിൾ. വിശുദ്ധ ഖുർആൻ ബൈബിളിനെ വളരെ ആദരപൂർവം സ്മരിക്കുന്നത് കാണുക: ***‘ജനങ്ങൾക്ക് മാർഗദർശ കമായി ഇതിന് മുമ്പ് തൗറാത്തും ഇഞ്ചീലും (ബൈബിൾ പഴയ നിയമ വും പുതിയ നിയമവും) അവൻ ഇറക്കിയിട്ടുണ്ട്. സത്യാസത്യ വിവേ ചക ദൃഷ്ടാന്തവും അവൻ ഇറക്കി യിട്ടുണ്ട്.’ (വി. ഖുർആൻ 3:4)*** പക്ഷേ ബൈബിളിൽ ചില പ്രക്ഷിപ്തങ്ങൾ കടന്നു കൂടുകയും കാലികമായ ധാരണകൾക്കനുസൃതമായി മനുഷ്യ കരങ്ങളാലുള്ള ചില കൂട്ടി ചേർപ്പു കൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട് എന്നത് പറയാതിരിക്കാൻ വയ്യ. അത് കൊണ്ടാണ് പ്രപഞ്ച സ്രഷ്ടാവിന്റെ പ്രകൃതി നിയമങ്ങളും ബൈബിൾ വചനങ്ങളും തമ്മിൽ ചില പൊരുത്ത ക്കേടുകൾ ഉണ്ടായത്.




പ്രപഞ്ചോൽപത്തി മതങ്ങൾക്കും ശാസ്ത്രത്തിനും താൽപര്യമുള്ള വിഷയങ്ങളാണ്. ദൈവത്തിന്റെ സ്രഷ്ടാവ് എന്ന പ്രധാന ഗുണം പ്രകാശിപ്പിക്കാൻ വേദഗ്രന്ഥങ്ങളി ലെല്ലാം ദൈവത്തിന്റെ സൃഷ്ടി കർമത്തെകുറിച്ച് പരാമർശമുണ്ട്. ശാസ്ത്ര സാഹിത്യത്തിന്റെ രീതിയി ലും ശൈലിയിലും അതിന്റെ രീതി ശാസ്ത്രത്തിലുമല്ല വേദഗ്രന്ഥങ്ങ ളുടെ പ്രതിപാദനം. മനുഷ്യൻ അവ ന്റെ പഞ്ചേന്ദ്രിയ ജ്ഞാനം കൊണ്ട് കൂടുതൽ അറിയുന്ന പ്രത്യക്ഷ പ്രപഞ്ചം സൃഷ്ടിച്ചത് അദൃശ്യനായ ദൈവമാണെന്നും അവന്റെ സൃഷ്ടി പ്രക്രിയയുടെ വിവരണവും മതത്തി ന്റെ ദാർശനിക ഭാഷയിൽ എല്ലാ മുഖ്യ മതഗ്രന്ഥങ്ങളിലും കാണാം. വിശുദ്ധ ഖുർആനും ഉൽപത്തി സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. അത് പരാമർശിക്കുന്നതിന് മുമ്പായി ബൈബിളിനെയും മറ്റു മതഗ്രന്ഥ ങ്ങളെയും അപേക്ഷിച്ച് വിശുദ്ധ ഖുർആനുള്ള വസ്തു നിഷ്ഠവും അനിഷേധ്യവുമായ ചില പ്രത്യേക തകൾ വിവരിക്കേണ്ടതുണ്ട്. മൂല ഭാഷയായ അറബിയിൽ തന്നെ നില കൊള്ളുന്ന ഗ്രന്ഥമാണ് ഖുർആൻ. അതിൽ കൂട്ടിചേർക്കലുകളോ തിരു ത്തലുകളോ ഉണ്ടായിട്ടില്ല എന്നത് അനിഷേധ്യമായ ഒരു ചരിത്ര വസ്തുതയാണ്. സമ്പൂർണമായും നിരുക്താധിഷ്ഠിതവും തനത് ധാതു പദ സമ്പത്തും ഏറ്റവും സൂക്ഷ്മമായ അർഥപ്രകാശന ശേഷിയു മുള്ള അറബി ഭാഷയിലാണ് വിശുദ്ധ ഖുർആൻ അവതരിച്ചത്. നിലവിലു ള്ള മുഖ്യമത ഗ്രന്ഥങ്ങൾ അവതരി ക്കപ്പെട്ട ഭാഷകളെല്ലാം നിലവിൽ ഭാഷാ വ്യവഹാരങ്ങളില്ലാത്ത മൃതഭാ ഷകളാണ്. അവയിലെ വചനങ്ങളി ലെ അർഥ ഗ്രഹണത്തിന് നിഘണ്ടു ക്കളുടെ സഹായമോ പണ്ഡിതന്മാരു ടെ സമ്മതിയോ ആവശ്യമാണ്. എന്നാൽ ഇസ്‌ലാം മതം ജനിക്കു ന്നതിന് മുമ്പ് ചരിത്രാതീതകാലം മുതൽ നിലനിൽക്കുന്ന അറബി ഭാഷ ഇന്നും 36 കോടി ജനങ്ങളുടെ സജീവമായ സംസാരഭാഷയും വൈജ്ഞാനിക വ്യവഹാര ഭാഷയും സാഹിത്യ ഭാഷയുമാണ്. ഇതാണ് ഖുർആൻ അവതരിച്ച അറബി ഭാഷയുടെ പ്രത്യേകതകൾ. ഏതാ യാലും ഇത്രയും പ്രത്യേകതകൾ വിശുദ്ധ ഖുർആനല്ലാതെ മറ്റു മതഗ്ര ന്ഥങ്ങൾക്ക് അവകാശപ്പെടാൻ സാദ്ധ്യമല്ല. ഈ പശ്ചാത്തലത്തി ലാണ് ഒരു ദൈവിക ഗ്രന്ഥം എന്ന നിലക്ക് പ്രപഞ്ചോൽ പത്തിയെക്കു റിച്ചും മനുഷ്യോൽപത്തിയെക്കുറി ച്ചുമുള്ള ഖുർആൻ വചനങ്ങൾ നാം സൂക്ഷ്മമായി പരിശോധിക്കുന്നത്.

ശാസ്ത്ര സത്യങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ അത്ഭുതകരമായ കണിശതയോടെ പ്രപഞ്ച വിജ്ഞാനീയത്തെക്കുറിച്ചുള്ള ഖുർആന്റെ പരാമർശങ്ങൾ അനുവാചകനെ വിസ്മയിപ്പിക്കുന്നതാണ്. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ആണ് വിശുദ്ധ ഖുർആന്റെ ഇത്തരം ദിവ്യാത്ഭുതങ്ങൾ ആധുനിക കാലത്ത് ലോകത്തിന് പരിചയപ്പെടുത്തിയത്.

മഹാവിസ്ഫോടനത്തിലൂടെയാണ് പ്രപഞ്ചമുണ്ടായത് എന്നത് സർവാംഗീകൃതമായ ശാസ്ത്ര സിദ്ധാന്തമാണ്. അതിന് ശേഷം കോടാനുകോടി വർഷങ്ങളിലെ വികാസ പരിണാമങ്ങളിലൂടെയാണ് ഗാലക്സികളും ഗോളവ്യവസ്ഥകളും സൗരയൂഥവും ഭൂമിയുമെല്ലാം രൂപംകൊണ്ടത്. മഹാവിസ്ഫോടന സിദ്ധാന്തത്തിന് 'ബിഗ്ബാങ്ങ് ' എന്ന പേര് വന്നത് എങ്ങനെ യാണെന്ന് നോക്കാം. മഹാവി സ്ഫോടനം അഥവാ മഹാവിഭേദന സിദ്ധാന്തത്തിന് 'ബിഗ് ബാങ്ങ് 'എന്ന പേരിട്ടത് പ്രഗല്ഭ ബ്രിട്ടീഷ് ജ്യോതി ശാസ്ത്രകാരനായ ഫ്രെഡ് ഹോയലാണ് (1915 – 2001). 1949 ൽ ബി. ബി. സി. യിൽ ഒരു റേഡിയോ പ്രഭാഷണത്തിനിടയിൽ മഹാവിസ്ഫോടന സിദ്ധാന്തത്തെ പരിഹസിക്കാൻ അദ്ദേഹം നൽകിയ പേരാണ് ബിഗ്ബാംഗ് (Big Bang Theory) എന്നത്. ഫ്രെഡ് ഹോയൽ മഹാവിസ്ഫോടന സിദ്ധാന്തം അംഗീകരിച്ചിരുന്നില്ലെന്ന് മാത്രമല്ല അദ്ദേഹം ആ പരികൽപനയുടെ വിമർശകനുമായിരുന്നു. പകരം പ്രപഞ്ചം സ്ഫോടനത്തിലൂടെ ഉദ്ഭവിച്ചതല്ല മറിച്ച് എല്ലാ കാലത്തും ഇങ്ങനെ തന്നെയായിരുന്നു എന്നും കരുതുന്ന സ്ഥിര സ്ഥിതി സിദ്ധാന്തത്തിന്റെ (Steady State Theory) വക്താവായിരുന്നു അദ്ദേഹം. അന്ന് മഹാവിസ്ഫോടന സിദ്ധാന്തത്തിന് ഉപോദ്ബലകമായ തെളിവുകളും ലഭ്യമല്ലായിരുന്നു. 1929 ൽ എഡ്വിൻ ഹബിൾ (Edwin Hubble) എന്ന അമേരിക്കൻ ശാസ്ത്രജ്ഞനാണ് മഹാ വിസ്ഫോടന സിദ്ധാന്തത്തിന് അനിഷേധ്യമായ തെളിവ് കണ്ടെത്തിയത്. അതായത് ഗാലക്സികളിൽനിന്നും വരുന്ന പ്രകാശത്തിന്റെ സ്പെക്ട്രം പരിശോധിച്ച് ഗാലക്സികൾ തമ്മിൽ അകലുകയാണെന്ന് അദ്ദേഹം കണ്ടെത്തി. പ്രപഞ്ചം വികസിക്കുകയാണെന്ന സിദ്ധാന്തം ആവിഷ്ക്കരിച്ചത് എഡ്വിൻ ഹബിൾ ആണെന്നാണ് പലരും ധരിച്ചിരിക്കുന്നത്. വാസ്തവത്തിൽ ബെൽജിയം അസ്ട്രോണമറും ഊർജതന്ത്ര പ്രൊഫസറുമായ ജോർജ് ലിമെട്രി (Georges Lemaître,)യാണ് പ്രപഞ്ചം വികസിക്കുകയാണെന്ന സിദ്ധാന്തം ആദ്യമായി മുന്നോട്ട് വെച്ചത്. അന്ന് തെളിവുകളില്ലാത്തതിനാൽ അദ്ദേഹത്തിന്റെ ഈ നിഗമനം നിഷ്ക്കരുണം തള്ളപ്പെടുകയാണ് ചെയ്തത് എഡ്വിൻ ഹബിൾ ഈ സിദ്ധാന്തത്തിന് ശക്തമായ തെളിവുകൾ നൽകിയതിന് ശേഷമാണ് മഹാവിസ്ഫോടന സിദ്ധാന്തം അംഗീകരിക്കപ്പെട്ടത്. എന്ന് മാത്രം.

പ്രപഞ്ചത്തിൽ ആദിയിലുണ്ടായ ഈ മഹാസംഭവത്തെ വിശേഷിപ്പിക്കാൻ ശാസ്ത്രം തിരഞ്ഞെടുത്ത പദങ്ങളെല്ലാം തന്നെ, അതിസങ്കീർണവും ജ്ഞാന സമ്പൂർണവുമായ ആ പ്രതിഭാസത്തിന്റെ ഉള്ളടക്കവും അർഥപൂർണതയും പ്രകാശിപ്പിക്കുന്നില്ല എന്നതാണ് സത്യം. സ്ഫോടനം, പൊട്ടിത്തെറി ( Explosion, Big Bang) എന്നീ പദങ്ങൾ ക്രമരഹിതാവസ്ഥ ജനിപ്പിക്കുന്ന പ്രതിഭാസം എന്നാണർഥം ലഭിക്കുക. മാത്രമല്ല പരിഹാസദ്യോതകമായിട്ടാണ് ആ നാമകരണം തന്നെ നടന്നതെന്നും നാം കണ്ടുവല്ലോ. സ്ഫോടനം ക്രമബദ്ധതയിൽ നിന്ന് ക്രമരാഹിത്യത്തേയും വ്യവസ്ഥയിൽ നിന്ന് അവ്യവസ്ഥയേയും നാശത്തേയും സൂചിപ്പിക്കുന്നു. എല്ലാ ഭാഷാപദകോശങ്ങളും നമ്മുടെ നിത്യ ജീവിതത്തിലെ അനുഭവങ്ങളും ഈ അർഥ കൽപ്പനയാണ് ഈ പദങ്ങൾക്ക് നൽകുന്നത്. എന്നാൽ പ്രപഞ്ചോൽപത്തിക്ക് കാരണമായ ആ മഹാസംഭവത്തിൽ സംഭവിച്ചത് അതല്ല. മഹാവിസ്ഫോടനത്തിന് ശേഷം വ്യവസ്ഥാപിതവും ക്രമബദ്ധവുമായ ഒരു പ്രപഞ്ച വ്യവസ്ഥ രൂപം കൊള്ളുകയായിരുന്നു. മനുഷ്യനടക്കമുള്ള ജൈവലോകംവു സസ്യലോകവും അതിസൂക്ഷ്മമായ ഈ ക്രമവ്യവസ്ഥയുടെ ഏറ്റവും ഉന്നതമായ മാതൃകകളാണ്. അതുകൊണ്ടാണ് മഹാവിസ് ഫോടനം എന്ന് പേരിട്ട ഈ പ്രതിഭാസത്തിന് ശാസ്ത്രം നൽകിയ പേര് അപൂർണമാണെന്ന് സൂചിപ്പിക്കാനാഗ്രഹിക്കുന്നത്. ദൈവിക വചനങ്ങളായ വിശുദ്ധ ഖുർആൻ ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് അർഥപൂർണമായ പദങ്ങളിലൂടെ പ്രപഞ്ചോൽപത്തിയെകുറിച്ച് നടത്തിയ വിസ്മയകരമായ വിവരണം ശ്രദ്ധേയമാണ്. പ്രാപഞ്ചിക പ്രതിഭാസങ്ങൾ പ്രതിപാദിക്കുന്നതിൽ ദൈവ വചനവും മനുഷ്യ വചനവും തമ്മിലുള്ള വ്യത്യാസവും ഇവിടെ പ്രകടമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

***'വിശ്വാസികൾ കാണുന്നില്ലേ, ആകാശവും ഭൂമിയും സംഘനിതമായ ഒരു പിണ്ഡ(രത്ഖൻ) മായിരുന്നു. പിന്നീട് നാം അതിനെ പിളർത്തുകയും (ഫത്ഖൻ) ചെയ്തു. ജീവനുള്ള എല്ലാറ്റിനേയും നാം ജലത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് അവർ വിശ്വസിക്കുന്നില്ലേ'(21:31)***

'രത്ഖൻ' (സംഘനിത പിണ്ഡം) ഫത്ഖൻ (പിളർത്തൽ, വിഭേദനം) എന്നീ രണ്ട് പദങ്ങളാണ് ഇവിടെ ഖുർആൻ ആദിമ പ്രപഞ്ചാവസ്ഥ വിവരിക്കാൻ ഉപയോഗിക്കുന്നത്. 'രത്ഖൻ'എന്ന അറബി പദത്തിന്റെ അർഥം ഏതെങ്കിലും വസ്തുക്കൾ കൂടി ചേർന്ന് സംയോജിച്ച് ((Infusion) തുടർന്ന് ഒന്നായി തീരുന്നതിനെ സൂചിപ്പിക്കുന്നു. ( coming together of something and consequent infusion into a single entity) 'രത്ഖൻ' എന്ന പദത്തിന് സമ്പൂർണമായ ഇരുട്ട് എന്നും അർഥമുണ്ട്. രത്ഖൻ എന്ന പദം ബ്ലാക്ക് ഹോൾ പോലെ അതിസാന്ദ്ര മായ ഒരു ബിന്ദുവിൽനിന്നാണ് പ്രപഞ്ചം പൊട്ടിവിടർന്നതെന്ന സൂചന നൽകുന്നു. രണ്ടാമത്തെ 'ഫത്ഖൻ' എന്ന പദം

പിളരുക , പൊട്ടി വിടരുക, വിഭേദനം വിടർന്നകലുക മുതലായ നേകം അർത്ഥങ്ങളിൽ ഉപയോഗിക്കപ്പെടുന്നു. കൂടുതൽ അർഥഗ്രഹണത്തിന് E.W. Lane ന്റെ Arabic English Lexicon എന്ന ആധികാരിക അറബി നിരുക്ത നിഘണ്ടു നോക്കുക. ബിഗ് ബാംഗ് അഥവാ മഹാവിസ്ഫോടനത്തിന് ശേഷം പ്രപഞ്ചം വികസിക്കുകയാണുണ്ടായത്. ഏകദേശം 13 ആയിരം കോടി വർഷങ്ങൾക്ക് മുമ്പ്, ഈ ബൃഹദ് പ്രപഞ്ചം ഒരു ബിന്ദുവിൽ അതിസാന്ദ്രമായി നിന്നിരുന്ന ഘട്ടത്തിലാണ് മഹാവിസ്ഫോടനം സംഭവിച്ചത്. അപ്പോൾ ഊഷ്മാവ് 10 നോട് 35 പൂജ്യം ചേർത്താലുള്ളയത്ര അളവ് ഡിഗ്രിയിലായിരുന്നു. ഈ അവസ്ഥയിൽ ഏകോപിച്ചു നിന്ന അടിസ്ഥാന ബലങ്ങൾ സ്ഫോടനം കഴിഞ്ഞ് തൊട്ടടുത്ത നിമിഷത്തിൽ പ്രപഞ്ചം കുറച്ച് തണുത്തപ്പോൾ നാല് അടിസ്ഥാന ബലങ്ങളായി പിരിയുക യും പ്രപഞ്ചം വികസിക്കു ന്നതോടൊപ്പം കാലക്രമേണ അവ സൂക്ഷ്മ കണങ്ങളും ആറ്റങ്ങളും മൂലകങ്ങളും പദാർഥങ്ങളും മുതൽ ഗോളവ്യവസ്ഥകൾ വരെ രൂപം കൊള്ളുകയും അങ്ങനെ വികസിക്കുന്ന ബൃഹദ് പ്രപഞ്ചം നിലവിൽ വരികയുമുണ്ടായി. മഹാവിസ്ഫോട നത്തിന് ശേഷം വികസിച്ചു കൊണ്ടിരിക്കുന്ന പ്രപഞ്ചത്തെപറ്റി വിശുദ്ധ ഖുർആൻ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്.

***'ആകാശത്തെ നമ്മുടെ ശക്തി കൊണ്ട് (അയ്ദിൻ ) നാം സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിച്ചു കൊണ്ടിരിക്കു ന്നവനാണ് (മൂസിഊൻ )'(51:48)***

ഇന്ന് കാണുന്ന പ്രപഞ്ചം അനന്തമായി വികസിക്കുന്നില്ല. വികാസം ഒരു ഘട്ടമെത്തിയാൽ പ്രപഞ്ചത്തിന് മദ്ധ്യേയുള്ള ഉൾകേന്ദ്രത്തിലെ ഗുരുത്വബലം വികാസ ബലത്തിന് മീതെ മേൽകൈ നേടുകയും വികാസം നിലക്കുകയും നേർവിപരീത ദിശയിൽ ചുരുങ്ങാനാരംഭിക്കുകയും ചെയ്യും. വികസിച്ച പ്രപഞ്ചം ഒരു വൈചിത്ര ബിന്ദുവിലേക്ക് ചുരുങ്ങുന്നു ഇതിനെ മഹാവിഭേദനം (Big Crunch) എന്ന് പറയുന്നു. നേരത്തെ പറഞ്ഞ 'രത്ഖൻ' എന്ന പദം പ്രപഞ്ചത്തിന്റെ ഈ അവസ്ഥ സൂചിപ്പിക്കുന്നു. വീണ്ടും വൈചിത്ര ബിന്ദുവിലെത്തിയ പ്രപഞ്ചം മഹാവിസ്ഫോടനത്തിന് ശേഷം വീണ്ടും വികസിക്കുകയും പിന്നീട് ചുരുങ്ങുകയും ചെയ്യുന്നു. ഇത്തരമൊരു പ്രപഞ്ച മാതൃകയാണ് ആധുനിക കോസ്മോളജി മുന്നോട്ട് വെക്കുന്നത്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

***'നാം ആകാശത്തെ ഗ്രന്ഥത്താളുകൾ ചുരുട്ടുന്നത് പോലെ ചുരുട്ടുന്ന നാളിനെ ഓർക്കുക.'(21:105)***

വീണ്ടും ഖുർആൻ പറയുന്നു:

***'സൃഷ്ടിപ്പിനെ ആദ്യം നാം ആരംഭിച്ചത് പോലെ നാം അത് ആവർത്തിക്കും. നമുക്ക് ബാദ്ധ്യതപ്പെട്ട ഒരു വാഗ്ദാനമാണത്. തീർച്ചയായും അത് നാം നിറവേറ്റുക തന്നെ ചെയ്യും' (21:105)***

അത്പോലെ മനുഷ്യനടക്കമുള്ള ഭൂമിയിലെ ജീവികളെല്ലാം തന്നെ സുദീർഘമായ കാലഘട്ടങ്ങൾ താണ്ടി വിവിധ ദശകളിലൂടെ പരിണമിച്ചാണ് നിലവിൽ വന്നത്. മുസ്ലിംകളടക്കം ഭൂതകാല യാഥാസ്ഥിതികത്വത്തിന്റെ തടവറയിൽ കഴിയുന്ന മഹാഭൂരിപക്ഷം മതപണ്ഡിതന്മാരും അനുയായികളും ഇത്തരത്തിലല്ല സൃഷ്ടി നടന്നത് എന്ന് വാദിക്കുന്നവരാണ്. ദൈവം ഒരു നിമിഷം കൊണ്ട് തന്റെ സൃഷ്ടികളെ സൃഷ്ടിച്ചു പൂർണതയിലെത്തിച്ചു എന്നാണ് അവരുടെ വിശ്വാസം. ഇതിനെയാണ് സൃഷ്ടി വാദം (Creationalism) എന്ന് പറയുന്നത്. മറിച്ച് പ്രപഞ്ചവും അതിലുള്ളതെല്ലാം പരിണമിച്ചാണ് ഉണ്ടായത് എന്നാണ് പരിണാമവാദം (Evolutionism) പറയുന്നത്. ദൈവം മാന്ത്രികനെ പോലെ ഞൊടിയിടക്കുള്ളിൽ ആകാശഭൂമികൾ സൃഷ്ടിക്കുകയും കുശവനെപ്പോലെ പൊടിമണ്ണ് കുഴച്ച് പൊടുന്നനെ മനുഷ്യ സൃഷ്ടി നടത്തുകയും ചെയ്തു എന്ന വിശ്വാസ സങ്കൽപ്പം വിഡ്ഢികളെ അതിശയിപ്പിക്കാൻ മാത്രമേ ഉതകൂ. ദൈവത്തിന്റെ സൃഷ്ടിപ്പിൽ കാലം എന്ന ഘടകം വരുത്തുന്ന അതിസൂക്ഷ്മമായ രൂപാന്തരങ്ങളും അത് വെളിപ്പെടുത്തുന്ന ധൈഷണിക സ്ഫുരണങ്ങളും പ്രപഞ്ച നിയമത്തിന്റെ സങ്കീർണമായ ആവിഷ്ക്കാരങ്ങളും ദൈവത്തിന്റെ അത്ഭുതാവഹമായ ആസൂത്രണ വൈഭവവും ധൈഷ ണികബദ്ധമായ അഭികൽപ്പനയും (Intectual Designing) ഒന്നുംതന്നെ സൃഷ്ടിവാദം വെളിപ്പെടുത്തുന്നില്ല. താഴ്ന്ന വിജ്ഞാന നിലവാരമുള്ള മതപൗരോഹിത്യവും അന്ധമായി അനുകരിക്കുന്ന വിശ്വാസികളും മാത്രമേ സൃഷ്ടി വാദം കണ്ണുമടച്ചു വിശ്വസിക്കൂ. മനുഷ്യ പരിണാമ ത്തെപറ്റിയുള്ള ആധുനിക ശാസ്ത്രീയ പരികൽപന ആയിരത്തിനാന്നൂറു വർഷങ്ങൾക്ക് മുമ്പ് വിശുദ്ധ ഖുർആൻ വ്യക്തമായി പ്രതിപാദിക്കുന്നത് കാണുക.

***'നിങ്ങൾക്കെന്ത് പറ്റി? അല്ലാഹുവിന്റെ മഹത്വത്തെ വകവെച്ചു കൊടുക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? വാസ്തവത്തിൽ അവൻ നിങ്ങളെ വിവിധ രൂപങ്ങളിലും നിരന്തരം മാറിക്കൊണ്ടിരുന്ന അവസ്ഥയിലും സൃഷ്ടിച്ചില്ലേ? (വക്കദ് ഖലക്കക്കും അത്വാറാ)' (71: 14 15)***

മറ്റൊരു വചനം ഇപ്രകാരമാണ്

***'നിങ്ങൾ തീർച്ചയായും ഒരു ഘട്ടത്തിൽ നിന്നും മറ്റൊരു ഘട്ടത്തിലേക്ക് പോയിക്കൊണ്ടിരി ക്കുന്നു' (84:20)***

ചുരുക്കത്തിൽ അപ്രതിരോധ്യമായ ആധുനിക വിജ്ഞാനത്തിന്റെ വെളിച്ചത്തെ പഴകിപ്പൊളിഞ്ഞ കാരണവന്മാരുടെ വിശ്വാസം കൊ ണ്ട് തടഞ്ഞു നിർത്താൻ സാദ്ധ്യമല്ല. ബുദ്ധിമാന്മാരും പ്രബുദ്ധരുമായ ആധുനി കർക്ക് മുമ്പിൽ യക്ഷിക്കഥകളെപ്പോലെ വിചിത്രമായ ഇത്തരം ഉൽപത്തി കഥകൾ വിലപ്പോവില്ല. അത്തരം വാദങ്ങൾ മുന്നോട്ടു വെക്കുന്ന മതങ്ങളിൽനിന്നും ആളുകൾ ക്രമേണ പിരിഞ്ഞു പോകും. യൂറോപ്പിലെ പ്രബുദ്ധരായ സമൂഹ ത്തിൽ ക്രിസ്തുമതത്തിന് സംഭവിച്ചത് അതാണ്. ഇവിടെ ബൈബിൾ

വചനങ്ങൾക്ക് വ്യക്തമായ വ്യാഖ്യാനങ്ങൾ നൽകാതെ തന്നെ പുരോഗമന വാദിയും പ്രത്യുൽപന്നമതിയുമായ അഭിവന്ദ്യ ഫ്രാൻസിസ് മാർ പാപ്പ സഭാപാരമ്പര്യത്തെ തിരുത്തിക്കൊണ്ട് അനിഷേധ്യമായ ആധുനിക വിജ്ഞാനത്തോടൊപ്പം മഹാവിസ്ഫോടന സിദ്ധാന്തവും പരിണാമ സിദ്ധാന്തവും അംഗീകരിച്ചിരിക്കുകയാണ്. ആധുനിക ശാസ്ത്രത്തെ വെല്ലുന്ന രീതിയിൽ വിശുദ്ധ ഖുർആൻ ആയിരത്തിനാനൂറു വർഷങ്ങൾക്ക് മുമ്പേ പ്രപഞ്ച വിജ്ഞാനീയങ്ങളെ പറ്റി വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തെളിവുകളുടെ അഭാവത്തിൽ അത് അംഗീകരിക്കാൻ മുസ്‌ലിംകൾക്ക് കഴിയാതെ പോയത് അപരാധമായി കാണാനാവില്ല. ഉരുണ്ട ഭൂമിക്കു മേൽ പരന്നതാണെന്ന മൗഢ്യ വിശ്വാസവുമായി വളരെക്കാലം ജീവിച്ചതിന് ശേഷമാണല്ലോ മനുഷ്യന് ഭൂമി ഗോളമാണെന്ന് പ്രത്യക്ഷ തെളിവുകളുടെ അടിസ്ഥാനത്തിൽ ബോദ്ധ്യമായത്. എന്നാൽ ആധുനിക ശാസ്ത്രം മഹാവിസ്ഫോടന സിദ്ധാന്തവും പരിണാമവാദവും ശരിയാണെന്ന് നിരവധി തെളിവുകൾ നിരത്തി പറഞ്ഞിട്ടും വിശുദ്ധ ഖുർആനിൽ അതിന്റെ സുവ്യക്തമായ തെളിവുകളുണ്ടായിട്ടും ക്രിസ്ത്യാനികളെക്കാൾ ഭക്തിയോടെ പഴയ ബൈബിൾ കഥകളിൽ അള്ളിപിടിച്ചിരിക്കുന്ന മുസ്‌ലിം ഉലമാക്കന്മാരുടെ കഥയാണ് ഏറെ കഷ്ടം!!. വേദഗ്രന്ഥം കയ്യിലുണ്ടായിട്ടും അതിലെ വചനങ്ങളുടെ യഥാർഥ അർഥം ഗ്രഹിക്കാത്ത പൂർവ വേദക്കാരായ ഒരു കൂട്ടരെ പറ്റി ഖുർആൻ പറഞ്ഞത് മുസ്‌ലിം ഉലമാക്കന്മാർക്കും ബാധകമല്ലേ? അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

***'തൗറാത്ത് ചുമത്തപ്പെട്ടിട്ട് അത് (വേണ്ട വിധം ഗ്രഹിച്ച്) ചുമന്നിട്ടില്ലാത്തവരുടെ സ്ഥിതി, ഏടുകൾ ചുമക്കുന്ന കഴുതയുടെ സ്ഥിതി പോലെയാണ്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ച ജനതയുടെ ഉപമ എത്ര മോശം!' (62:6)***

## അനുസ്മരണം

### പ്രവീൺ കുമാർ



കോഴിക്കോട് ജമാഅത്ത് അംഗമായിരുന്ന പ്രവീൺകുമാർ (37) നവമ്പർ 5-ാം തീയതി പാലാഴിയിലെ വസതിയിൽ വെച്ച് വഫാത്തായി. ഇന്നാലില്ലാഹി... കോഴിക്കോട് നഗരസഭ ടൗൺ പ്ലാനിങ്ങ് വിഭാഗം ഓഫീസിൽ ജീവനക്കാരനായിരുന്നു. മത വിഷയങ്ങളെപറ്റി ഗവേഷണ ബുദ്ധിയോടെ ആഴത്തിൽ പഠിക്കുന്ന ഒരു നല്ല വായനക്കാരനായിരുന്നു പ്രവീൺ കുമാർ. അല്ലാഹുപരേതന് മഅ്ഫിറത്തും ജന്നത്തുംനൽകി അനുഗ്രഹിക്കട്ടെ (ആമീൻ) സഹോദരങ്ങൾ. പ്രമീള, പ്രമോദ്.

### തഹ്‌രീക്ക് ജദീദ് 81–ാം വർഷ വിളംബരം

ഖലീഫത്തുൽ മസീഹ് തഹ്‌രീക്ക് ജദീദ് നടപ്പ് വർഷത്തെ വിളംബരം ബൈത്തുൽ ഫുത്തൂഹ്, ലണ്ടനിൽ ജുമുഅ ഖുത്ബയിൽ നിർവഹിച്ച് കൊണ്ട് ദീനിന്റെ പ്രചാരണത്തിനും സൃഷ്ടി സേവനത്തിനുമുള്ള മഹത്തായ ത്യാഗമാണ് തഹ്‌രീക്ക് ജദീദ് എന്ന് ഉൽബോധിപ്പിക്കുകയും അനുഗൃഹീതമായ ഈ പദ്ധതിയിൽ കൂടുതൽ സജീവമായി പങ്കുകൊള്ളുവാൻ അഹ്മദികളെ ആഹ്വാനം ചെയ്യുകയുമുണ്ടായി.
ഖുത്ബയിൽ ഹുസൂർ (അയ്യദഹു..) തഹ്‌രീക്ക് ജദീദ് പദ്ധതിയിൽ ഇന്ത്യയിൽ കൂടുതൽ ധന ത്യാഗം ചെയ്ത സംസ്ഥാനങ്ങൾ യഥാക്രമം കേരളം, തമിഴ്നാട്, കർണാടക, ആന്ധ്ര പ്രദേശ്, ജമ്മുകാശ്മീർ.... മുതലായ സംസ്ഥാനങ്ങളാണെന്നും. ഏറ്റവും കൂടുതൽ ചന്ദ വസൂലാക്കിയ ഇന്ത്യയിലെ ആദ്യത്തെ ആറു ജമാഅത്തുകൾ യഥാക്രമം കരുളായി, കോഴിക്കോട്, ഹൈദരാബാദ്, ഖാദിയാൻ, കണ്ണൂർ, പഴയങ്ങാടി എന്നിങ്ങനെയുമാണെന്നും പരാമർശിക്കുകയുണ്ടായി. തഹ്‌രീക്ക് ജദീദിൽ പങ്കെടുത്തവർക്കെല്ലാം വേണ്ടി ഹുസൂർ തിരുമനസ്സ് പ്രത്യേകം പ്രാർഥിക്കുകയുണ്ടായി.

ഖുർശിദ് അഹ്മദ് അൻവർ
വക്കീലുൽ മാൽ തഹ്‌രീക്ക് ജദീദ്,
ഖാദിയാൻ.

### വഖ്ഫ് ജദീദ്: സാമ്പത്തിക വർഷം അവസാനിക്കാറായി

ഖാദിയാൻ: വഖ്ഫെ ജദീദിന്റെ 2014 സാമ്പത്തിക വർഷം ഡിസംബർ 31 ന് അവസാനിക്കുകയാണ്. വഖ്ഫ് ജദീദ് വാഗ്ദാനം അടച്ചുതീർത്തിട്ടില്ലാത്തവർ ഡിസംബർ 15 നുള്ളിൽ അടച്ചു തീർക്കണമെന്ന് വഖ്ഫ് ജദീദ് അഖിലേന്ത്യാ സെക്രട്ടറി അറിയിക്കുന്നു.






നവംബർ 30 ന് ബൈത്തുൽ ഖുദ്ദൂസ്സ് അങ്കണത്തിൽ വെച്ച് നടന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കോഴിക്കോട് ജില്ലാ സമ്മേളനത്തോടനുബന്ധിച്ചു നടന്ന പൊതു സമ്മേളനം മൗലാനാ മുനീർ അഹ്മദ് സാഹിബ് ഖാദിം (അഡീഷനൽ നാസിർ ഇസ്‌ലാഹ് വ ഇർഷാദ്, ഭാരത്) ഉദ്ഘാടനം ചെയ്യുന്നു. അമീറലി സാഹിബ് (മലപ്പുറം ജില്ലാ അമീർ) കെ. എം. അഹ്മദ് കോയ സാഹിബ് (കോഴിക്കോട് അമീർ), അബ്ദുൽ വക്കീൽ സാഹിബ് നിയാസ് (പഞ്ചാബ്), നൂറുദ്ദീൻ സാഹിബ് അമീർ കോയമ്പത്തൂർ). തുടങ്ങിയവർ സമീപം




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ എറണാകുളം ജില്ലാ സമ്മേളനം അഡീഷണൽ നാസിർ ഇസ്‌ലാഹ് വ ഇർശാദ് സൗത്ത് ഇന്ത്യ, മൗലാനാ മുനീർ അഹ്മദ് സാഹിബ് ഖാദിം ഉദ്ഘാടനം ചെയ്യുന്നു. മുഹമ്മദ് സഫ്‌വാൻ, മൗലവി ടി.എം.മുഹമ്മദ്, ബി.ബി.അഹ്മദ് കബീർ, പി.കെ.ശാഹുൽ ഹമീദ്, മൗലാനാ അബ്ദുൽ വക്കീൽ നിയാസ്, പി. മുഹമ്മദ് കരീം തുടങ്ങിയവർ സമീപം




മണ്ണാർക്കാട് നടന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പാലക്കാട് ജില്ലാ സമ്മേളനത്തിൽ അഡ്വ. എൻ. ശംസുദ്ദീൻ എം.എൽ.എ. സംസാരിക്കുന്നു.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ 2013-2014 കാലയളവിൽ മികച്ച പ്രവർത്തനത്തിന് ദേശീയതലത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ പാലക്കാട് ജില്ലാ പ്രവർത്തക സമിതി അംഗങ്ങൾ



ഇന്ത്യയിലെ പ്രവർത്തന മികവിനുള്ള ജില്ലാ മജ്‌ലിസുകളിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ പാലക്കാട് ജില്ലയിലുള്ള മജ്‌ലിസ് അൻസാറുല്ലാഹ് ഭാരവാഹികൾ നാസിർ അഅ്‌ലാ, അൻസാറുല്ലാഹ് ഭാരത് സദർ എന്നിവർക്കൊപ്പം.

**Published on 7 December 2014** Vol: 86 Issue.**12**
Price Rs. **20/-**
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14, Licensed to Post Without Prepayment
**The Sathyadoothan Monthly**




# ഇസ്‌ലാമും സമകാലീനപ്രശ്നങ്ങളും

Islam's Response to Cotemporary Issues
എന്ന വിഖ്യാത കൃതിയുടെ പരിഭാഷ

ഗ്രന്ഥകർത്താ
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
(ഖലീഫത്തുൽ മസീഹ് നാലാമൻ)
വിവ: എ. എം മുഹമ്മദ് സലീം
പ്രസാ: മജ്‌ലിസ് അൻസാറുല്ലാഹ്, കേരള

യാഥാസ്ഥിതിക മുസ്‌ലിം മതവീക്ഷണങ്ങളെ സമൂലം തിരുത്തിക്കുറിച്ചു കൊണ്ട് ദൈവിക വചനങ്ങളിലെ വിസ്മയകരമായ യുക്തിയും നീതിയും പ്രമാണമാക്കി ലോക പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ.

മുസ്‌ലിം ചിന്തകന്മാർ വഴിമുട്ടി നിൽക്കുന്ന ആധുനിക സമസ്യകൾക്ക് പ്രമാണികവും അനിഷേധ്യവുമായ ഉത്തരങ്ങൾ!

വിമർശകരെ കീഴടക്കുന്ന വാദമുഖങ്ങൾ!

ആധുനിക ചിന്തകരെ നിഷ്പ്രഭമാക്കുന്ന നിരീക്ഷണങ്ങൾ!

സമകാലീനലോകസമൂഹത്തിന് സ്വർഗീയ ശാന്തിയുടെ നൂതനപ്രകാശം പകരുന്ന അത്യപൂർവവും ഉജ്ജ്വലവുമായ കൃതി!!

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)